മുണ്ടെങ്കിലും വികസന പ്രവർത്തനത്തിനുള്ള ഫണ്ടുകളും നമ്മൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. അത് അങ്ങോട്ടും ഇങ്ങോട്ടും പൂരകമായി കിടക്കുന്ന പ്രശ്നങ്ങളാണ്. ഏതായാലും നമുക്ക് ചർച്ച ചെയ്യുന്ന അവസരത്തിൽ ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാം. അതുകൊണ്ട് ബഡ്ജറ്റ് ചർച്ച നിർത്തിവയ്ക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: Government may constitute എന്നാണ്. It is not mandatory.

VI. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. പരിമിതികൾക്കകത്തു നിന്നുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടേയും ശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു ബഡ്ജറ്റാണിത്. തൊഴിൽ രഹിതർ മുതൽ പെൻഷൻ പറ്റിയവരെ സംരക്ഷിക്കുന്ന കാര്യം നമ്മുടെ ധനകാര്യ മന്ത്രി മറന്നിട്ടില്ല. ജീവനക്കാർക്ക് ഡി. എ. കുടിശ്ശിക ഇനത്തിൽ 812 കോടി രൂപ കൊടുക്കുന്നു. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം കൂടിയിരിക്കുകയാണ്. സഭയിൽത്തന്നെ പലരും പലപ്പോഴും പറഞ്ഞിട്ടുള്ളത് പാവപ്പെട്ടവരുടെ പരാതിയുമായി ചെല്ലുമ്പോൾ കാര്യങ്ങളൊന്നും നടക്കുന്നില്ല, അത് ചുവപ്പുനാടയിൽ കുടുങ്ങിയിരിക്കുകയാണ് എന്നാണ്. ആ ഉത്തരവാദിത്വം ജീവനക്കാർ ഏറ്റെടുക്കണം. മറ്റ് കാര്യങ്ങളിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. പെൻഷൻകാർക്കും ഡി. എ. കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് പണ്ടൊക്കെ 55-60 വയസ്സാകുമ്പോൾ പെൻഷൻ പറ്റുന്നയാൾ മരിച്ചുപോകുമായിരുന്നു. ഇന്നിപ്പോൾ ദീർഘായുസ്സാണ്. കുടിശ്ശിക ഡി. എ. ഒന്നിച്ച് കൊടുക്കണം. അതിൽ ലുബ്ധം പാടില്ല. പിന്നെ മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനരാരംഭിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് പുറപ്പെടുവിച്ച പ്രകടന പത്രികയിൽ പെൻഷൻകാരുടെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷേ ഇതുവരെ നിയമിച്ചിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കണം. തൊഴിൽ രഹിതർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. 127 കോടി രൂപയാണ് അതിന് വകയിരുത്തിയിട്ടുള്ളത്. മംഗല്യ ഇൻഷുറൻസ് പദ്ധതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ മംഗല്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് നല്ലതാണ്. സ്വാതന്ത്ര്യം കിട്ടിയ ശേഷം നമ്മൾ കുറെ പേർ സുഖിച്ച് നടക്കുന്നു. ഗ്രാമങ്ങളിലേക്ക് ഇറങ്ങി ചെന്നാൽ കടവരാന്തയിലും കടത്തിണ്ണയിലും ഉറങ്ങുന്നയാളുകളാണ് കൂടുതൽ. അങ്ങനെയുള്ള ആളുകൾക്ക് കൊടുക്കുന്ന ഇൻഷുറൻസ് പദ്ധതി സ്വാഗതാർഹമാണ്. പക്ഷേ ഇതിനു മുമ്പ് ഒരു ലക്ഷം യുവാക്കൾക്ക് കാർഷിക രംഗത്ത് പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻവേണ്ടി ആയിരം രൂപ വരെ അവരിൽനിന്ന് ഈടാക്കിയിരുന്നു. 14 കോടി രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്. ഇപ്പോൾ തൊഴിലും ഇല്ല, പണവുമില്ല. ഇത് അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

യാകരുത്. അംഗവൈകല്യമുള്ളവർക്കുള്ള സഹായധനം വർദ്ധിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. അലക്ക്, ബാർബർ തൊഴിലാളികൾക്ക് പുതിയ ക്ഷേമപദ്ധതി വളരെ നല്ലതുതന്നെ. പക്ഷേ ഒരു കാര്യം ഗവൺമെന്റ് മറക്കുകയാണ്. കാലാകാലങ്ങളിൽ പഴയ തിരുവിതാംകൂർ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസായം കരുപ്പെട്ടി വ്യവസായമായിരുന്നു. എന്റെ അടുത്ത് ഇരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനൊക്കെ അറിയാം. ആലപ്പുഴയിൽ കരുപ്പെട്ടി വ്യവസായം നടക്കുന്നത്. അതിലെ തൊഴിലാളികളെ ഇന്ന് അവഗണിക്കുന്നു. സ്വാതന്ത്ര്യ സമര സേനാനികൾ തൊട്ട് ഇങ്ങേയറ്റം വരെയുള്ള ആളുകൾക്ക് പെൻഷൻ കൊടുക്കുന്നു. ഇപ്പോൾ വേറെയും ഒരുപാട് പെൻഷൻ കൊടുക്കുന്നു. റേഷൻകട നടത്തുന്നവർക്കും ആനുകൂല്യങ്ങൾ കൊടുക്കാൻ പോവുകയാണ്. അപ്പോൾ പനകയറ്റ തൊഴിലാളികളെ അവഗണിക്കാതെ അവർക്കും പെൻഷൻ അനുവദിക്കണം. മറ്റൊന്ന് ഇവിടെ കാലാകാലങ്ങളിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്. എന്നാൽ പിരിക്കുന്ന ടാക്സിന്റെ കണക്ക് നമുക്ക് അറിയാം. ഇവിടെ ടാക്സ് വെട്ടിപ്പ് നടക്കുന്നു. അത് പ്രധാനമായി നടത്തുന്നത് സ്വർണ്ണ കച്ചവടക്കാരാണ്. ടാക്സ് വെട്ടിക്കുന്നതിലേക്കുവേണ്ടി മാർവാടികളുടെ കയ്യിൽനിന്ന് ആഭരണം വാങ്ങി വിറ്റുകൊടുക്കുന്ന ജോലിയാണ് അവർക്ക്. അപ്പോൾ രണ്ടുപേരെ അവർ പറ്റിക്കുകയാണ്. ഗവൺമെന്റിനെയും തൊഴിലാളികളെയും. ആ സ്വർണ്ണകച്ചവടക്കാരിൽ നിന്ന് നിർബന്ധമായി ടാക്സ് പിരിക്കണം. രസീത് കൊടുത്തേ സാധനം വിൽക്കാവൂ. നിർഭാഗ്യവശാൽ നമ്മുടെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ മാസപ്പടി വാങ്ങാൻ പോയി സഹായിക്കുകയാണ്. ഇവിടെ വ്യവസായത്തിന്റെ കാര്യത്തിൽ കുറെ ചലനങ്ങളുണ്ടായി. 'ജിം' വന്നു. കുറെ പദ്ധതികൾ നടപ്പിലാക്കുമെന്നുപറഞ്ഞു. അതിനെ സ്വാഗതം ചെയ്യുന്നു. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഐ.ടി. മേഖലയിൽ മാത്രം തൊഴിൽ കിട്ടുമെന്നു പറയുന്ന സമീപനത്തോട് ഞാൻ യോജിക്കുന്നില്ല. അത് പ്രായോഗികമല്ല. എന്നാൽ അത് നല്ലതാണ്. കാരണം ലോകം മാറിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത മേഖലയിലേക്ക് ഇറങ്ങിച്ചെല്ലണം, ഗ്രാമീണ മേഖലയിലേക്ക് ഇറങ്ങിച്ചെല്ലണം. അവർക്ക് തൊഴിൽ കൊടുക്കണം. പണം ഉണ്ടെങ്കിലേ തൊഴിലുണ്ടാകൂ. വരവ് ഉണ്ടെങ്കിലേ തൊഴിലുണ്ടാകൂ ദാരിദ്ര്യം തീരൂ. അത് ഗവൺമെന്റ് മനസ്സിലാക്കണം. ഇതിന് എങ്ങനെ പണം ഉണ്ടാകുമെന്ന് ചോദിച്ചാൽ ഒരു വലിയ കാര്യം ഞാൻ പറയാം. നാഷ്ണലൈസ്ഡ് ബാങ്കുകളിൽ പണം കെട്ടിക്കിടക്കുകയാണ്. ഇന്നലെവരെ നാഷണലൈസ്ഡ് ബാങ്കുകാരനോട് പണം ചോദിച്ചാൽ കൊടുക്കുകയില്ല. ഇന്ന് വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വീടുകൾ കയറിയിറങ്ങി ചെന്നു ജാമ്യമില്ലാതെ പണം കൊടുക്കുന്നു. ഇങ്ങനെ കെട്ടിക്കിടക്കുന്ന പണം ഉപയോഗിച്ച് തൊഴിലുണ്ടാക്കണം. സർ, കയർ, കൈത്തറി, കശുവണ്ടി, കരുപ്പെട്ടി വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കണം. എന്നെ പ്രതിനിധീകരിക്കുന്ന ആളുകൾ വേറെയുണ്ട്. അവർ ആത്മധൈര്യമുള്ളവരാണ്, ചങ്കൂറ്റമുള്ളവരാണ്, കരുപ്പെട്ടിയെ ഞാൻ മറന്നു കളിക്കുകയില്ല. ഞാൻ ജനിച്ച സമുദായം കൂടി നിങ്ങൾ മറക്കണമെന്നു പറഞ്ഞാൽ എനിക്ക് സമ്മതിച്ചുതരാൻ ഒക്കുകയില്ല. ആ പനകയറ്റത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പനയുടെ കാര്യം മാത്രം പറഞ്ഞാൽ മതിയോ, തെങ്ങിന്റെ കാര്യവും പറയണ്ടേ?

ശ്രീ. എൻ. സുന്ദരൻ നാടാർ: തെങ്ങും വരുന്നുണ്ട്. നമ്മൾ രണ്ടിന്റെയും കാര്യം പറയാതിരിക്കാൻ പറ്റില്ലല്ലോ.

മി. സ്പീക്കർ: അതുകൊണ്ടല്ലേ ഞാൻ അത് ചോദിച്ചത്.

ശ്രീ. എൻ. സുന്ദരൻ നാടാർ: 1984-ൽ പനകയറ്റ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ക്ഷേമ കോർപ്പറേഷൻ ആരംഭിച്ചു. ഞങ്ങൾക്കെല്ലാം വളരെ സന്തോഷമായിരുന്നു. കേരള പന കയറ്റ തൊഴിലാളി കോർപ്പറേഷൻ. മൂന്ന് ഫെസിലിറ്റി സെന്ററുകൾ ഉണ്ടാക്കി പത്തഞ്ഞൂറിലേറെ തൊഴിലാളികൾ പണിയെടുക്കുന്നു. പാങ്കോള മുതൽ കരുപ്പെട്ടി വരെ ഉണ്ടാക്കുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഈ സ്ഥാപനം അടച്ചുപൂട്ടിയിരിക്കുകയാണ്. ആരെല്ലാം ചെയർമാൻമാരായിരുന്നു. മന്ത്രിമാരായിരുന്നു? 25 ലക്ഷം രൂപ ഇതിനായി കൊടുത്തിരുന്നു. ഇപ്പോൾ കൊടുക്കുന്നില്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കിപ്പറയുകയാണ്. 50 ലക്ഷം രൂപയെങ്കിലും ഗ്രാന്റ് ഇൻ എയ്ഡായി കൊടുക്കണം. അത് വെൽഫെയർ കോർപ്പറേഷനാണ്. മറ്റൊന്ന് വളരെ വേദനയോടുകൂടി പറയുകയാണ്. വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ചാരായം വാറ്റി കുറെ പാവങ്ങൾ ജീവിച്ചിരുന്നു. ശ്രീ. വർക്കല കഹാറിനൊക്കെ അറിയാം. പവർ ലൂം കേരളത്തിൽ മൂന്നോ നാലോ ആരംഭിച്ചിട്ടുണ്ട്. ശ്രീ. തമ്പാനൂർ രവിക്ക് അറിയില്ല എന്നൊന്നും പറയില്ല. അറിയാം. നെയ്യാറ്റിൻകര പവർ ലൂമിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? വ്യാജ വാറ്റുകാരെ പുനരധിവസിപ്പിക്കുക നല്ല കാര്യമാണ്. ഇപ്പോൾ നമുക്കൊന്നും അവിടെ പോകാൻ പറ്റില്ല. അടി കിട്ടും. വ്യാജ വാറ്റുകാരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിയാണ് നെയ്യാറ്റിൻകര പവർ ലൂം. 200 പവർ ലൂമുകളുണ്ടായിരുന്നു. 40 എണ്ണമേ പ്രവർത്തിച്ചിട്ടുള്ളൂ. ഇപ്പോൾ ഒന്നും പ്രവർത്തിക്കുന്നില്ല. എൻ.സി.ഡി.സി. കൊടുത്ത പണം പോലും കൊടുക്കാൻ നമ്മുടെ വ്യവസായ വകുപ്പിന്റെ സെക്രട്ടറിയും ഡയറക്ടറും സമ്മതിക്കുന്നില്ല. പാവപ്പെട്ടവന്റെ വിയർപ്പിന്റെ മണം അറിയാമെങ്കിലല്ലേ അങ്ങനെ ചെയ്യൂ. ആ പണം റിലീസ് ചെയ്യണം. കെ.എസ്. ആർ.ടി.സി. വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. നമ്മുടെ കെ.എസ്.ആർ.ടി.സി. എന്നുപറയുന്നത് മറ്റ് വകുപ്പുകളെ പോലെയല്ല, യൂട്ടിലിറ്റി സർവ്വീസാണ്. പാവപ്പെട്ടവൻ യാത്ര ചെയ്യുന്നത് ട്രാൻസ്പോർട്ട് ബസ്സിലാണ്. നമ്മളെപ്പോലെ പറക്കുന്ന വണ്ടികളിലൊന്നുമല്ല. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം മന്ത്രി മറന്നുപോയി. ബഡ്ജറ്റിൽ വന്നില്ല. ആവശ്യത്തിനുള്ള ബസ്സുകൾ കൊടുക്കണം. അതിനുള്ള പണം കൊടുക്കണം. അതുപോലെതന്നെ അറിഞ്ഞും അറിയാതെയും ആനുകൂല്യങ്ങൾ കൊടുക്കുന്നു. ഇപ്പോൾ തന്നെ അസംബ്ലിയിൽ 2 ബസ്സുകളുണ്ട്. അതിന്റെ പണം കോർപ്പറേഷന് കൊടുക്കില്ല. ഓസിന്റെയും പാസ്സിന്റെയും പ്രളയമാണ്. ആവശ്യത്തിനുള്ള പണം കൊടുക്കണം. ഇപ്പോൾ പത്രത്തിൽ കണ്ടു, നമ്മുടെ താലൂക്കിലെ ഡിപ്പോകളെല്ലാം പൂട്ടുമെന്ന്. പൂട്ടുമ്പോൾ അറിയാം. ഡിപ്പോയെ തരം താഴ്ത്താൻ അനുവദിക്കില്ല. അതുപോലെ ഗവൺമെന്റിന്

പണ്ടൊരു അബദ്ധം പറ്റി; അബദ്ധമല്ല. 1984-ൽ എടപ്പാൾ ഡിപ്പോയിൽ നിന്ന് അയയ്ക്കുന്നതിനേക്കാളും വണ്ടികൾ നന്നാക്കാൻ കഴിയുന്നതിലേക്കുവേണ്ടിയാണ് പാറശ്ശാലയിൽ ഒരു റീജിയണൽ വർക്ക്ഷോപ്പ് ആരംഭിക്കാൻ തീരുമാനിച്ചത്. അതിനുവേണ്ടി 8 ഏക്കർ 80 സെന്റ് സ്ഥലം എട്ടര ലക്ഷം രൂപയ്ക്കാണ് പൊന്നും വിലയ്ക്കെടുത്തത്. കളക്ടർ നിശ്ചയിച്ച പണം കൊടുത്തു. 40 ലക്ഷം രൂപ ചെലവാക്കി. നിർഭാഗ്യമെന്നുപറയട്ടെ, ഇന്ന് അവിടം സാമൂഹ്യവിരുദ്ധൻമാരുടെ കേളീരംഗമായി മാറിയിരിക്കുകയാണ്. എക്സൈസുകാരുടെ സഹായത്തോടെ സ്പിരിറ്റെല്ലാം അവിടെ കൊണ്ടിടുന്നു. ഞാൻ അത് പറയാൻ കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എന്റെ ഒരു കൊച്ചനിയനായ മന്ത്രി ഗണേഷ്കുമാർ പറഞ്ഞു അവിടെ ട്രെയിനിംഗ് സെന്റർ ആരംഭിക്കുമെന്ന്. ഇപ്പോഴത്തെ മന്ത്രിയും പ്രഖ്യാപിച്ചു. പ്രഖ്യാപനം ജലരേഖയാകരുത്. ഇത് അവിടെ ആരംഭിച്ചേ പറ്റൂ. ജലഗതാഗതത്തെപ്പറ്റി കൂടുതലായി ഒന്നും പറയുന്നില്ല. തിരുവിതാംകൂറിന്റെ ചരിത്രം അറിയാവുന്ന ആളുകൾക്ക് അറിയാം തമിഴ്നാടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ബിസിനസ്സ് നടത്തിയിരുന്നത് തേങ്ങാപ്പട്ടണം മുതൽ വേളി വരെയാണ്. ആ എ.വി.എം. കനാൽ പുതുക്കി പണിത് സഞ്ചാരയോഗ്യമാക്കണം. കാർഷിക മേഖലയെ സംബന്ധിച്ച് വളരെക്കുറച്ച് കാര്യമേയുള്ളൂ. പറയാം. റബ്ബറിനും നാളികേരത്തിനുമൊക്കെ വില കിട്ടി സന്തോഷമാണ്. പക്ഷേ നെൽകൃഷിയുടേയും പച്ചക്കറി കൃഷിയുടേയും കാര്യത്തിൽ നമ്മൾ മൗനം പാലിക്കുകയാണ്. ഇന്നും നമ്മുടെ കേരള സംസ്ഥാനത്തിൽ ഏത് ഗവൺമെന്റ് വന്നാലും നമുക്കുള്ള ഒരു ധാരണ പഞ്ചാബ്, ഹരിയാന, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലുള്ള അരി വിറ്റുകൊടുക്കാനുള്ള ഏർപ്പാടാണെന്നാണ്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും അത്രത്തോളം നമ്മുടെ തലയിൽ ചവിട്ടുകയാണ്. എല്ലാ കാർഷിക വിഭവങ്ങളുടേയും ഉല്പാദനം വർദ്ധിപ്പിച്ചേ തീരൂ. എന്റെ അറിവ് ശരിയാണെങ്കിൽ കാർഷിക മേഖലയ്ക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ധാരാളം പണം ചെലവഴിക്കുന്നു. അത് എത്തേണ്ടിടത്ത് എത്തുന്നില്ല. കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വിവിധ ഏജൻസികളുണ്ട്. ആനുകൂല്യങ്ങൾ കിട്ടുന്നതെല്ലാം ചില തല്പരകക്ഷികൾക്ക് മാത്രമാണ്. അതിന് കാർഡ് ഏർപ്പെടുത്തണം. ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കണം. അങ്ങനെ കാർഷികേതര വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് അങ്ങയുടെ കാലത്ത് നമ്മൾ കാലിവളർത്തൽ പദ്ധതി ആരംഭിച്ചത്. അങ്ങ് അതിൽ ധവള വിപ്ലവം സൃഷ്ടിച്ച വ്യക്തിയാണ്. അത് ആനന്ദ മാതൃകയിലാണ്. 15 ലക്ഷത്തിലേറെ കുടുംബങ്ങൾ, 8000 -ത്തിലേറെ ജീവനക്കാർ, 3000-ത്തിലധികം സഹകരണ സംഘങ്ങൾ. ഇത്രയും വിപുലമായ, ശക്തമായ സംവിധാനമാണ്, എല്ലാ പഞ്ചായത്തുകളിലും മൂന്നുനാല് സൊസൈറ്റികൾ ഉണ്ട്. ആറര ലക്ഷം ലിറ്റർ പാൽ ആണ് ദിവസേന കിട്ടുന്നത്. ഇന്ന് അത് തകർന്നിരിക്കുകയാണ്. കാരണം, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് സ്റ്റേറ്റുകളിൽ നിന്നും വില കുറഞ്ഞ, ഗുണമേന്മയില്ലാത്ത, വിഷാംശം കലർന്ന പാൽ നമ്മുടെ പ്രദേശങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. പുറത്ത് നിന്ന് ചായ കുടിക്കാൻ പറ്റില്ല. ചൂടുവെള്ളമാണ് കുടിക്കുന്നത്. ഇടയ്ക്ക് പത്രങ്ങളിൽ വന്നത് കണ്ടില്ലായെന്ന് നടിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

അത് തടയണം. അത് അങ്ങോട്ടുമിങ്ങോട്ടും എന്റെ വകുപ്പാണ് മറ്റേ വകുപ്പാണ് എന്നു പറഞ്ഞ് മത്സരിച്ചാൽ പോരാ. ഇത് ഗവൺമെന്റിന്റെ കാര്യമാണ്. ജനങ്ങളുടെ കാര്യമാണ്. അത് തടയാനുള്ള ഇച്ഛാശക്തി ഗവൺമെന്റിനുണ്ടാകണം. അതുപോലെ എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്. ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ 50 രൂപയായിരുന്നു കാലിത്തീറ്റയുടെ വില. ഇന്ന് 357 രൂപയായിരിക്കുന്നു. കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കണം. ഇവിടെ ആർക്കെല്ലാം കൊടുക്കുന്നു? പാവപ്പെട്ടവന് കൊടുക്കണം. ആർട്ടിഫിഷ്യൽ ഇൻസെമിനേഷന്റെ ചാർജ്ജ് അന്ന് 10 രൂപയായിരുന്നു. മൂന്നു പ്രാവശ്യം കുത്തിവയ്ക്കാൻ ഇന്ന് 35 രൂപയാണ്. ഗുണമേന്മയില്ല. അതുപോലെ പാവപ്പെട്ട കാലിവളർത്തുന്ന കർഷകർക്ക് പെൻഷൻ കൊടുക്കണം. അത് ഗവൺമെന്റിന്റെ ട്രഷറിയിൽ നിന്ന് കൊടുക്കേണ്ട. ആ സൊസൈറ്റിയിൽ അവൻ കൊടുക്കുന്ന വീതാംശം കളക്ട് ചെയ്ത് അവർക്ക് പെൻഷൻ കൊടുക്കണം. വിദ്യാഭ്യാസ മേഖലയെ നമ്മൾ എല്ലാവരും വിമർശിക്കുകയാണ്. പൂത്തു കായ്ച് നിൽക്കുന്ന മാവിനെയല്ലേ എറിയുകയുള്ളൂ. സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി നമ്മുടെ കുട്ടികൾ അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുകയായിരുന്നു. കിടപ്പാടം വിറ്റ് അഡ്മിഷൻ വാങ്ങിയിരുന്നു. ഇന്ന് കൂടുതൽ സ്ഥാപനങ്ങൾ ഇവിടെ വന്നു. അതിൽ സന്തോഷമുണ്ട്. പക്ഷെ ഒരു കാര്യം ഗവൺമെന്റ് മനസ്സിലാക്കണം. മിഷനറിമാർ പടുത്തുയർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗുണമേന്മയുണ്ട്. സ്ഥാപനങ്ങൾ വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൊടുക്കാതെ കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് കൊടുക്കണം. മറ്റൊന്ന് ഈ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനോടൊപ്പം ബുദ്ധിയുള്ള, കിടപ്പാടം വിറ്റ് പോലും പഠിക്കാൻ കഴിയാത്ത പാവപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവിടെ പഠിക്കുന്നതിനുള്ള സൗകര്യം കൂടി ഗവൺമെന്റ് നേരിട്ട് ഉണ്ടാക്കിക്കൊടുക്കണം. എങ്ങനെ കൊടുക്കാമെന്നുവച്ചാൽ ഗവൺമെന്റ് വിചാരിച്ചാൽ ഉണ്ടാക്കിക്കൊടുക്കാം. മറ്റൊരുകാര്യം നമ്മുടെ വരുമാനത്തിന്റെ ഭാരിച്ച തുക ചെലവാക്കുന്നത് വിദ്യാഭ്യാസ രംഗത്താണ്. ഏത് ഗവൺമെന്റ് ഭരിച്ചാലും ഇതിന് മുമ്പ് ഉള്ളത് ആയാലും ഇപ്പോൾ ഉള്ളത് ആയാലും ഇനി വരാൻ പോകുന്ന ഗവൺമെന്റ് ആയാലും ഡിവിഷൻഫാൾ എന്നുപറഞ്ഞ് പ്രചരണം നടത്തുന്നതല്ലാതെ അത് എങ്ങനെയുണ്ടാകുന്നു എന്ന് നമ്മൾ ആലോചിച്ചിട്ടില്ല. ചിലപ്പോൾ എനിക്കെതിരായിട്ട് വിമർശനമുണ്ടാകാം. കുഴപ്പമില്ല. അദ്ധ്യാപകൻ തൊഴിലാളി ആകരുത്. സുപ്രീം കോടതി ഇപ്പോൾ പ്രത്യേകിച്ച് പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകൻ അത് അനുസരിക്കണം. ഡിവിഷൻഫാൾ ഉണ്ടാകുന്നതിന്റെ കാരണം ഗവൺമെന്റ് അന്വേഷിച്ച് നടപടിയെടുക്കാനുള്ള ചങ്കൂറ്റം ഗവൺമെന്റിന് ഉണ്ടാകണം. അതുപോലെ മറ്റൊരു കാര്യം പറയാനുള്ളത് എന്റെ നിയോജക മണ്ഡലത്തിലെ കുളത്തൂരിൽ വളരെ വർഷങ്ങൾക്കുമുമ്പ് ഗൗരിയമ്മ കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ അവിടെ പത്തുപതിനഞ്ച് ഏക്കർ സ്ഥലം എടുത്തു. അവിടെ ഇപ്പോൾ ഒരു ജൂനിയർ ടെക്നിക്കൽ ഹൈസ്ക്കൂൾ ഉണ്ട്. അത് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളായിട്ട് ഉയർത്തണം. അൺ എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി., ബി.എഡ്., എം.എഡ്. പാസ്സായ കുട്ടികൾ എണ്ണയ്ക്കും സോപ്പിനും വേണ്ടി തുച്ഛമായ ശമ്പളത്തിനാണ് ജോലി ചെയ്യുന്നത്. അവിടെ പഠിക്കുന്ന കുട്ടികൾ കിടപ്പാടം

LIBRARY ARCHIVES Kerala Legislative Assembly

വിറ്റ് ഭീമമായ തുക അടയ്ക്കുന്നു. ഗവൺമെന്റ് അത് കണ്ടില്ലെന്ന് നടിക്കരുത്. ഗവൺമെന്റ് ഇപ്പോൾ കൂടുതൽ അൺ എയ്ഡഡ് സ്കൂളുകൾക്ക് സാങ്ഷൻ കൊടുത്തിട്ടുണ്ട്. ആരോഗ്യത്തെപ്പറ്റി വളരെ കൂടുതലൊന്നും പറയുന്നില്ല. നമുക്കൊക്കെ ആരോഗ്യം കുറഞ്ഞുവരികയാണ്. ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പഴയ കാലത്ത്, രാജഭരണ കാലത്ത് നമ്മുടെ ആശുപത്രികളെല്ലാം ധർമ്മാശുപത്രികളായിരുന്നു. ഇന്ന് കച്ചവട ആശുപത്രികളായി മാറിയിരിക്കുകയാണ്. അത് കണ്ടില്ലെന്ന് നടിക്കരുത്. മെഡിക്കൽ കോളേജോ താലൂക്ക് ആശുപത്രിയോ നന്നാക്കിയാൽ പോരാ. നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ മന്ത്രിയായിരുന്നപ്പോൾ ഞാൻ പ്രതിപക്ഷ എം.എൽ.എ. ആയിരുന്നു. 1980-ൽ പാറശ്ശാലയിൽ അദ്ദേഹം ആയുർവ്വേദ ആശുപത്രി അനുവദിച്ചു. പാറശ്ശാല ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തി. രണ്ട് ഡോക്ടർമാർ ഉണ്ടായിരുന്നു. ഇന്ന് പതിനാറ് ഡോക്ടർമാരും, 118 സ്റ്റാഫും ഉണ്ട്. നിരവധി കാര്യങ്ങൾ ചെയ്തു. ഇന്ന്.....(ബഹളം)..... നമുക്ക് ഒരു പാരമ്പര്യമുണ്ട്. ആ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നുണ്ട്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. ഒറ്റയ്ക്ക് വന്നാൽ പറയാം. അതുപോലെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയോടും മുഖ്യമന്ത്രിയോടും കൂടെ പറയേണ്ട കാര്യമാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഏഴ് പഞ്ചായത്തിൽ ഞങ്ങൾ സ്ഥലം സൗജന്യമായി കൊടുത്ത് പി. എച്ച്. സി.-കൾ പണി പൂർത്തിയാക്കി വർഷങ്ങൾ ഏറെയായി. ഏഴ് പഞ്ചായത്തുകളുടേയും കെട്ടിടത്തിന്റെ താക്കോൽ പൂട്ടി കയ്യിൽ വച്ചിരിക്കുകയാണ്. അത് തുറന്നിട്ടില്ല. അത് തുറക്കുകയും ആവശ്യമുള്ള സ്റ്റാഫിനെ കൊടുക്കുകയും ചെയ്ത് പാവങ്ങളെ സംരക്ഷിക്കണം,

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നമ്മുടെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ എല്ലാ മണ്ഡലത്തേയും ബഡ്ജറ്റിൽ അവഗണിച്ചു. അതുപോലെ ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലത്തേയും അവഗണിച്ചു എന്നാണോ?

<u>ശ്രീ. എൻ. സുന്ദരൻ നാടാർ:</u> എനിക്ക് അവഗണനയൊന്നും സാരമില്ല. ആയുർവ്വേദ ആശുപത്രികൾ നടപ്പിലാക്കാൻ പോകുന്നു. കൊല്ലയിൽ പഞ്ചായത്തിലും, കുളത്തൂർ പഞ്ചായത്തിലും രണ്ട് ആശുപത്രികൾ അനുവദിക്കണം. കോളേജുകൾ എല്ലാം മെഡിക്കൽ കോളേജും മറ്റും പ്രൈവറ്റിന് കൊടുക്കുന്നു. വളരെ സന്തോഷമുണ്ട്. സിദ്ധ കോളേജ് ഗവൺമെന്റ് ഉടമയിൽ തിരുവനന്തപുരത്ത് ആരംഭിക്കണം. പാരമ്പര്യ സിദ്ധ വൈദ്യൻമാർക്ക് ലൈസൻസ് കൊടുക്കണം. അവരുടെ ആശ്രയമേ ഞങ്ങൾക്കുള്ളൂ. പനി വന്നാലെങ്കിലും വല്ല കഷായവും ഒക്കെ കൊടുക്കുന്നതിന് അവർക്ക് കഴിയും. സർ, എക്സൈസ് വകുപ്പിനെപ്പറ്റി രണ്ടു കാര്യമേ പറയാനുള്ളൂ. പറഞ്ഞ് പറഞ്ഞ് തളർന്നു. എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കണം. ബോർഡറിൽ ജനിക്കുവാനും, അവിടത്തെ പ്രതിനിധി ആകുവാനും ഭാഗ്യം ലഭിച്ച ആളെന്ന നിലയിൽ അവിടെയൊക്കെ സ്പിരിറ്റ് കടത്തുന്നു എന്ന് എനിക്ക് അറിയാം. നിങ്ങളുടെ ഡിപ്പാർട്ട്മെന്റിന് അറിഞ്ഞുകൂടാ. എക്സൈസ് ഓഫീസിലെ ഇൻസ്പെക്ടറെ വിളിച്ചു സംസാരിച്ചു. അവിടെ ചാരായം വാറ്റുണ്ടോ, വിൽപ്പനയുണ്ടോ എന്ന് അയാൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞുകൂടെ. എനിക്ക് അറിയാം. ഞാൻ പേര് പറഞ്ഞുകൊടുത്തു. ഈ അടുത്ത കാലത്ത് പാറശ്ശാലയിൽ മൂന്ന് കള്ള് ഷാപ്പുകളിൽ സ്പിരിറ്റ് കലക്കി വിൽക്കുന്നു. ഞാൻ എക്സൈസ്, വിജിലൻസ് എസ്. പി.-യെ വിളിച്ചുപറഞ്ഞു. ഇതുവരെ അനക്കമില്ല. എക്സൈസിന് ഇപ്പോൾ ഉള്ള ഒരു ധാരണ എന്നു പറയുന്നത് സ്പിരിറ്റ് ഒരു കുപ്പി വിൽക്കുന്നവന്റെ പേരിൽ കേസ് എടുക്കും. ലോറിക്കണക്കിന് സ്പിരിറ്റ് കൊണ്ടു കൊടുക്കുന്നവനെ വെറുതെ വിട്ടുകളയും. ചെക്ക് പോസ്റ്റിൽ കൂടി സ്പിരിറ്റ് കടത്തുന്നതിന് എക്സൈസുകാർ കൂട്ടാണ്. ഇവിടെ റേഞ്ച് ഓഫീസിലെ ഇൻസ്പെക്ടർ പ്രതിയാണ്. സ്പിരിറ്റ് കടത്തിയതിന് ഗവൺമെന്റ് കേസ് എടുത്തു. പാറശ്ശാല ബോർഡറിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണം. ചെക്ക് പോസ്റ്റിൽ എക്സൈസുകാരെ മാത്രം നിർത്തിയാൽ കാര്യം നടക്കുകയില്ല. അവിടെ എ.ആർ. ക്യാമ്പിലെ പോലീസിനെ തന്നെ വയ്ക്കണം. പോലീസിനെപ്പറ്റി മണിക്കൂറുകളോളം പറഞ്ഞാലും തീരില്ല. ഇപ്പോൾ മാത്രമല്ല, ഇവിടെ ഭരിച്ചിട്ടുള്ള ഗവൺമെന്റിന് എതിരായിട്ടും, പോലീസിന് എതിരായിട്ടും വിമർശനം ഉണ്ടായിട്ടുണ്ട്. ആ കാര്യം ഞാൻ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകളെ മനസ്സിലാക്കിക്കുകയാണ്. ഞാൻ വളരെ വർഷങ്ങളായി രാഷ്ട്രീയം കൊണ്ട് നടക്കുന്നവനാണ്. കൃഷിയും ഉപതൊഴിൽ ആണ്. ഓരോ കാലഘട്ടത്തിലും പോലീസിനെ വച്ച് ഉപജീവനമാർഗ്ഗം കഴിക്കുകയാണ് പലരും. ഇത് ഇന്ന് നടക്കുന്നില്ല. അതിന്റെ പ്രധാന കാരണം പോലീസിനെ നിയന്ത്രിക്കുന്നതിനോടൊപ്പം തന്നെ പോലീസിന് സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട്. പക്ഷേ പോലീസ് ചിലപ്പോൾ കയർ ഊരുന്നു. ഇത് ശക്തമായി നിയന്ത്രിക്കണം. ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റും, സ്റ്റേഷൻ ഓഫീസർമാരും തെറ്റ് ചെയ്യുന്നില്ല. താഴെയുള്ള അല്ലറ ചില്ലറ പോലീസുകാരന് പണിയുണ്ട്. ഇൻസ്പെക്ടർ റെയ്ഡിന് പോകുമ്പോൾ അയാൾ മൊബൈലിൽ വിളിച്ചു പറയും. അത് തടയണം. പാറശ്ശാല സർക്കിൾ ഓഫീസ് മഴ പെയ്താൽ എപ്പോൾ വീഴും എന്ന് അറിയില്ല. ഒരു പുതിയ കെട്ടിടം പണിയണം. പൊഴിയൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിടം പണിയണം. പോലീസ് സംവിധാനത്തെക്കുറിച്ച് നമുക്ക് എല്ലാവർക്കും അറിയാം. ആത്മാർത്ഥമായി ജോലി ചെയ്യുന്നവർക്ക് ജീവിക്കാൻ ഒക്കില്ല. ഇന്നലെ വരെ ഓരോ പ്രദേശവും ഓരോ നേതാക്കൻമാരുടെ കയ്യിലായിരുന്നു. ഇന്ന് ഇത്തരം ആളുകൾക്ക് യാതൊരു രക്ഷയും ഇല്ല. ഈ അടുത്ത കാലത്ത് നെയ്യാറ്റിൻകരയിൽ ശ്രീ. തമ്പാനൂർ രവിയുടെ മണ്ഡലത്തിൽ ഒരു സംഭവം ഉണ്ടായി. അമ്പത് പേരെ ഒരു വണ്ടിയിൽ ലഹളയ്ക്ക് കൊണ്ടുവന്നു. സ്പിരിറ്റുമായിട്ട് വന്നവരെ പോലീസ് അറസ്റ്റ് ചെയ്തു. പിറ്റേന്ന് വാൾപോസ്റ്റർ ഇറങ്ങി. മുഖ്യമന്ത്രിക്കും ഗവൺമെന്റിനും എതിരായി, നിരപരാധികളെ അറസ്റ്റ് ചെയ്തു എന്നുപറഞ്ഞ്. പക്ഷേ ഇപ്പോൾ മുഖ്യമന്ത്രിക്ക് ഫോൺ ചെയ്താൽ ഇതൊന്നും നടക്കുകയില്ല. പണ്ട് നടക്കും, നടത്തിയ ആളുകളുടെ ഒന്നും പേര് ഞാൻ പറയുന്നില്ല. പറയേണ്ടി വന്നാൽ എനിക്ക് ചങ്കൂറ്റം ഉണ്ട്. പറയും. പോലീസ്, ചില സ്വന്തക്കാർക്കും ബന്ധുക്കൾക്കും വേണ്ടി ഉപയോഗിക്കേണ്ടതല്ല. പക്ഷേ പൊതുജനങ്ങൾ പോലീസിനെ ഇന്ന് അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. പോലീസ് എന്നുള്ളത് ഒരു ഉപജീവനമാർഗ്ഗം എന്നുള്ളത് മാറുകയും, ചിലരുടെ കയ്യിൽ ഒതുങ്ങാതെയും ഇരിക്കുകയാണ്. പോലീസിനെ കുറേക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമാക്കണം. പി.ഡബ്ലിയു.ഡി.-യെപ്പറ്റി രണ്ടുമൂന്ന് കാര്യങ്ങളേയുള്ളൂ. യശ:ശരീരനായ ടി. കെ. ദിവാകരൻ പി.ഡബ്ലിയു.ഡി. മന്ത്രിയാകുന്നതുവരെ ഞങ്ങൾക്ക് റോഡോ പാലമോ കിട്ടുമോ എന്നറിഞ്ഞുകൂടായിരുന്നു. അദ്ദേഹം മന്ത്രിയായിരുന്നപ്പോഴാണ് ഞാൻ ആദ്യമായി അദ്ദേഹത്തിന്റെ താമസ സ്ഥലത്തുപോയി ഇന്നയിന്ന ആവശ്യങ്ങൾ ഉണ്ടെന്നുപറഞ്ഞത്. ആവശ്യപ്പെട്ട എല്ലാ പാലങ്ങളും റോഡുകളും അനുവദിച്ചു. അവിടെ വാൾപോസ്റ്ററും കല്ലിടലും റേഡിയോ പരിപാടിയുമൊന്നും ഉണ്ടായിരുന്നില്ല. പോസ്റ്റർ ഒട്ടിപ്പിച്ചില്ല. അതിനുശേഷം യശ:ശരീരനായ മുഹമ്മദ്കോയ, പൂവാർ എന്നു പറയുന്ന സ്ഥലത്ത് രാജാകേശവദാസന്റെ കാലത്തുള്ള ചരിത്ര പ്രസിദ്ധമായ സ്ഥലത്ത് പാലം വേണമെന്ന് പറഞ്ഞപ്പോൾ പാലം പണിതുതന്നു. അതിനുശേഷം ഞാൻ കഴിഞ്ഞ അസംബ്ലിക്ക് സ്വതന്ത്രനായിരുന്നപ്പോൾ 13 സബ്മിഷനുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ മുമ്പിൽ ഉന്നയിച്ചു പിരായിമുടു പാലത്തിനുവേണ്ടി. ആ പാലം പൂർത്തിയായി അതൊന്നും മറക്കാൻ ഒക്കില്ല. ഇന്ന് ആത്മാർത്ഥതയുള്ള യുവാവാണ് പി.ഡബ്ലിയു.ഡി. വകുപ്പിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നത്. ഞാൻ മണിയടിച്ചതല്ല. എനിക്ക് അതിന്റെ ആവശ്യവുമില്ല. അദ്ദേഹത്തിന്റെ ശ്രമഫലമായി താറുമാറായി കിടന്നിരുന്ന എൻ.എച്ച്., പാറശ്ശാല-കളിയിക്കാവിള റോഡ് നന്നാക്കി. ഇന്നലെ വരെ റോഡുകളൊന്നും ഉണ്ടായിരുന്നില്ല. ചേർത്തല-കളിയിക്കാവിള എൻ.എച്ച്. നാലുവരി പാത പണിയാൻ പോവുകയാണ്. അത് ആകുമ്പോൾ തുടങ്ങിവച്ച കോവളം-കളിയിക്കാവിള ബൈപാസ്സിന്റെ പണി ആരംഭിക്കണം. മറ്റൊന്ന് അദ്ദേഹത്തിന്റെകൂടി ശ്രമഫലമായി ഡി.ആർ.ഡി.എ. പദ്ധതിയനുസരിച്ച് വളരെക്കാലം കൊണ്ട് ബഹളം വച്ച് കിഴയൻമൂല കടവ് പാലത്തിന്റെ ഭരണാനുമതി കിട്ടി. അതിന് സ്പെഷ്യൽ സാങ്ഷൻ കൊടുക്കണം. അതുപോലെ പത്തുപതിനഞ്ച് കൊല്ലങ്ങളായി എം.എൽ.എ. റോഡായി പ്രഖ്യാപിച്ചിട്ടുള്ള കുന്നുവിള, കാഞ്ഞിരമൂട് കടവ്, തുറുതുവിള റോഡിനും കാരാളി-ഇഞ്ചിവിള റോഡിനും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കണം. മറ്റൊരു കാര്യം വളരെ വർഷങ്ങളായി പാറശ്ശാലയിലുള്ള ഓഫീസുകൾ എല്ലാം പ്രൈവറ്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭീമമായ തുക വാടകയിനത്തിൽ കൊടുക്കുകയാണ്. അതുകൊണ്ട് പാറശ്ശാല മിനി സിവിൽ സ്റ്റേഷന് 15 ലക്ഷം രൂപ ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റിൽ തന്നിട്ടുണ്ട്. ആവശ്യമുള്ള സ്ഥലവും കൊടുത്തിട്ടുണ്ട്. അതിന് സ്പെഷ്യൽ സാങ്ഷൻ കൊടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ എന്റെ പരാതി മാത്രമല്ല, കടലോര മേഖലയിലും അതിർത്തി പ്രദേശങ്ങളിലുമുള്ളവർ ഫയർ സ്റ്റേഷൻ ആവശ്യമാണെന്നു പറഞ്ഞു അത് അനുവദിച്ചു. അതിന്റെ കെട്ടിടം പണി അടിയന്തിരമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. അതുപോലെ ധനുവച്ചപുരം ഐ.ടി.ഐ. ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രിയും ഞാനും കൂടി അവിടെ പ്രഖ്യാപനം നടത്തി. അതിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ആരംഭിക്കാൻ സാങ്ഷൻ കൊടുക്കണം. കുറേ വില്ലേജ് റോഡുകൾ പി.ഡബ്ലിയു.ഡി. ഏറ്റെടുക്കാൻ കൊടുത്തിട്ടുണ്ട്. അത് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണം. മറ്റൊരു കാര്യം, കരാറുകാർക്ക് കൊടുക്കാനുള്ള പണം കൊടുക്കണം. ഇവിടെ പലരും പ്രസംഗിച്ചതുപോലെ കൃഷിക്കാരൻ വിഷം കഴിക്കുന്നു, തൂങ്ങി മരിക്കുന്നു. 800 കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് കൊടുക്കണം. അതുപോലെ ടൂറിസത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ശ്രദ്ധ പിടിച്ചുപറ്റാൻ കഴിഞ്ഞു. എന്റെ നിയോജക മണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിൽ 21 ഏക്കറുള്ള വലിയ കുളമുണ്ട്. അത് ടൂറിസ്റ്റ് കേന്ദ്രമാക്കണം.

മി. സ്പീക്കർ: മി. ഡെപ്യൂട്ടി സ്പീക്കർ, ഒരുപാട് സമയം എടുത്തു.

ശ്രീ. എൻ. സുന്ദരൻ നാടാർ: ഞാൻ ദീർഘിപ്പിക്കുന്നില്ല. മറ്റൊരു പ്രശ്നം കുടിവെള്ളമാണ്. ഭാഗ്യവശാൽ ഏഴ് പഞ്ചായത്തിലും പദ്ധതികളുണ്ട്. കുടിക്കാൻ വെള്ളമില്ല. അതുകൊണ്ടാണ് കാളിപ്പാറ സ്കീം ആരംഭിക്കുന്നത്. 76 കോടി രൂപയുടെ സ്കീമാണ്. അത് ഇക്കൊല്ലം ആരംഭിക്കണം. കുടുംബശ്രീ പദ്ധതിയിലൂടെ 27 ലക്ഷം കുട്ടികൾ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ നിവൃത്തിയില്ല. അതിന് ഗവൺമെന്റ് ഉടമയിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം. നാടാർ സമുദായത്തെപ്പറ്റി ഒരു വാക്ക്, കേരളത്തിലെയും ഇന്ത്യയിലേയും മതസൗഹാർദ്ദം എന്താണെന്ന് പഠിപ്പിക്കുന്നതിന് നല്ല മാതൃകയാണ് ഇവിടെയുള്ളത്. ഒരു വീട്ടിൽ തന്നെ ഹിന്ദു നാടാരും ക്രിസ്ത്യൻ നാടാരും ഉണ്ട്. എല്ലാ വിഭാഗം നാടാർ സമുദായവുമുണ്ട്. അവരെ ഭിന്നിപ്പിക്കുന്നതിനാണ് ഹിന്ദു, എസ്.ഐ.യു.സി. നാടാർക്കും സംവരണം കൊടുക്കുന്നത്. എനിക്ക് ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും ശുപാർശ ചെയ്യാനുള്ളത് നാടാർ സമുദായത്തെ ഭിന്നിപ്പിക്കരുത്. മതം നോക്കാതെ നാടാർ സമുദായത്തിന് സംവരണം കൊടുക്കണം. മറ്റൊരു കാര്യമുള്ളത് ചെമ്പഴന്തി ശ്രീനാരായണ അന്താരാഷ്ട്ര സ്റ്റഡി സെന്ററിന് 50 ലക്ഷം രൂപ കൊടുത്തു. അദ്ദേഹം മതസൗഹാർദ്ദത്തിനുവേണ്ടി വളരെ സംഭാവന നൽകിയ ആളാണ്. ''ഒരു ജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന്'', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നൊക്കെ നമ്മെ പഠിപ്പിച്ച ഋഷിവര്യനാണ് അദ്ദേഹം. 19-ാം നൂറ്റാണ്ടിൽ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നുവിളിച്ച കേരളത്തിൽ വിവേകമുള്ള മനുഷ്യരെ സൃഷ്ടിച്ച അദ്ദേഹത്തിന്റെ കൃതികൾ സ്കൂൾ തലത്തിൽ പാഠ്യവിഷയമാക്കണം. സെക്രട്ടേറിയറ്റിനു മുമ്പിൽ വർഷത്തിൽ ഒരിക്കൽ ആൾക്കാരുടെ തിരക്കാണ് വേലുത്തമ്പി ദളവയെ ആദരിച്ച് പുഷ്പചക്രമർപ്പിക്കാൻ. എനിക്ക് പറയാനുള്ള അവകാശമുണ്ട്. ഞാൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുന്നതിലേക്കുവേണ്ടി തലക്കുളം-മണ്ണടി, അദ്ദേഹം ജനിച്ച നാട്ടിൽനിന്നും ആത്മാഹുതി ചെയ്ത നാട്ടിലേക്ക് ബസ് സർവ്വീസ് നടത്തി. വേറെ ആർക്കും കഴിഞ്ഞില്ല. മണ്ണടിയിൽ അദ്ദേഹം ആത്മാഹുതി ചെയ്ത സ്ഥലത്ത് ഒരു സ്മാരകം പണിയണം. നല്ല പദ്ധതികളും നിർദ്ദേശങ്ങളും അടങ്ങിയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനമന്ത്രി അവതരിപ്പിച്ചത്. അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റിന് ഉണ്ടാകണം. ഒരിക്കൽകൂടി പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. നമ്മുടെ ധനകാര്യ മന്ത്രി ഇത്തവണ ജനുവരി 23-ന് അവതരിപ്പിച്ച ഈ ബഡ്ജറ്റ് ഏതാണ്ട് കഴിഞ്ഞ തവണ അവതരിപ്പിച്ച ബഡ്ജറ്റിന്റെ സ്വഭാവത്തിൽ തന്നെയുള്ളതാണ്. യഥാർത്ഥത്തിൽ ഈ സഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റ് ചർച്ചയ്ക്ക്ശേഷം

അംഗീകരിച്ചുകഴിഞ്ഞാൽ ബഡ്ജറ്റിലെ നിർദ്ദേശമനുസരിച്ച് ഓരോ വകുപ്പിനും അലോട്ട് ചെയ്യപ്പെടുന്ന തുക ചെലവ് ചെയ്യുക എന്ന ഭരണഘടനയിലെ ബാദ്ധ്യതയ്ക്ക് വിരുദ്ധമായ നിലയിൽ ബഡ്ജറ്റിലെ നിർദ്ദേശം നടപ്പിലാക്കാത്ത സമീപനമാണ് കഴിഞ്ഞ വർഷം മുതൽ ധനകാര്യ മന്ത്രിയും ഗവൺമെന്റും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റിൽ ഒന്നുപറയുക അതിനുശേഷം ധനകാര്യവകുപ്പിൽ വരുന്ന പണം ധനകാര്യ വകുപ്പിനേയും മുഖ്യമന്ത്രിയേയും ധനകാര്യ മന്ത്രിയേയും നിയന്ത്രിക്കാൻവേണ്ടി എ.ഡി.ബി. സെക്രട്ടേറിയറ്റിൽ ഇരുത്തിയിരിക്കുന്ന എബ്രഹാമിന്റെ നിർദ്ദേശമനുസരിച്ച് മെമ്മോ ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ വരുന്ന പണം ഓരോ വകുപ്പിനും കുറേശ്ശെ കൊടുക്കുന്ന സമ്പ്രദായമാണ് കഴിഞ്ഞ കൊല്ലം മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് ഓരോ വകുപ്പിനും ലഭിക്കേണ്ട പണം ലഭിക്കുന്നില്ല. എന്റെ വാദത്തെ വെല്ലുവിളിക്കാൻ വേണ്ടി ധനകാര്യ മന്ത്രിയോട് ഒരു അഭ്യർത്ഥന നടത്തുകയാണ്. കഴിഞ്ഞ തവണ ഓരോ വകുപ്പിലേക്കും ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് അലോട്ട് ചെയ്യപ്പെട്ട തുക എത്ര? കൊടുത്തത് എത്ര? ഈ സഭയിൽ വസ്തുതകൾ നിരത്തി അങ്ങനെയല്ല എന്ന് ബോദ്ധ്യപ്പെടുത്താൻ ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

യഥാർത്ഥത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സഭ അംഗീകരിക്കുന്ന മുറയ്ക്ക് ക്രമമനുസരിച്ച് ഓരോ വകുപ്പിനും നൽകേണ്ട തുക നൽകാതിരിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം അയഥാർത്ഥമായ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ഉദ്ധരിച്ച് വരുമാനം പെരുപ്പിച്ച് കാണിച്ച് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനാണ്. ഉദാഹരണത്തിന് 12-ാം ധനകാര്യ കമ്മീഷനിൽ റവന്യൂ വരുമാനത്തെ സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ 13,407 കോടി രൂപയാണ് കാണിച്ചിരുന്നത്. എന്നാൽ ഈ ബഡ്ജറ്റിൽ ആകട്ടെ 14263 കോടി രൂപയാണ് റവന്യൂ വരുമാനമായിട്ട് കാണിച്ചിട്ടുള്ളത്. ഏതാണ്ട് 530 കോടിയോളം രൂപ അമിതമായിട്ട് കാണിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ ഏറെ ചൂണ്ടിക്കാണിക്കാനുണ്ട്. അയഥാർത്ഥമായ വസ്തുതകളിൻമേൽ പടുത്തുയർത്തുന്ന ബഡ്ജറ്റ് അവസാനം നിറവേറ്റാൻ കഴിയാതെ വരുന്നതിന്റെ കാരണം, സത്യസന്ധമായിട്ടുള്ള നിലപാടിൽ വസ്തുതകൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾക്ക് സത്യസന്ധമായിത്തന്നെ അലോട്ട് ചെയ്യുന്ന തുക നൽകുകയും ചെയ്യുന്ന രീതി, അതാണ് സാധാരണ ബഡ്ജറ്റ് നടപടിക്രമം അനുസരിച്ച് സഭകൾ നടപ്പിലാക്കി പോന്നിരുന്നത്. ആ ഭരണഘടനാപരമായ നിബന്ധന നിഷേധിച്ചുക്കൊണ്ടുള്ള സമീപനമാണ് കഴിഞ്ഞ കൊല്ലം മുതൽ നമ്മുടെ ധനകാര്യ മന്ത്രിയും ഗവൺമെന്റും ഇവിടെ സ്വീകരിച്ചുവരുന്നത് എന്നുള്ളതാണ് എന്റെ ശക്തമായ ആക്ഷേപം. അതുപോലെതന്നെ ഈ ഗവൺമെന്റ് സംസ്ഥാനത്തിന്റെ കടത്തെ സംബന്ധിച്ച് ധനകാര്യ കമ്മീഷന് കൊടുത്തിട്ടുള്ളതും ഇപ്പോൾ ഈ ബഡ്ജറ്റിൽ തന്നെ സൂചിപ്പിച്ചിട്ടുള്ളതുമായ കാര്യങ്ങൾ നോക്കുമ്പോൾ ഏതാണ്ട് 35,989 കോടി രൂപയായി കുത്തനെ ഉയർന്നതായിട്ട് പറയുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ ഉള്ള കടം 23,919 കോടി രൂപ ആണ്. രണ്ടര

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം പിന്നിട്ടപ്പോൾ 35,989 കോടി രൂപയായി കടം വർദ്ധിച്ചു. മുൻഗവൺമെന്റ് 5 കൊല്ലം അധികാരത്തിൽ ഇരുന്നപ്പോൾ വർദ്ധിപ്പിച്ച കടം ഏതാണ്ട് പന്തീരായിരത്തിൽ ചിലാനമാണ്. ഈ ഗവൺമെന്റ് രണ്ടര കൊല്ലം പിന്നിട്ടപ്പോൾ തന്നെ 12,000 കോടി രൂപയായി. ഈ ഡിസംബർ മാസത്തെ കണക്കാണ്. മാർച്ച് ആകുമ്പോഴേക്കും അത് 14,000 കോടി രൂപ ആകും. അതിന്റെ കൂടെതന്നെ ചില വസ്തുതകൾ ചേർത്തിട്ടില്ല. തൊഴിലില്ലായ്മ വേതനം, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള എണ്ണായിരത്തോളം കോടി രൂപ. ഇതെല്ലാം കൂടി ഏകദേശം രണ്ടായിരം കോടി രൂപ. അവശേഷിക്കുന്ന കടം കൂടി ചേർത്താൽ 14,000 കോടി എന്നത് 18,000 കോടി രൂപ ആകും. രണ്ടര കൊല്ലം പിന്നിട്ടപ്പോൾ നിങ്ങൾ ഏകദേശം 18,000 കോടിയോളം രൂപയ്ക്ക് ഈ സംസ്ഥാനത്തെ കടപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങനെ കടപ്പെടുത്തിയതിനുശേഷം കയ്യിൽ കിട്ടിയ തുക നിങ്ങൾ എന്തിനുവേണ്ടിയാണ് വിനിയോഗിച്ചത്? നിങ്ങൾ അവകാശപ്പെടുന്നുണ്ട് വികസനത്തിനുവേണ്ടിയിട്ടും മുമ്പ് കടമുണ്ടായിരുന്നത് വീട്ടുന്നതിനു വേണ്ടിയിട്ടുമൊക്കെ വിനിയോഗിച്ചു എന്ന്. ഏതു രംഗത്താണ് നിങ്ങൾ വികസനത്തിനുവേണ്ടി തുക നീക്കിവച്ചത്? എന്ത് വലിയ കടമാണ് നിങ്ങൾ വീട്ടിയത്? ഏതാണ്ട് 4,000-ൽപരം കോടി രൂപ ഇലക്ട്രിസിറ്റി വകുപ്പിന് സർക്കാർ കൊടുക്കാനുള്ളതിൽ കൊടുത്തത് എത്രയാണ്? 200 കോടി രൂപ. ഈ 18,000-ത്തോളം കോടി രൂപ കടം വാങ്ങിയ നിങ്ങൾ വികസനത്തിനുവേണ്ടി കാര്യമായിട്ടുള്ള നിലയിൽ എന്തെങ്കിലും വിനിയോഗിച്ചിട്ടുണ്ടോ? നിങ്ങൾതന്നെ നിങ്ങളുടെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗങ്ങളിൽ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ഞാൻ ഇപ്പോൾ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. 2002 മാർച്ച് 8-ന് അവതരിപ്പിച്ച 2002-03-ലെ ബഡ്ജറ്റ് പ്രസംഗം, തൊഴിൽ സംബന്ധിച്ച് ഇപ്രകാരം പറഞ്ഞു "തൊഴിൽ അവസരം സൃഷ്ടിച്ച് ഊർജ്ജിതപ്പെടുത്തുന്നതിനായി അടുത്ത 5 വർഷങ്ങൾക്കുള്ളിൽ 5 ലക്ഷം യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി രൂപീകരിച്ചിരിക്കുന്നു. ഈ പദ്ധതിക്കായി 201 കോടി രൂപ വകയിരുത്തുന്നു. "പേജ് 5 ഖണ്ഡിക 17." എന്ത് ചെയ്തു? എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയെ അറിയിക്കണം. സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഏറ്റവും മുന്തിയ പരിഗണനയിൽ ഒന്ന് അടുത്ത 5 വർഷത്തിനുള്ളിൽ 15 ലക്ഷം തൊഴിലവസരങ്ങൾ എന്ന ലക്ഷ്യത്തോടെ ധൃതഗതിയിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള അനുകൂല സാഹചര്യം വികസിപ്പിച്ചെടുക്കുക എന്നതാണ്. പേജ് 19, ഖണ്ഡിക 109. അടുത്ത വർഷം കുടുംബശ്രീ 50000 സൂക്ഷ്മതല സംരംഭങ്ങൾ ആരംഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പരമാവധി ഒരു ലക്ഷം സ്വയംതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് എനിക്കുറപ്പുണ്ട്. ഉറപ്പ്, കുറുപ്പിന്റെ ഉറപ്പാണോ, ശങ്കരനാരായണന്റെ ഉറപ്പാണോ? എന്താണ് സംഭവിച്ചത് എന്ന് ഞങ്ങൾ കണ്ടു. ഇങ്ങനെ നിങ്ങൾ നടത്തിയിട്ടുള്ള ഈ ഉറപ്പുകളുടെ മുൻകാല ബഡ്ജറ്റ് പ്രസംഗങ്ങൾ ഞാൻ കൂടുതൽ വായിക്കുന്നില്ല. അതിൽനിന്നും വല്ല വ്യത്യാസവും ഇപ്പോൾ നിങ്ങൾ നടത്തിയിട്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിൽനിന്നും സംഭവിക്കാൻ പോകുന്നുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. നമ്മുടെ പരമ്പരാഗത

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങളുടെ സ്ഥിതി, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി, ഇതെല്ലാം ഞാൻ ഒരു പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഇനിയും ആവർത്തിക്കാൻ ശ്രമിക്കുന്നില്ല. ചോദ്യോത്തര സമയത്ത് നമ്മുടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുകയുണ്ടായി, ഒരു പൊതുമേഖലാ സ്ഥാപനം പൂട്ടുന്നതിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ സംരംഭത്തെപ്പറ്റി ഞങ്ങൾ പലപ്രാവശ്യം—മുഖ്യമന്ത്രിയും—ഞാനും—ഇടപെട്ടു. എന്നിട്ട് ഒന്നും തന്നെ കേന്ദ്രഗവൺമെന്റ് സ്വീകരിക്കാതെ മുന്നോട്ടു പോകുകയാണ് എന്ന്. എഫ്.എ.സി.ടി.-യുടെ കാര്യവും ഇവിടെ പല പ്രാവശ്യം ചർച്ച ചെയ്തു. അതും ഇങ്ങനെ മുന്നോട്ടു പോകുകയാണ് എന്നുപറഞ്ഞുകൊണ്ട് നമ്മുടെ 111-ഓളം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിങ്ങൾ എന്താണ് പ്രവർത്തിക്കുന്നത്? അത് ചൂണ്ടിക്കാട്ടിയെങ്കിലും അതുതന്നെയല്ലേ ചെയ്യുന്നത്? കേരളത്തിലെ രാജാധിപത്യ വാഴ്ചയുടെ കാലം മുതൽ സ്വാതന്ത്ര്യം നേടി കേരളം രൂപം കൊണ്ട്, അതിനുശേഷം മാറിമാറി വന്ന ഗവൺമെന്റുകൾ ആരംഭിച്ചിട്ടുള്ള 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരു നല്ല വിഭാഗം ലാഭത്തിൽ നടക്കുന്നതാണ്. മറ്റൊരു വിഭാഗം നഷ്ടത്തിൽ ഓടുന്നതാണ്. അത് പുനരുദ്ധരിക്കേണ്ടതായിട്ടുണ്ട്. അതുസംബന്ധിച്ച് നിങ്ങളുടെ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് ഇതെല്ലാം പുനരുദ്ധരിക്കാൻ കഴിയും എന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടും അത് തള്ളിക്കൊണ്ട് ആർ.സി. ചൗധരി എന്ന ഒരു ബ്യൂറോക്രാറ്റിനെ വച്ചിട്ട് നിങ്ങൾ 28 എണ്ണം ഉടനെതന്നെ പൂട്ടുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം നമ്മുടെ മുഖ്യമന്ത്രിയുടെ മണ്ഡലമായ ചേർത്തലയിൽ നിലകൊള്ളുന്ന 'ആട്ടോ കാസ്റ്റ്' എന്ന പൊതുമേഖലാ സ്ഥാപനത്തെപ്പറ്റി പറഞ്ഞു. അവിടെ 148 ഏക്കറുണ്ടായിരുന്നതിൽ 70 ഏക്കർ വിറ്റുകഴിഞ്ഞു. കമ്മീഷനും വാങ്ങിക്കഴിഞ്ഞു. ഞാനത് ഇവിടെ പറഞ്ഞപ്പോൾ അത് നടന്നിട്ടേയില്ല എന്നാണ് വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. ഇത് വസ്തുതകൾക്ക് നിരക്കുന്നതാണോ? കമ്മീഷൻ വാങ്ങി വിറ്റ കാര്യങ്ങളൊക്കെ ഞാൻ ഇവിടെ പറഞ്ഞതാണ്. അങ്ങനെ നമ്മുടെ പൊതുമേഖലാ സ്ഥാപനത്തിന്റെ കണ്ണായ സ്ഥലങ്ങൾ വിൽക്കുന്നു. അവസാനം കെട്ടിടവും കഴുക്കോലും വരെ വിൽക്കുന്ന നടപടി സ്വീകരിക്കുന്ന നിങ്ങൾക്ക് എങ്ങനെ കേന്ദ്രഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നതിനെ എതിർക്കാനുള്ള ചങ്കൂറ്റമുണ്ടാകുമെന്ന് ഞാൻ ചോദിക്കുകയാണ്. പരമ്പരാഗത വ്യാവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി, ബീഡി, ഫിഷറീസ് എന്നിങ്ങനെയുള്ള വ്യവസായങ്ങളിൽ പണിയെടുത്തുക്കൊണ്ടിരിക്കുന്ന 14 ലക്ഷത്തോളം വരുന്ന ജനങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ദുഃസ്ഥിതി പരിഹരിക്കാൻ വേണ്ടി നിങ്ങൾ അഞ്ച് നയാ പൈസയെങ്കിലും ചെലവ് ചെയ്തിട്ടുണ്ടോ? ബഡ്ജറ്റിൽ ഓരോ പ്രാവശ്യവും നിങ്ങൾ വൻതുക എഴുതിവയ്ക്കും. ഏതെങ്കിലും നിങ്ങൾ ചെലവ് ചെയ്തിട്ടുണ്ടോ? അതുപോലെതന്നെ കൃഷിക്കാരുടെ കാര്യം പറഞ്ഞ് നിങ്ങൾ ധാരാളം കണ്ണീർ വാർത്തിട്ടുണ്ട്. ഇപ്പോൾ റബ്ബറിന് അല്പം വിലകൂടി. നാളികേരത്തിന് അല്പം വിലകൂടി എന്നുപറഞ്ഞ് ലോകമാർക്കറ്റിലെ സ്ഥിതിഗതികളുടെ അടിസ്ഥാനത്തിൽ..... നിങ്ങളുടെയൊന്നും അധികാരം കൊണ്ടല്ല വില കൂടിയത്. അങ്ങനെ വില കൂടിയതിനെ ഞങ്ങളുടെ ഭരണം വന്നതിനുശേഷം വല്ലാത്ത മാറ്റങ്ങളുണ്ടായി എന്നാണ്

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ഇതെല്ലാം താൽക്കാലികമാണ്. ആ കൃഷിക്കാരെ സഹായിക്കാൻ നിങ്ങൾ എന്തുചെയ്തു. 219 കോടി രൂപ മാറ്റിവച്ചു. അതുപോരാഞ്ഞിട്ട് സർക്കാർ ജീവനക്കാർ വളരെ ലാവിഷായിട്ടുള്ള ജീവിതം നയിക്കുകയാണെന്നു പറഞ്ഞ് അവരുടെ ശമ്പളത്തിൽ നിന്ന്, കൃഷിക്കാരെ സഹായിക്കാൻ കുറച്ച് പിടിച്ചെടുക്കണമെന്നു പറഞ്ഞുകൊണ്ട് പത്തുമുപ്പത്തിരണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഒരു പണിമുടക്കിലേക്ക് അവരെ തള്ളിവിട്ടുകൊണ്ട് അവരിൽനിന്ന് പൈസ പിടിച്ചെടുത്തു. 500 കോടിയിൽപരം രൂപയാണ് പിടിച്ചെടുത്തത്. എന്നിട്ട് അഞ്ച് കാശെങ്കിലും ആ കൃഷിക്കാർക്ക് നിങ്ങൾ നൽകിയോ. ഏതു വിഭാഗത്തെ സഹായിച്ചുവെന്നാണ് നിങ്ങൾ പറയുന്നത്. ഈ നിലയിൽ കൃഷിക്കാരെയും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളേയും, പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളേയും എല്ലാം നിങ്ങൾ കണ്ണീർ കുടിപ്പിക്കുകയും ആത്മഹത്യക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. കെ. എ. ചന്ദ്രൻ പാലക്കാടുള്ള കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ച് പറയുകയുണ്ടായി. പാലക്കാടുള്ള കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ചും, കൃഷിക്കുള്ള വെള്ളം സംബന്ധിച്ചുമെല്ലാം അവിടത്തെ ജനങ്ങൾ നിവേദനം നൽകുകയും മന്ത്രിമാരുടെ മുമ്പിൽ വന്ന് കരയുകയും, മന്ത്രിമാരുടെ ഓഫർ വാങ്ങിക്കൊണ്ട് രണ്ടാം വിള ഇറക്കട്ടെ, വെള്ളം ലഭിക്കുമെന്ന് ഉറപ്പുതരാമോ എന്ന് മുഖ്യമന്ത്രിയോടും ഇറിഗേഷൻ വകുപ്പുമന്ത്രിയോടും ചോദിച്ചു. അവരുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കെട്ടുതാലിവരെ വിറ്റിട്ട് അവർ രണ്ടാം കൃഷിയിറക്കുകയും ചെയ്തു. നെൽക്കുല വന്നപ്പോൾ ആ നെൽക്കതിരുകൾ കരിയുകയാണ്. ആവശ്യത്തിന് വെള്ളമില്ല, പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് നമുക്ക് തരേണ്ട വെള്ളം നിഷേധിച്ചപ്പോൾ നമ്മൾ കത്തുകളയയ്ക്കുന്നു, ടെലഗ്രാം അയയ്ക്കുന്നു, ഫോൺ വിളിക്കുന്നു എന്നൊക്കെയാണ് കൃഷിക്കാരുടെ പ്രതിനിധികളോട് മുഖ്യമന്ത്രിയും, ഇറിഗേഷൻ വകുപ്പുമന്ത്രിയും പറയുന്ന മറുപടി. നമ്മൾ നമ്മുടെ ജലസംഭരണികളെ നിയന്ത്രിക്കാൻ വേണ്ടി ഒരു നിയമം ഇവിടെ പാസ്സാക്കി വച്ചിട്ടുണ്ട്. അത് പുഴുങ്ങാനാണോ പാസ്സാക്കി വച്ചിരിക്കുന്നത്. അതനുസരിച്ച് നമ്മൾ ചില നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ഇന്ന് നമ്മൾ തമിഴ്നാട് മന്ത്രിമാരുടേയും, മുഖ്യമന്ത്രിയുടേയും വീട്ടു വാതിൽക്കൽ പോയി കിടക്കുകയോ, അല്ലെങ്കിൽ അവർക്ക് കത്തുകൾ അയയ്ക്കുകയോ, ടെലഗ്രാം അയയ്ക്കുകയോ ചെയ്യുന്നതിന് പകരം ഇവിടെ നമ്മളെ ആശ്രയിക്കത്തക്കതരത്തിലുള്ള നടപടി സ്വീകരിക്കുവാൻ നമുക്ക് കഴിയുകയില്ലേ? അതിനുള്ള ധീരമായ നടപടിയെടുക്കാൻ നമുക്ക് കഴിയുകയില്ലേ? അതിന് നിങ്ങളെ തടസ്സപ്പെടുത്തുന്ന ശക്തികൾ ആരാണ്? ഓരോ കാലത്തും അധികാരത്തിൽ വരികയും, മന്ത്രിമാരാവുകയും, കുറച്ച് പണമുണ്ടാകുമ്പോൾ തമിഴ്നാട്ടിൽ കുറച്ച് സ്ഥലങ്ങൾ വാങ്ങുകയും തോട്ടമുണ്ടാക്കുകയും അതെല്ലാം നോക്കുകയുമൊക്കെ ചെയ്യുന്ന മാന്യൻമാരായ ആളുകൾക്കും വെള്ളം വേണ്ടേ? ആ ആളുകൾക്ക് നമ്മുടെ കൃഷിക്കാർ കരയുകയും, ആത്മഹത്യ ചെയ്യുകയും, മുടിയുകയും ചെയ്യുന്നതിൽ ദു:ഖമുണ്ടാവുകയില്ല. നിങ്ങൾക്ക് ആത്മാഭിമാനമുണ്ടെങ്കിൽ ഈ കൊള്ളരുതായ്മക്കെതിരായിട്ട് ശക്തമായ സമീപനമെടുക്കണ്ടേ? കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി എന്നാണ് നിങ്ങൾ പറയുന്നത്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു തരത്തിലുമുള്ള ശക്തമായ നിലപാടും എടുത്തിട്ടില്ല. അയൽ സംസ്ഥാനം നമ്മുടെ വായിലിട്ട് കുത്തിയിട്ടും നമ്മുടെ കൃഷിക്കാരന്റെ വേദനയ്ക്ക് പരിഹാര മുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന സത്യം ഉയർന്നുനിൽക്കുകയാണ്. ആ കാര്യവും അതിനോടുള്ള ഗവൺമെന്റിന്റെ പ്രതിഷേധവും ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. നിങ്ങൾ ഏതാണ്ട് 495 കോടി രൂപയുടെ പുതിയ നികുതിയാണ് അടിച്ചേല്പിച്ചിട്ടുള്ളത്. അതിൽ ഒരു ഏക്കർ റബ്ബർ തോട്ടമുള്ള കൃഷിക്കാരന്റെ വായ്ക്കകത്തു വരെ നിങ്ങൾ കൈവച്ചിരിക്കുകയാണ്. അതിന്റെ ആവശ്യമുണ്ടോ? അത് ശരിയായിരുന്നോ? നിങ്ങൾ ആലോചിക്കേണ്ടതാണ്. റബ്ബർ കൃഷിക്കാരിൽതന്നെ ധാരാളം വരുമാനമുണ്ടാക്കുന്ന പ്രമാണിമാരായിട്ടുള്ള ആളുകൾ നിങ്ങളുടെ പുറകിലും രാജ്യത്താകെയുമുണ്ട്. അവരുടെയെല്ലാം മേൽ എത്ര നികുതി ഈടാക്കുന്നതിനും ഞാൻ എതിരല്ല. അവരെയാണ് തൊടേണ്ടത്. ഇപ്പോൾതന്നെ കണ്ണീർ കുടിച്ചുകഴിയുന്ന പാവപ്പെട്ട കൃഷിക്കാരെ നികുതിമൂലം ദ്രോഹിക്കുക എന്നതാണ് നിങ്ങളുടെ സമീപനം. അതുപോലെതന്നെ പാലക്കാടും പരിസര പ്രദേശങ്ങളിലും വെള്ളം കൊടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ചന്ദ്രൻ സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് പ്രസംഗിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്, ധാരാളം വെള്ളം ലഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ്. തുടർന്ന് അത് ശക്തമായ നിലയിൽ തുടരാൻ പോവുകയാണെന്നും പറഞ്ഞു. കുരിയാർകുറ്റി-കാരപ്പാറയെപ്പറ്റിയൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിവരിച്ചു. അതുപോലുള്ള ഒരു പദ്ധതിയാണ് വെള്ളിയാങ്കൽ റെഗുലേറ്റർ കം-ബ്രിഡ്ജ് 1997-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 35 കോടിയിൽപരം രൂപ ചെലവാക്കി ആരംഭിച്ച ആ പദ്ധതിയുടെ കാലാവധി അവസാനിക്കാൻ പോവുകയാണ്. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു നയാപൈസപോലും അതിന് നീക്കിവച്ചിട്ടില്ല. പാലക്കാട്ടുകാരനായ ധനകാര്യവകുപ്പുമന്ത്രി അതൊക്കെ എന്തേ മറന്നുപോയി എന്നെനിക്ക് മനസ്സിലാകുന്നില്ല. അതുപോലുള്ള പദ്ധതിക്ക് ആവശ്യം വേണ്ട പണം വച്ചിട്ട് നമുക്കുതന്നെ നമ്മുടെ പദ്ധതികൾ വഴി നമ്മുടെ കൃഷിക്കാർക്ക് വെള്ളം എത്തിക്കാവുന്ന തരത്തിലുള്ള പദ്ധതികൾക്ക് എന്തുകൊണ്ടാണ് മുൻഗണന നൽകാതിരുന്നത് എന്നാണ് എനിക്ക് മനസ്സിലാകാത്തത്. ആ പദ്ധതിക്കാവശ്യമായ പണം അടിയന്തിരമായി ഉൾപ്പെടുത്തുന്ന കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആരേയും ഉപദ്രവിക്കാതെ ഭാഗ്യപരീക്ഷണം വഴി ഖജനാവിൽ പണം കിട്ടിക്കൊണ്ടിരുന്ന ഒന്നാണ് നമ്മുടെ ലോട്ടറി. നമ്മുടെ ലോട്ടറിയെ തോല്പിക്കുന്ന തരത്തിൽ ഓൺലൈൻ ലോട്ടറിക്കാരൻ എന്നുപറയുന്ന വമ്പിച്ച ചൂതാട്ടക്കാരൻ നമ്മുടെ കേരളത്തിലേക്ക് വരികയും നമ്മുടെ ലോട്ടറിയെ പരാജയപ്പെടുത്തിക്കൊണ്ട് അവൻ ഇന്ന് വില്ലാളിവീരനായിട്ട് ഇവിടെ വിലസുകയുമാണ്. എന്തുകൊണ്ടാണ് ആ ലോട്ടറി നിരോധിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ച് നമ്മുടെ നാട്ടിൽ ഏതാണ്ട് പതിനായിരക്കണക്കിന് ആളുകൾ തൊഴിലെടുത്ത് ജീവിക്കുകയും ഖജനാവിൽ ഏതാണ്ട് 140 കോടി രൂപ വരുമാനമുണ്ടാക്കുകയും ചെയ്തിരുന്ന നമ്മുടെ ലോട്ടറി സമ്പ്രദായം പുന:സ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനും അത് ശരിയായ രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കാത്തത് എന്നാണ് എനിക്ക് മനസ്സിലാകാത്തത്? ഓൺലൈൻ ലോട്ടറിയുടെ കാര്യത്തിൽ ഗവൺമെന്റ് ഇപ്പോൾ എടുത്തുക്കൊണ്ടിരിക്കുന്ന നടപടി ഒളിച്ചുകളിയാണ് എന്നാണ് എന്റെ അഭിപ്രായം. എന്തൊക്കെയോ നിയന്ത്രണം വരുത്തിക്കൊണ്ട് അവർക്ക് വീണ്ടും ഇവിടെ ലോട്ടറി വില്പന നടത്താനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. ഈ ലോട്ടറിയിൽ അടിക്കുന്ന സമ്മാനങ്ങളിൽ 90 ശതമാനവും അവർക്ക് തന്നെയാണ് ലഭിക്കുന്നത്. പരമതട്ടിപ്പാണ് ഓൺലൈൻ ലോട്ടറി എന്ന് മനസ്സിലാക്കിയിട്ടും അവർക്ക് ഇവിടെ വിഹരിക്കുവാൻവേണ്ടി അവസരം കൊടുക്കുക എന്നുപറഞ്ഞാൽ നമ്മുടെ ലോട്ടറി സമ്പ്രദായം വഴി ഖജനാവിൽ വരുന്ന പണം ഇല്ലായ്മ വരുത്തുകയാണ്. ഇത് അനുവദിക്കുന്നതിന്റെ ഫലമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കോ മന്ത്രി തലത്തിലോ എന്തെങ്കിലും കമ്മീഷൻ കിട്ടുന്നുണ്ടോ എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കമ്മീഷൻ ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുസംബന്ധിച്ച് ശക്തമായ നിലപാട് സ്വീകരിച്ച് ഈ ലോട്ടറി നിരോധിക്കാത്തതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ മറ്റൊരു പ്രഖ്യാപനം എല്ലാം വായിക്കുന്ന കൂട്ടത്തിൽ ഇതുംകൂടി വായിച്ചില്ലെങ്കിൽ മോശമാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, 2001 മേയ് മാസത്തിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച 'കേരളത്തിന്റെ നവോത്ഥാനത്തിന് ഒരു നയരേഖ' എന്ന പേരിലുള്ള പ്രകടന പത്രികയിൽ വൈദ്യുതി മേഖലയെക്കുറിച്ച് പേജ് നമ്പർ 27-ൽ ഇപ്രകാരം പറയുന്നു. 250 ചെറുകിട ജലവൈദ്യുത പദ്ധതിയിലൂടെ ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പുറമെ അംഗീകാരം ലഭിച്ച ഉല്പാദന പദ്ധതികൾ ഏറ്റെടുത്ത് 882 മെഗാവാട്ട് വൈദ്യുതികൂടി മൂന്ന് കൊല്ലത്തിനകം കൂടുതലായിട്ട് ഉല്പാദിപ്പിക്കും. ഇതനുസരിച്ച് യു.ഡി.എഫ്. ഗവൺമെന്റ് മൂന്നുവർഷം പൂർത്തിയാക്കുവാൻ പോകുന്ന ഈ അവസരത്തിൽ അധികമായി ഉല്പാദിപ്പിക്കപ്പെടേണ്ടിയിരുന്നത് 628 മെഗാവാട്ടാണ്. 2002-03-ലേയും 2003-04-ലേയും ബഡ്ജറ്റ് പ്രസംഗങ്ങളിൽ അധിക വൈദ്യുതിയെക്കുറിച്ച് മൗനം പാലിച്ച ഗവൺമെന്റ് മൂന്ന് വർഷത്തിനുള്ളിൽ പ്രഖ്യാപിച്ചവൈദ്യുതി ഉണ്ടാക്കുവാൻ കഴിഞ്ഞില്ല എന്നതോ പോട്ടെ, ആകെ വൈദ്യുതി ഉല്പാദിപ്പിച്ചത് എത്രയാണ്? ഈ മൂന്ന് കൊല്ലം കഴിയുമ്പോഴേക്ക് 12 മെഗാവാട്ടാണ്. ഞങ്ങൾ കേരളം ഭരിച്ചുക്കൊണ്ടിരുന്നപ്പോൾ പാലക്കാട് കാറ്റിൽനിന്ന് ഉണ്ടാക്കുന്ന വൈദ്യുതി, അന്നു മുതൽ കറക്കിക്കൊണ്ടിരിക്കുന്ന പങ്ക ഇപ്പോഴും നിങ്ങൾ കറക്കുകയാണ്. അതിലൂടെ വരുന്നതാണ് ഈ 12 മെഗാവാട്ട് വൈദ്യുതി. അതല്ലാതെ അരക്കഴഞ്ച് വൈദ്യുതിയെങ്കിലും നിങ്ങൾ അധികമായി ഉല്പാദിപ്പിച്ച് ഈ കേരളത്തിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ടോ? നിങ്ങളുടെ അവകാശവാദം പൂർത്തീകരിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് ചോദിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ മുഖ്യമന്ത്രി ചെലവ് ചുരുക്കലിന്റെ പ്രധാനപ്പെട്ട ആളാണ്. അദ്ദേഹം ഏറ്റവും

ലളിതമായ അമ്പാസിഡർ കാറിലാണ് സഞ്ചരിക്കുന്നത്. അദ്ദേഹം ഡൽഹിയിലോ മറ്റ് സ്ഥലങ്ങളിലോ പോകുമ്പോൾ സാധാരണക്കാരൻ എടുക്കുന്ന ടിക്കറ്റ് എടുത്തേ സഞ്ചരിക്കൂ. ഇങ്ങനെ വളരെ മാതൃകാപരമായിട്ട് ജീവിക്കുന്ന അദ്ദേഹത്തിന്റെ കൂട്ടാളൻമാരായ 19 മന്ത്രിമാരെക്കൊണ്ടുകൂടി ഈ മാതൃക സ്വീകരിപ്പിക്കുവാൻ, അനുകരിപ്പിക്കാൻ ഈ രണ്ടേമുക്കാൽ കൊല്ലംകൊണ്ട് കഴിഞ്ഞിട്ടുണ്ടോ? കഴിയുന്നുണ്ടോ? നമ്മുടെ വിദ്യാഭ്യാസ മന്ത്രി പുതിയതായി എയ്ഡഡ് സ്കൂളുകൾ ഇഷ്ടംപോലെ അനുവദിക്കുകയാണ്. കോഴ്സുകൾ ഇഷ്ടംപോലെ അനുവദിക്കുകയാണ്. എയ്ഡഡ് സ്കൂളുകൾ അനുവദിക്കുകയും കോഴ്സുകൾ അനുവദിക്കുകയും ചെയ്താൽ ഖജനാവിലെ പണം എണ്ണികൊടുക്കേണ്ടതുണ്ട് എന്ന് ഞാൻ പ്രത്യേകം പറയേണ്ടതായിട്ടില്ല. മുഖ്യമന്ത്രിക്ക് അതിന്മേൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടോയെന്ന് എനിക്ക് അറിയില്ല. അദ്ദേഹം പാണക്കാട് പ്രസിഡന്റിനെ കണ്ട് സന്തോഷിപ്പിച്ച് തിരിച്ചുവന്നിരിക്കുകയാണ്. ന്യൂനപക്ഷ പരിരക്ഷ എന്നുള്ള നിലയിൽ ഇതെല്ലാം പെടുമോ? കാശ് കൂടുതൽ കൂടുതൽ ചെലവഴിക്കുമ്പോഴും പാണക്കാട് ചെന്ന ഓർമ്മയും, കൊടുത്ത ഉറപ്പും, ന്യൂനപക്ഷ പരിരക്ഷ എന്നുള്ള നിലയിൽ സൂപ്പി സാഹിബിന്റെ ഈ ചെലവിന്റെ മേൽ ഒന്നും ചെയ്യാൻ കഴിയില്ല. പരിരക്ഷ വാഗ്ദാനലംഘനം വരുമോയെന്ന ഭയം. അങ്ങനെ ഇഷ്ടംപോലെ പണം പലതിലും ചെലവ് ചെയ്തുകൊണ്ടിരിക്കുമ്പോൾ ഈ ഗവൺമെന്റ് ഏതാണ്ട് പതിനയ്യായിരത്തിൽപ്പരം തസ്തികകൾ കൃഷിവകുപ്പിലും മറ്റ് വകുപ്പുകളിലും വെട്ടിക്കുറച്ചു. നിയമന നിരോധനം നേരത്തേ ഉണ്ടായിരുന്നു. അത് എടുത്തുകളഞ്ഞു എന്ന പ്രഖ്യാപനം വന്ന അന്നുതന്നെയാണ് ഈ വെട്ടിക്കുറയ്ക്കൽ. അതേയവസരത്തിൽ ഞാൻ ചോദിക്കുന്നു, ചെലവ് ചുരുക്കലിന്റെ ആളുകളായ നിങ്ങൾ വനംവകുപ്പിൽ ഏതാണ്ട് പ്രതിവർഷം അഞ്ച് ലക്ഷത്തിൽപരം രൂപയിൽ കുറയാതെ ശമ്പളം പറ്റുന്ന ഏറ്റവും ഉയർന്ന 24 തസ്തികകളിൽ ഇപ്പോൾ നിയമനം നടത്തിയില്ലേ? അതുപോലെതന്നെ പോലീസ് വകുപ്പിൽ വൻശമ്പളം പറ്റുന്ന ഏതാണ്ട് ഇരുപതോളം ഉയർന്ന തസ്തികകളിൽ നിങ്ങൾ നിയമനം നടത്തിയില്ലേ? പോലീസ് വകുപ്പിലും വനംവകുപ്പിലും ഒക്കെ ഉയർന്ന തസ്തികകൾ സൃഷ്ടിച്ച് നിങ്ങൾ അവരെ നിയമിക്കുമ്പോൾ നമ്മുടെ നിയമ സമാധാനത്തിന്റെ സ്ഥിതി എന്തെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ? ഇന്നത്തെ അടിയന്തിര പ്രമേയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ശ്രീ കെ. വി. കുഞ്ഞിരാമൻ ഉപയോഗിച്ച ഒരു വാചകത്തെപിടിച്ച് അവിടെ സമാധാനമാണെന്ന്, അദ്ദേഹം ശക്തമായി പറഞ്ഞിരിക്കുന്നത്, നിങ്ങളുടെ കൂട്ടുകാരായ ന്യൂനപക്ഷ സാമുദായിക വാദികളും മത തീവ്രവാദികളും ഭൂരിപക്ഷ മത സാമുദായിക വാദികളും മത തീവ്രവാദികളുമാണ് അവിടെ അടിപിടി നടത്തിയതെന്നുള്ള സത്യം നിങ്ങൾ നിഷേധിച്ചില്ല. എന്റെ സ്നേഹിതൻ ശ്രീ. കെ. ശങ്കരനാരായണൻ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്രത്തിലെ എൻ.ഡി.എ. മുന്നണി എന്നുപറഞ്ഞ് വളരെ ശക്തമായ നിലയിൽ ഒരു ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. വർഗ്ഗീയ മുന്നണി ഈ രാജ്യത്തിന് എത്ര ആപത്താണ് വരുത്താൻ പോകുന്നത് എന്ന മുന്നറിയിപ്പ് ഈ സഭയിൽ അദ്ദേഹം തന്നു. ഞാൻ ചോദിക്കുകയാണ് നിങ്ങളുടെ മുന്നണി എന്ത് മുന്നണിയാണ്? ശ്രീ. കുഞ്ഞിരാമൻ പറഞ്ഞതല്ലേ കാരണം. ഭൂരിപക്ഷ വർഗ്ഗീയ സാമുദായിക മതഭ്രാന്തൻമാരേയും ന്യൂനപക്ഷ മത സാമുദായിക മത തീവ്രവാദികളേയും കൂട്ടുപിടിച്ചുകൊണ്ടുള്ള ഈ മുന്നണിയുടെ ഒരു ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ഇങ്ങനെ ഇരുന്നിട്ട് വടക്കോട്ട് നോക്കിക്കൊണ്ട് ശ്രീ. വാജ്പേയിയുടെ മുന്നണിയെ അവഹേളിക്കുന്നത് എത്ര പരിഹാസ്യമാണ്? അങ്ങനെയുള്ള ഈ പരാമർശങ്ങൾ പരാമർശിക്കുവാൻ കൊള്ളാവുന്ന ആളുകൾ ഇപ്പുറത്തിരിപ്പുണ്ട്, അവരോട് പറയണം ഇങ്ങനെ പറഞ്ഞ് സഹകരിക്കണമെന്ന്. നിങ്ങൾക്ക് ഇങ്ങനെ പറയുവാനുള്ള അവകാശമുണ്ടോയെന്ന് ചോദിക്കുകയാണ്? നിങ്ങളുടെ നേതാവായ സോണിയാഗാന്ധി ഇപ്പോൾ ദേശീയാടിസ്ഥാനത്തിൽ പടുത്തുയർത്താൻ പോകുന്ന ഒരു മതേതര മുന്നണിയെപ്പറ്റിയും കേട്ടു. അത് രൂപംകൊണ്ടുവരുന്നതിനകത്തുതന്നെ നിങ്ങളുടെ ഇവിടത്തെ മുന്നണിയെപ്പോലെതന്നെ ദേശീയത്വത്തിലും കിടക്കുന്നു. വർഗ്ഗീയ മുന്നണിയിൽപ്പെട്ട ഘടകങ്ങൾ. അത് ചൂണ്ടിക്കാണിച്ച് തൊഗാഡിയമാർ, ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കാൻപോകുന്ന അവസരത്തിൽ വില്ലാളിവീരൻമാരായി നാലഞ്ച് സ്ഥലത്ത് നടന്ന അസംബ്ലി ഉപതെരഞ്ഞെടുപ്പിൽ ജയിച്ചു എന്ന് കണ്ടുകൊണ്ട് ഈ അവസരംനോക്കി ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിയാൽ വിജയം അടിച്ചെടുക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വാജ്പേയിയും കൂട്ടരും മുന്നോട്ടുവരുമ്പോൾ ഇത്തരത്തിലുള്ള മുന്നണി തട്ടിക്കൂട്ടി ഉണ്ടാക്കിയാൽ തൊഗാഡിയമാർ നിങ്ങളെ കളിയാക്കുകയില്ലേ? പരിഹസിക്കുകയില്ലേ? അത്തരം മുന്നണികൾ രൂപീകരിച്ച് ബി.ജെ.പി.-യുടേയും എൻ.ഡി.എ.-യുടേയും ആക്രമണത്തെ പ്രതിരോധിക്കാമെന്നുള്ളത് ഇന്ത്യയിലെ ജനാധിപത്യ മതേതര ശക്തികൾക്ക് ഒരു തരത്തിലുള്ള ആത്മവിശ്വാസവും നൽകുന്നതല്ല എന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കട്ടെ. വിശേഷിച്ച് നിങ്ങളുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ കാര്യങ്ങൾ പറഞ്ഞുകൊണ്ടുള്ള ഒരു സമീപനവും നന്നായില്ല എന്നു ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. കണിശമായിട്ടും ബി.ജെ.പി.-യുടേയും എൻ.ഡി.എ.-യുടേയും നീക്കത്തിനെതിരായി ദേശീയാടിസ്ഥാനത്തിലുള്ള വോട്ടിന്റെ സ്ട്രെംഗ്ത് നോക്കുമ്പോൾ ഇന്ത്യയിലെ മതേതര ജനാധിപത്യ ശക്തികളെ നിഷ്കളങ്കമായി അണിനിരത്താൻ കഴിഞ്ഞാൽ, ആദർശനിഷ്ഠമായ നിലയിൽ അണിനിരത്താൻ കഴിഞ്ഞാൽ ബി.ജെ.പി.-യുടെ ഭ്രാന്തമായ നീക്കത്തെ പരാജയപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാനുള്ള ശക്തി ഇന്ത്യയിലെ ജനങ്ങൾക്കും ജനാധിപത്യ ശക്തികൾക്കും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്.അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ബഡ്ജറ്റ് ഭരണഘടനാ വിരുദ്ധമാണ്. വകുപ്പുകൾക്ക് ബഡ്ജറ്റിൽ നിർദ്ദേശിക്കുന്നതുപോലെയുള്ള തുകകൾ സ്വതന്ത്രമായി ചെലവു ചെയ്യുന്നതിനുവേണ്ടിയുള്ള അവകാശവും അധികാരവും നിഷേധിക്കുന്നു എന്നുമാത്രമല്ല, ധനകാര്യവകുപ്പ് മെമ്മോ ക്ലിയറൻസ് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കുറേശ്ശെ പണം കൊടുക്കുന്നു. കഴിഞ്ഞ മൂന്ന് ബഡ്ജറ്റിന്റെ സന്ദർഭത്തിലും ഏതാണ്ട് 2500 കോടി രൂപ, കേന്ദ്രത്തിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ടതായിട്ടുള്ള തുക ഇവരുടെ പിടിപ്പുകേടുകൊണ്ടും ഭരണഘടനാവിരുദ്ധമായ നടപടികളുടെ ഫലമായിട്ടും നഷ്ടപ്പെടുകയാണുണ്ടായത്. ഇത്തവണ 4800 കോടി രൂപയുടെ കാര്യം ബഡ്ജറ്റിൽ പറയുന്നു, അങ്ങേയറ്റം പോയാൽ 2800 അല്ലെങ്കിൽ 3,000 കോടി രൂപയിൽ കൂടുതൽ ചെലവാകാൻ പോകുന്നില്ല. ആ തരത്തിൽ അയഥാർത്ഥമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയിട്ടുള്ളതാണ് ഈ ബഡ്ജറ്റ് എന്നുള്ളതുകൊണ്ട് ഇതിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം മുഴുവൻ ഞാൻ കേട്ടു. കഴിഞ്ഞ സമ്മേളനത്തിലെ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗവും ഈ ബഡ്ജറ്റ് പ്രസംഗവും തമ്മിൽ വലിയ വ്യത്യാസം ഞാൻ കണ്ടു. പുറത്തുനടത്തിയ അദ്ദേഹത്തിന്റെ പ്രസ്താവനയും ഞാൻ വായിച്ചു. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിനെ എ. ഡി.ബി.-ക്കാർ എഴുതിയ ബഡ്ജറ്റ് എന്നാണ് പറഞ്ഞത്. ഈ പ്രാവശ്യം എ. ഡി. ബി.-യുടെ പേരുപോലും അങ്ങ് പറഞ്ഞിട്ടില്ല എന്നുള്ള കാര്യം മനസ്സിലാക്കണം. അങ്ങു പറഞ്ഞില്ല.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. എബ്രഹാമും കൂടിയാണ് മുഖ്യമന്ത്രിയുടെ തലയ്ക്കുമുകളിലിരുന്നിട്ട് ചെലവു ചെയ്യുന്നത് എന്ന് പറഞ്ഞത് ശ്രീ. ആര്യാടൻ മുഹമ്മദ് കേട്ടില്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു കാര്യം അങ്ങ് മനസ്സിലാക്കണം. 5 കൊല്ലം ഫിനാൻസ് നിലനിർത്തിയത് ശ്രീ. എബ്രഹാമാണ്. അന്നൊന്നും അങ്ങയ്ക്ക് തോന്നിയില്ല ഇപ്പോൾ എബ്രഹാമിന്റെ പേരുപറഞ്ഞാൽ എ. ഡി. ബി. ആയി. അസംബ്ലിയിലുള്ള എന്റെ പ്യൂൺ തങ്കയ്യന്റെ പേരുപറഞ്ഞാൽ എ. ഡി. ബി. ആകുമോ? അങ്ങനെ പ്പോലുള്ള ഒരാൾ ബഡ്ജറ്റ് എ. ഡി. ബി.-യുടെ നിർദ്ദേശ പ്രകാരമാണ് തയ്യാറാക്കി യതെന്നു പറയുന്നത് എന്തു കഷ്ടമാണ്? എ. ഡി. ബി.-ക്കാർ എഴുതിയതെന്നു മാത്രമല്ല, സബ്സിഡികൾ കട്ട് ചെയ്തു, പബ്ലിക് സെക്ടറിന് ഒന്നുമില്ല എന്നെല്ലാം മാർക്സിസ്റ്റുപാർട്ടി കഴിഞ്ഞ പ്രാവശ്യം പ്രസംഗിച്ചിരുന്നു. ഡോ. തോമസ് ഐസകിന്റെ പ്രസ്താവനകളും കണ്ടു. എ. ഡി. ബി.-ക്കാരെക്കുറിച്ച് ഒരക്ഷരം പറയുന്നില്ല. എന്താണ് അങ്ങു പറഞ്ഞത്? എന്താണ് ഡോ. തോമസ് ഐസക് പറഞ്ഞത്? എന്താണ് നിങ്ങളുടെ പാർട്ടിക്കാർ പറഞ്ഞത്? ഇത് തെരഞ്ഞെടുപ്പ് ബഡ്ജറ്റ് എന്നാണ് പറഞ്ഞത്. തെരഞ്ഞെടുപ്പ് ബഡ്ജറ്റ് എന്നു പറഞ്ഞാൽ എന്താണ്? സാധാരണ ജനങ്ങൾക്ക് പ്രിയങ്കരമായ ബഡ്ജറ്റ് എന്നാണ്. നിങ്ങൾ തന്നെ സമ്മതിക്കുന്നു ഇത് സാധാരണ ക്കാരായ ജനങ്ങൾക്ക് പ്രിയങ്കരമായ ബഡ്ജറ്റാണെന്ന്. പ്രതിപക്ഷമാകെ സമ്മതിക്കുക യാണ്. ദേശാഭിമാനി എഴുതിയത് എന്താണ്? ഇത് തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ബഡ്ജറ്റ് എന്നാണ്. അംഗവൈകല്യമുള്ള ആളുകൾക്ക് 150 രൂപയാക്കി കൊടുത്തില്ലേ? അതിന് അങ്ങ് എതിരാണല്ലേ? എ. ഡി. ബി. അല്ല കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റുണ്ടാക്കിയതും എ. ഡി. ബി.-യുടെ നിർദ്ദേശമല്ല ഈ പ്രാവശ്യത്തെ ബഡ്ജറ്റു ണ്ടാക്കിയതെന്നുമുള്ള കാര്യം വ്യക്തമായില്ലേ? ഞാൻ അതുകൊണ്ടു തന്നെയാണ് ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നത്. ഇത് ജനങ്ങൾക്ക് പ്രിയങ്കരമായ ബഡ്ജറ്റ് ആണ്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ഒരു കാര്യം അങ്ങുപറഞ്ഞു. മെമ്മോ ക്ലിയറൻസ് ഇവിടെ നടപ്പാക്കിയിരിക്കുന്നു, ഒരു മാസത്തേയ്ക്കുള്ള സംഖ്യ ഇത്രയാണ്, ആ സംഖ്യ മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം കൊടുത്തിരിക്കുന്നു എന്നാണ്. 2002-03-ലെ അത്രയും സംഖ്യ ചെലവിട്ട ഒരു കാലം കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ബഡ്ജറ്റ് ഇൻ ബ്രീഫ് നിങ്ങൾ എടുത്തു നോക്കൂ, സി. ആന്റ് എ. ജി. യുടെ ഫിനാൻസ് അക്കൗണ്ട് കൊടുത്തുനോക്കൂ. അപ്രോപ്രിയേഷൻ അക്കൗണ്ട് എടുത്തുനോക്കൂ.

എന്താണ് സ്ഥിതി? അപ്രോപ്രിയേഷൻ അക്കൗണ്ട് നോക്കിയാലും സി. ആന്റ് എ. ജി.-യുടെ അക്കൗണ്ട് നോക്കിയാലും വളരെ ക്ലിയറായി മനസ്സിലാകുന്നുണ്ട്. എന്താണ്? 2001-02-ൽ നിങ്ങൾ തകർത്ത് ശ്രീ. ശങ്കരനാരായണനെ ഏൽപ്പിച്ചപ്പോൾ (ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വന്നപ്പോൾ) റവന്യൂ ചെലവ് 11,662.03 കോടി രൂപ മാത്രമായി 2003 ആയപ്പോൾ എത്രയാണ് ചെലവിട്ടത്? റവന്യൂ അക്കൗണ്ടിൽ 14,756 [illegible] പ്ലാപിറ്റൽ എക്സ്പെൻഡിച്ചർ 948.67 കോടി രൂപയായിരുന്ന സ്ഥാനത്തും ഞങ്ങൾ [illegible]പലായി ചെലവിട്ടത് 3094 കോടി രൂപ കൂടുതലാണ്. 3094 കോടി രൂപ എന്നു പറഞ്ഞാൽ കേരളത്തിന്റെ ചരിത്രത്തിലെ റിക്കാർഡാണെന്നുള്ള കാര്യം മനസ്സിലാക്കണം. ഒരു മാസത്തേയ്ക്കുള്ള ചെലവിന് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന് കൊടുത്തതു കൊണ്ട് ഇവിടെ ഗുണമാണ് ഉണ്ടായത്. അങ്ങുപറഞ്ഞതുപോലെ നഷ്ടമുണ്ടായിട്ടില്ല. ഈ ബഡ്ജറ്റ് ഭരണഘടനാ വിരുദ്ധമാണെന്ന് അങ്ങുപറഞ്ഞു. ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. ഇന്ന് ഡൽഹിയിലെ സ്ഥിതി എന്താണ്? ബഡ്ജറ്റ് പാസ്സാക്കി കഴിഞ്ഞാൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന് ആ പണം എൽ. സി. ഇല്ലാതെ ചെലവാക്കാം. അങ്ങനെയായിരുന്നു ഒരു കാലഘട്ടത്തിൽ കേരളവും. അത് മാറിയത് എങ്ങനെയാണ്? നമുക്ക് സാമ്പത്തികമായി പരാധീനത വന്നപ്പോൾ എൽ. സി. സമ്പ്രദായം കൊണ്ടുവന്നു. എൽ. സി. ഭരണഘടനാ വിരുദ്ധമാണെന്ന് അങ്ങ് പറയുമോ? അങ്ങേയ്ക്ക് പറയാൻ സാധിക്കുകയില്ല. അങ്ങയുടെ നേതാവായ ഇ. എം. എസ്. ഭരിക്കുന്ന കാലത്ത് എൽ. സി. ഉണ്ട്. ഇവിടെ ഇടതുപക്ഷ നേതാക്കൻമാർ ഭരിച്ച കാലത്തെല്ലാം എൽ. സി. ഉണ്ട്. അതിനെക്കാളും ഗുണകരമായൊരു സമ്പ്രദായമായി മെമ്മോ ക്ലിയറൻസ് മാറി എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം ഇവിടെ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ ചെലവുകൾ കൂടിയിരിക്കുകയാണ്. പ്ലാനിന്റെ കാര്യം നിങ്ങൾ നോക്കൂ. പ്ലാനിൽ 2002-03-ൽ 1500 കോടി രൂപയാണ് വർദ്ധനവ് അതുപോലെ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അതു വെട്ടിക്കുറച്ചുകൊണ്ട് വരികയല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങയോട് പറഞ്ഞിട്ട് എന്താണ് കാര്യം? എനിക്ക് മനസ്സിലാകുന്നില്ല. സി. ആന്റ് എ. ജി. തന്ന റിപ്പോർട്ട് വായിച്ചുനോക്കൂ. അക്കൗണ്ട്സിന്റെ കാര്യമാണ്. I will show you that. I will show you .....please.....

ഡോ. തോമസ് ഐസക്: സർ, 2002-2003-ലെ പ്ലാൻ എക്സ്പെൻഡിച്ചർ 3973 കോടി രൂപ. ഈ വർഷത്തെ പ്രതീക്ഷിത പ്ലാൻ എക്സ്പെൻഡിച്ചർ 3529 കോടി രൂപ. അത് കൂടുതലോ കുറവോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങയെപ്പോലുള്ള ഒരാൾ ഇങ്ങനെ ചോദിച്ചാലോ? 3973 കോടി രൂപ എന്നു പറയുന്നത് യഥാർത്ഥ ചെലവാണ്. അതായത് 2002-2003-ലെ audited accounts. Please ..... I will tell you ..... ബഡ്ജറ്റ് എസ്റ്റിമേറ്റും അക്കൗണ്ടും ഒന്നാണെന്ന് മറ്റാരു പറഞ്ഞാലും അങ്ങേയ്ക്ക് പറയാൻ പറ്റുമോ? That is only a Budget Estimate. After that we will prepare. Revised Estimate. അതെല്ലാ സമയത്തുമുള്ളതാണ്. Go through this. 2003-ൽ 3529 കോടി രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കാലത്തുമില്ലേ? ഒരു കാര്യം ഞാൻ അങ്ങയോട് പറയുകയാണ്, അങ്ങ് ഇത്രയും പറഞ്ഞതുകൊണ്ട് പറയാതെ പോകുന്നത് ശരിയല്ല എന്നതുകൊണ്ട് ഞാൻ ആ കാര്യം പറയുകയാണ്. പ്ലാനിംഗ് ബോർഡിൽ അങ്ങ് ഉപദേശകനായിരുന്ന ഒരു കാലമില്ലേ? ആ കാലഘട്ടത്തെക്കുറിച്ച് ഞാനൊന്ന് പറയട്ടെ. State Annual Plan, Annual Plan-ൽ പച്ചക്കള്ളമായിരുന്നു പറഞ്ഞിരുന്നത്. State Plan Outlay and Expenditure-ലെ എക്സ്പെൻഡിച്ചർ ഞാൻ വായിക്കാം. 1998-99—101.74%, 1999-2000, നിങ്ങളുടെ കാലം 95.23%, 2000-2001, 89.04%, Please ഇതൊക്കെ audited accounts ആണ്. 2002-2003-ൽ റിക്കോർഡ്, 99.08%. ശ്രീ. കെ. പി. രാജേന്ദ്രന് അതറിയാമോ? ഇവിടെ നമ്മുടെ പ്രതിപക്ഷനേതാവ് ഒരു കാര്യംകൂടി പറഞ്ഞു, അത് പറയാതിരിക്കാൻ എനിക്ക് നിർവ്വാഹമില്ല. 2500 കോടി രൂപ കേന്ദ്രത്തിൽ നിന്നും പ്ലാനിനു കിട്ടേണ്ട പണം വാങ്ങാൻ കഴിഞ്ഞില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഇവിടെയില്ല, ഞാൻ ഒരു കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കട്ടെ, ഇത് നിങ്ങളുടെ ഭാഗത്തിരുന്ന ശ്രീ. ചന്ദ്രൻ കൊടുത്ത ചോദ്യത്തിന്റെ ഉത്തരമാണ്. 8-8-2003-ലെ ഉത്തരത്തിൽ പറഞ്ഞതെന്താണെന്നറിയാമോ? ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിക്കും വാർഷിക അടങ്കലിന്റെ എത്ര ശതമാനം തുക കേന്ദ്ര സഹായമായി കിട്ടി? ഉത്തരം, 1997-98—18.38%, 1998-99—21.45%, 1999-2000—29.07%, 2000-2001—20.56%, 2001-2002—27.05% മനസ്സിലായോ? മാത്രമല്ല നിങ്ങൾ ചെലവിട്ടതോ? നിങ്ങൾ ചെലവിട്ടത് ഞാൻ പറയാം. 1997-98-ൽ കേന്ദ്രം അംഗീകരിച്ചത് 804.55 കോടി രൂപ, ലഭിച്ചത് 523.58 കോടി രൂപ. എത്രയാണ് കുറവ്? നിങ്ങൾ കളഞ്ഞത് എത്രയാണ്? 209.97 കോടി രൂപ. 1998-99-ൽ നിങ്ങൾ വാങ്ങാതെ നഷ്ടപ്പെടുത്തിയത് 103.39 കോടി രൂപ. 1999-2000-ൽ നിങ്ങൾ വാങ്ങാതെ നഷ്ടപ്പെടുത്തിയത് 184.20 കോടി രൂപ, 2000-2001-ൽ നിങ്ങൾ വാങ്ങാതെ നഷ്ടപ്പെടുത്തിയത് 200.96 കോടി രൂപ. 2001-2003-ൽ 2500 കോടി രൂപ. ഞങ്ങൾ വാങ്ങാതെ നഷ്ടപ്പെടുത്തിയെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞില്ലേ? ഞങ്ങൾ എത്രയാണ് വാങ്ങാതെ പോയത് ? 51.46 കോടി രൂപ. നിങ്ങൾ ആലോചിച്ച് നോക്കൂ, ആയിരക്കണക്കിന് കോടി രൂപ പോയി, അതിന് ഉത്തരവാദികൾ ഡോ. തോമസ് ഐസക്കും അതുപോലെ ടി. ശിവദാസമേനോനും ആണ്. ആ പാവം ശിവദാസമേനോനെ മുഴുവൻ mislead ചെയ്തത് ഇദ്ദേഹമല്ലേ? അതിന് നിങ്ങളാണ് ഉത്തരവാദികളെന്ന് ഞാൻ പറയുന്നു. ഞങ്ങളുടെ കാലത്ത് ആകെ കേന്ദ്രം അനുവദിച്ചത് വാങ്ങാതെ പോയത് കേവലം 51.46 കോടി രൂപ. സമയക്കുറവുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്ന് ഞങ്ങളുടെ കാലത്ത് ഫിനാൻസിന്റെ എല്ലാ ഉപദേശങ്ങളും നൽകിയ ഡോ. എബ്രഹാം തന്നെയാണ് ഇപ്പോൾ ശ്രീ. കെ. ശങ്കരനാരായണനും ഉപദേശം കൊടുക്കുന്നതെന്നുള്ള കാര്യം അറിയാമല്ലോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരാളെ വേണ്ടപോലെ ഉപയോഗിച്ചാൽ അതിന്റെ പ്രയോജനം കിട്ടും. ഞങ്ങൾ ഇന്ദിരാ ഭവനിൽ കൊണ്ടുപോയല്ല ഉപയോഗിക്കുന്നത്, നിങ്ങൾ എ. കെ. ജി. സെന്ററിൽ വച്ചായിരുന്നു ഉപയോഗിച്ചത്. ആ വ്യത്യാസമാണ് കാണുന്നത്. എന്നുമാത്രമല്ല, ഡോ. എബ്രഹാമിന്റെയൊക്കെ മീതെയാണ് ഇവിടെ ഡോ. തോമസ് ഐസക് എന്നൊക്കെ വരുത്തിയാൽ അത് അപകടമല്ലേ? ഇവിടെ ഫിനാൻസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയുണ്ട്. അവരുടെ മീതെ മന്ത്രിയേയുള്ളൂ, വേറെ ആരും ഞങ്ങൾക്കില്ല. അത് നിങ്ങൾക്ക് അറിയുമോ? ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം അതാണ്. ഒരു കാര്യംകൂടി ഞാൻ പറയുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ കാർഷിക മേഖലയിൽ നികുതി വന്നു എന്നുപറഞ്ഞു, സത്യം എന്താണ്? ചില പത്രങ്ങൾക്കും ചില ആളുകൾക്കും ഇപ്പോഴും അതിന്റെ സംശയങ്ങൾ നിലനിൽക്കുകയാണ്. ഞങ്ങളൊരിക്കലും പുതുതായൊന്നും Agricultural Income Tax-ൽ കൊണ്ടുവന്നിട്ടില്ല. സെക്ഷൻ 39-ന്റെ അമെന്റുമെന്റാണ്. സെക്ഷൻ 39 എന്നു പറയുന്നത് assessment-നുള്ളതാണ്. Compounding-നുള്ളത് സെക്ഷൻ 13 ആണ്. ഇവിടെ ഫിനാൻസ് ബിൽ പ്രകാരം open ചെയ്യാൻ പോകുന്നത് സെക്ഷൻ 39 ആണ്. ആ സെക്ഷൻ 39-ൽ എന്താണ് പറയുന്നത്? അതുതന്നെ ഇന്ത്യാ ഗവൺമെന്റിന്റെ ഇൻകംടാക്സിലുണ്ടെങ്കിൽ ആ വ്യത്യാസത്തിന്റെ ഫലമായി വന്നതാണ്. 20% മുതൽ 60% വരെയായിരുന്നു Agricultural Income Tax നിലവിലുണ്ടായിരുന്നത്. ഇപ്പോൾ ഈ ഭേദഗതികൊണ്ട് എന്താണ് സ്ഥിതി? 10% മുതൽ 50% വരെയാക്കി കുറച്ചു. ഇതുമൂലം രണ്ടു കോടി രൂപ നഷ്ടമെന്ന് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിരിക്കുകയാണ്. 20 മുതൽ 60% വരെയാക്കിയത് 10 മുതൽ 50% വരെ കുറച്ചു. അതുമാത്രമല്ല, compounding ഉണ്ടോ ഇല്ലയോ എന്നുള്ള സംശയമുണ്ട്. Compounding സെക്ഷൻ 13-ലാണ് വരുന്നത്. അത് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ടച്ച് ചെയ്തിട്ടില്ല. സെക്ഷൻ 39, ഇവിടെ ഫിനാൻസ് ബിൽ കൊണ്ടു വരുമ്പോൾ അമെന്റുമെന്റ് കൊണ്ടുവരും. അത് ഓപ്പൺ ചെയ്യും, അതു മാത്രമാണ് ഈ ബഡ്ജറ്റ് പ്രസംഗം, മുഖേന ഓപ്പൺ ചെയ്യാൻ പോകുന്നത്. അങ്ങനെ ഓപ്പൺ ചെയ്യാത്ത സെക്ഷൻ 13-ന് അമെന്റ്മെന്റ് കൊണ്ടുവരാൻ സാധിക്കില്ല. അത് അതുപോലെ നിലനിർത്തിയിരിക്കുകയാണ്. അഞ്ച് ഹെക്ടർ മുതൽ 500 ഹെക്ടർ വരെ compounding-നുള്ള പ്രൊവിഷൻ നിലനിർത്തിയിരിക്കുകയാണ്. ഞങ്ങൾ കൃഷിക്കാരെ സഹായിച്ചതിന് എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞങ്ങൾ കൃഷിക്കാരെ ദ്രോഹിച്ചു എന്നു പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഖജനാവിന് രണ്ടുകോടി രൂപ നഷ്ടം വരുന്ന പരിപാടിയാണത്. ഗവൺമെന്റ് കൊണ്ടു വന്ന ബഡ്ജറ്റിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? ആ പാവപ്പെട്ട അംഗവൈകല്യം വന്ന ആളുകൾക്ക് ഞങ്ങൾ 40 രൂപ കൊടുക്കുന്നതിലാണോ അസൂയ? അതുപോലെ 127 കോടി രൂപ ഈ രാജ്യത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്ക് കൊടുക്കുന്നതിലാണോ? നിങ്ങൾ ആ ഇക്കണോമിക് റിവ്യൂ എടുത്തു നോക്കൂ ഞാൻ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല, നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ഓരോ census year-ലും കുറയുന്നു. male workers-ന്റെ എണ്ണം കുറയുന്നു, മാത്രമല്ല, അത് ഗ്രാമങ്ങളിൽ കുറയുന്നു, urban area-കളിൽ കൂടുന്നു. ഗ്രാമങ്ങളിൽ കുറയുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? ഗ്രാമങ്ങളിൽ കുറഞ്ഞാൽ കാർഷിക മേഖലയിൽ കുറയുന്നു എന്നാണ് അർത്ഥം. കാർഷിക മേഖലയിലെ പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബശ്രീയിലുള്ള 50,000 ആളുകൾക്ക് ജോലിയുണ്ടാക്കാനുള്ള പദ്ധതി ഇവിടെ കൊണ്ടുവന്നത് ശ്രീമതി ഗൗരിയമ്മയാണെന്നുള്ള കാരണത്താലാണോ നിങ്ങൾ എതിർക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. അത് വളരെ ശാസ്ത്രീയമായി കൊണ്ടു

വന്നതാണ്. ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ വളരുന്നു. മറ്റൊരു സവിശേഷത 1981-ലെ സെൻസസിൽ, ആ ഇക്കണോമിക് റിവ്യൂ എടുത്തു നോക്കൂ. 1981-ലെ സെൻസസിൽ സ്ത്രീകളുടെ ജോലിയുടെ എണ്ണം കേരളത്തിൽ കുറയുകയാണ്. ഇന്ത്യാ രാജ്യത്ത് കൂടുന്നു. 1981-നെക്കാൾ കുറയുന്നു 1991-ൽ. 1991-നെക്കാൾ കുറയുന്നു 2001-ൽ. അതിനു വ്യത്യാസമുണ്ടാക്കാൻവേണ്ടി പരിഹാരമുണ്ടാക്കാൻ വേണ്ടി ഞങ്ങൾ ഒരു പദ്ധതി കൊണ്ടുവന്നതിനെ നിങ്ങൾ എന്തിനു എതിർക്കുന്നു? എനിക്കു മനസ്സിലാകുന്നില്ല. അതുപോലെ അക്ഷയപരിപാടി, വളരെ പിന്നോക്കം കിടന്നിരുന്ന ഒരു പ്രദേശമാണ് മലപ്പുറം ജില്ല. അവിടെ നല്ല പുരോഗതിയുണ്ട്. പെർക്യാപിറ്റാ ഇൻകത്തിന്റെ കാര്യമെടുത്തു നോക്കിയാൽ പതിനാലാമത്തെ ജില്ലയാണ് മലപ്പുറം ജില്ല. ആ ജില്ലയെ ഉയർത്തിക്കൊണ്ടു വരണമെങ്കിൽ അക്ഷയ പോലെയുള്ള പരിപാടികൾ ആവശ്യമാണ്. ഒന്നാംതരമായി അതവിടെ നടന്നു. ഈ പദ്ധതി നമ്മുടെ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നു. ഇന്ത്യയിലെ ഏറ്റവും ഉയർന്ന കമ്പ്യൂട്ടർ സാക്ഷരതയുള്ള സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. അതിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? എനിക്കു മനസ്സിലാകുന്നില്ല. അതുപോലെ നികുതി നിർദ്ദേശങ്ങൾ അടക്കമുള്ള കാര്യങ്ങളാണ് ഇതിൽ കൊണ്ടുവന്നത്. ഞങ്ങൾ ഇതിനെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ധനകമ്മിയെക്കുറിച്ച് വളരെ മോശമായ നിലയിൽ ശ്രീ. എ. കെ. ബാലൻ ഇവിടെ ചിത്രീകരിക്കുകയുണ്ടായി. അത് ഭരണഘടനാ വിരുദ്ധമാണ്, ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ല എന്നുള്ള വാദം വരെയെത്തി. ഞാനൊരു കാര്യം ചോദിക്കട്ടെ, 1995-98-ലെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു? 26.09 ശതമാനം. 2001-ൽ നിങ്ങൾ അധികാരമൊഴിയുമ്പോൾ കടബാദ്ധ്യത എത്രയായിരുന്നു? 34.29 ശതമാനം. ഞാൻ നിങ്ങൾക്കു വേണമെങ്കിൽ തെളിവു തരാം. എന്റെ കയ്യിൽ രേഖയുണ്ട് ..... (ബഹളം) ..... നിങ്ങൾ വായിച്ചിട്ടില്ല. വായിക്കാത്തുകൊണ്ട് ചോദിച്ചാൽ ഞാൻ പറഞ്ഞുതരാം. Budget in Brief ഇതിൽ Table A-5 നോക്കൂ. അതിനകത്ത് total debt എത്രയാണ്? 1995-96-ൽ 18,113. അതിൽ ജി. എസ്. ഡി. പി. എത്രയാണ്? 38,262. ജി. എസ്. ഡി. പി.-യുടെ എത്ര ശതമാനമാണ്? 26.09 ശതമാനം. മനസ്സിലായോ? ഇതാണ് രേഖ. ഞാൻ വായിക്കുന്നത് ബഡ്ജറ്റ് എസ്റ്റിമേറ്റല്ല, അക്കൗണ്ട്സാണ്. സി. ആന്റ് എ. ജി. ആഡിറ്റ് ചെയ്ത ഫിഗറാണ്. 2000-01-ൽ 34.29 ശതമാനം. 2002-03 അതാണ് ഞങ്ങളുടെ കൊല്ലം. അതാണ് ആഡിറ്റ് ചെയ്ത കൊല്ലം ആ കൊല്ലത്തേത് 34.15 ശതമാനം. ഞങ്ങൾ കുറച്ചു.....(ബഹളം)..... കണക്കു ഞാൻ തരാം. ഞാൻ ഉദ്ധരിക്കുന്ന കണക്ക് സി. ആന്റ് എ. ജി.-യുടെ ആഡിറ്റ് റിപ്പോർട്ടാണ്. Comptroller and Auditor General of India-യുടെ കണക്കാണ്. അതാണ് ആഡിറ്റു ചെയ്ത കണക്ക് ..... (ബഹളം) ..... ഞാൻ പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കൊന്നും തെറ്റല്ല. മന്ത്രി പറഞ്ഞ കണക്ക് 2003 ഒക്ടോബർ മാസം വരെയുള്ള കണക്കാണ്. അതു ആഡിറ്റ് ചെയ്യാത്ത കണക്കാണ്. ഞാൻ പറയുന്നത് 2002-03 മാർച്ച് 31 വരെയുള്ള സി. ആന്റ് എ. ജി. ആഡിറ്റ് ചെയ്ത സർട്ടിഫിക്കറ്റിലുള്ള കണക്ക് ..... (ബഹളം) ..... സി. ആന്റ് എ. ജി. ആഡിറ്റ് ചെയ്ത കണക്ക് ഈ സംസ്ഥാനത്തിന്റേത്, ആഡിറ്റ് കഴിഞ്ഞ കണക്ക് 2002-03 മാത്രമേയുള്ളൂ. അതാണ് ലേറ്റസ്റ്റായിട്ടുള്ള കണക്ക്. ആ കണക്കാണ് ഞാൻ ഉദ്ധരിച്ചത്. ഇനി റവന്യൂക്കമ്മിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമെടുക്കാം. 1995-96 മുതൽ 2000-01 വരെ റവന്യൂ കണക്കിൽ ആകെയുള്ള റവന്യൂ കമ്മിയുടെ വർദ്ധനവ് 782.87 ശതമാനം. നിങ്ങൾ കൂട്ടി നോക്കൂ. ആവറേജ് ഒരു വർഷത്തേത് എടുത്താൽ 156.6 ശതമാനം. അതവരുടെ കാലഘട്ടം. നമ്മുടെ കാലം 2001 മുതൽ 2002 വരെയുള്ള ഈ രണ്ടു കൊല്ലത്തെ ഈ പറയുന്ന റവന്യൂ അക്കൗണ്ടിലെ കമ്മി 130.88 ശതമാനം. എന്നു പറഞ്ഞാൽ ഒരു വർഷത്തെ കമ്മി 65.44 ശതമാനം. അവരുടേത് ഒരു വർഷം 156.6 ശതമാനം. അതേയവസരത്തിൽ നമ്മുടേത് 65.44 ശതമാനം. 65.44 ശതമാനമാണോ വലുത് 156.6 ശതമാനമാണോ വലുത്? ഇത്രയും വലിയ ഭാരം സംസ്ഥാനത്തിനുണ്ടാക്കി വച്ചത് ഈ പറയുന്ന ആളുകളാണെന്ന കാര്യം മനസ്സിലാക്കണം. ഞാനൊരു കാര്യംകൂടി പറയുന്നു. Budget in Brief Page A-17 ഡോക്ടർ തോമസ് ഐസക് എടുത്ത് നോക്കൂ. Development Expenditure എത്രയാണ്? ഞങ്ങളുടെ കാലത്ത് 54.65 ശതമാനം 2002-03-ൽ. നിങ്ങളുടെ കാലത്തോ? 2000-01-ൽ 45.3 ശതമാനം. 45.3 ശതമാനം ഡെവലപ്പ്മെന്റ് എക്സ്പെന്റീച്ചറിനുവേണ്ടി നിങ്ങൾ ചെലവിട്ടപ്പോൾ ഞങ്ങൾ 54.65 ശതമാനം ഡെവലപ്പ്മെന്റ് എക്സ്പെന്റീച്ചറിനുവേണ്ടി ചെലവിട്ടു. അറിയാമോ? Non-Development Expenditure അങ്ങേയ്ക്കറിയാവുന്ന കാര്യമാണ്. 2002-03-ൽ 45.35 ശതമാനമാണ്. Non-Development Expenditure-ന് ഞങ്ങൾ ചെലവിട്ടത്. നിങ്ങളോ? 65.15 ശതമാനം. ഇവിടെ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ചോദിച്ചു ഏതു ഡെവലപ്പ്മെന്റിനു വേണ്ടിയാണ് ചെലവിട്ടതെന്ന്. Table A-20 എടുത്തു നോക്കൂ. നിങ്ങൾക്കതു കാണാൻ സാധിക്കും.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട മെമ്പർ നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ ശതമാനമായിട്ട് എത്ര ഡെബ്റ്റ് വരും എന്നുള്ള സി. ആന്റ് എ. ജി.-യുടെ കണക്ക് വായിച്ചിട്ട് ഡെബ്റ്റ് ദേശീയ വരുമാനത്തിന്റെ ഇത്ര ശതമാനമായി കുറച്ചു എന്നു പറയുകയുണ്ടായി. സി. ആന്റ് എ. ജി. റിപ്പോർട്ട് 2002-03 പേജ് 14 എടുക്കുക. Non-interest bearing liabilities അടക്കമുള്ള total liabilities 1998 മുതൽ 2003 വരെ നൽകിയിട്ടുണ്ട്. ഞാൻ ശതമാനം മാത്രമേ വായിക്കുന്നുള്ളൂ. 2000-01-ൽ 36.87 ശതമാനം. 2001-02-ൽ 36.54 ശതമാനം. 2002-03-ൽ അവസാനത്തെ ആഡിറ്റസ് അക്കൗണ്ട് 37.14 ശതമാനം. ഇതാ ഇരിക്കുന്നു, നിങ്ങൾ വായിച്ചു നോക്കൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം അങ്ങ് പറയുന്ന കണക്കും ഞാൻ പറയുന്ന കണക്കും രണ്ടും രണ്ടാണ്. ഞാൻ പറയുന്ന കണക്ക് ഡെബ്റ്റിന്റെ വർദ്ധനവിന്റെ പെർസെന്റേജാണ്. ഞങ്ങളുടെ കാലത്താണ് കുറവ്. ഡെബ്റ്റിന്റെ പെർസെന്റേജും ജി. എസ്. ഡി. പി. റേഷ്യോയുമാണ് ഞാൻ പറഞ്ഞത്. വേണമെങ്കിൽ ബഡ്ജറ്റ് ഇൻ ബ്രീഫിലെ ടേബിൾ എ (6) ഒന്നെടുത്തു നോക്കൂ. എനിക്ക് ബഡ്ജറ്റിന്റെ ഭാഗമായി ഒരു കാര്യം മാത്രമേ പറയുവാനുള്ളൂ. റവന്യൂ കമ്മി കൂടിയിരിക്കുന്നു. ഇത് ഗുണകരമല്ലെന്നു തന്നെയാണ് എന്റെയും അഭിപ്രായം. ധനകമ്മി ഇത്രയും കൂടുന്നത് ശരിയല്ല. അങ്ങനെ പോയാൽ അത് നിയന്ത്രിക്കാൻ പ്രയാസമുണ്ടാകുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് എന്നു പറയുന്ന ഒരു നിയമം നമ്മൾ പാസ്സാക്കിയിട്ടുണ്ട്. ആ നിയമത്തിനകത്തുനിന്നുകൊണ്ട് പരമാവധി ശ്രമിച്ചേ മതിയാകൂ. ഇവിടെ റവന്യൂ ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

കൂടിയതിൽ 800 കോടിയോളം രൂപ കൊടുത്തത് ശമ്പളത്തിനും പെൻഷനുമാണ്. പിന്നെ മുന്നൂറിൽ ചിലാനം കോടി രൂപ വർദ്ധിച്ചത് ഇന്റ്റർസ്റ്റ് ഇനത്തിലാണ്. 1250-ഓളം കോടി രൂപ അങ്ങനെ പോയി. അതിനുപുറമെ 1500 കോടി രൂപ പ്ലാൻ എക്സ്പെന്റീച്ചറിനുവേണ്ടി ചിലവുണ്ട്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോട് പറയുവാനുള്ളത് 4800 കോടി പോലുള്ള വലിയ ടോട്ടൽ ഔട്ട് ലേ കൊണ്ടുവരാനുള്ള കഴിവ് കേരളത്തിന് ഇന്നുണ്ടോ എന്ന കാര്യത്തിൽ ഞാൻ സംശയിക്കുകയാണ്. അത്തരത്തിലുള്ള ഒരു ഔട്ട്ലേ കൊണ്ടുവന്നാൽ സാമ്പത്തിക തകർച്ചയിലേക്ക് ശ്രീ. ടി. ശിവദാസമേനോൻ പോയതുപോലെതന്നെ പോകേണ്ടി വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ചെലവുകൾ ചുരുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. മറ്റൊന്ന്, ബഡ്ജറ്റിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിസ്ക്കറ്റിന്റെ കാര്യം 8 ശതമാനമെന്നുള്ളത് അധികമാണ്. അതുപോലെതന്നെ സോപ്പിന്റെ കാര്യവും. നമ്മുടെ സംസ്ഥാനത്തുള്ള വ്യവസായങ്ങളെ നിലനിർത്താൻ വേണ്ടി പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നതിൽ ഒരു അപകടവും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം അഗ്രികൾച്ചറൽ ഇൻകം ടാക്സ് കൃഷിക്കാരെ സഹായിക്കാനാണ്. പലരും മനസ്സിലാക്കാതെയാണ് പറയുന്നത്. പ്രതികൂലമായ സാഹചര്യത്തിൽ നിന്നുകൊണ്ട് ഇത്രയും നല്ല നിലയിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കാനും അത് അവതരിപ്പിക്കുവാനും കഴിഞ്ഞ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ മറ്റൊരു കാര്യം പറയുവാനുള്ളത് അവരുടെ കാലത്തുള്ള പ്ലാൻ ചെലവ് എടുത്തു നോക്കുക, 1995-96-ൽ ടി. പി. അക്കൗണ്ടിലേക്ക് 373 കോടി രൂപയായിരുന്നു മാറ്റിയത്. ഇവരുടെ പ്ലാൻ ചെലവ് എടുത്തുനോക്കുക. ആയിരത്തി തൊള്ളായിരം കോടി രൂപ രണ്ടായിരത്തിൽ ചിലാനം കോടി രൂപവീതമാണ് ടി. പി. അക്കൗണ്ടിലേക്ക് ഓരോ വർഷവും മാറ്റുന്നത്. എന്നാൽ ബഹുമാനപ്പെട്ട ശങ്കരനാരായണൻ 2002-2003 വർഷത്തിൽ ഒരു പൈസ പോലും ടി. പി. അക്കൗണ്ടിലേയ്ക്ക് മാറ്റാതെയാണ് 3973 കോടി രൂപ പ്ലാനിൽ ചെലവിട്ടത് എന്ന് പറഞ്ഞാൽ അത് ഒരു സർവ്വകാല റിക്കാർഡാണ്. ആ മന്ത്രിയെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. മാർക്കേസിന്റെ ഒരു നോവലുണ്ട്. 'കോളറാ കാലത്തെ പ്രണയം'. അതുപോലെ സാമ്പത്തിക പ്രയാസങ്ങളുടെ കാലത്തെ ജനക്ഷേമബഡ്ജറ്റാണ് ഇത്. വളരെയധികം സാമ്പത്തിക പ്രയാസമുണ്ടായിരുന്നിട്ടും പാവങ്ങളോട്, അധഃസ്ഥിത വിഭാഗത്തോട്, അശരണരോട് സ്നേഹം പ്രകടിപ്പിക്കുന്ന ഒരു ബഡ്ജറ്റാണ് ഇത്. വികസനത്തിന്റെ സമസ്ത മേഖലകളിലും ചൈതന്യവത്തായ ചലനങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങളും കഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾക്ക് ഐശ്വര്യവും സമ്പദ്സമൃദ്ധിയും പ്രദാനം ചെയ്യാനുള്ള എല്ലാ ശ്രമവും ഈ ബഡ്ജറ്റിലുണ്ട്. അതിനായി എത്ര പദ്ധതികളാണ് ഈ ബഡ്ജറ്റിലുള്ളത്. സ്വയം സഹായ സംഘങ്ങൾ വഴി 50,000 പേർക്ക് തൊഴിൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് 75 കോടി രൂപ, തദ്ദേശ സ്ഥാപനങ്ങൾക്ക് കോടികൾ കൊടുക്കുന്നുണ്ട്. തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കും. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 10,000 രൂപ വീതം നൽകാൻ മംഗല്യ പദ്ധതി. വൈക്കം മുഹമ്മദ് ബഷീറിന്റെ കഥയിലെ ഒരു ഭാഗം ഞാൻ ഓർത്തു പോകുകയാണ്. ആ കഥയിൽ പറയുന്ന ഒരു ഭാഗം ഞാൻ എന്റെ ഓർമ്മയിൽ നിന്ന് പറയുകയാണ്. "ഒരു ഗ്രാമീണ പെൺകൊടി തന്റെ കഴുത്തിലെ കൊച്ചുമാല തൊട്ടുകൊണ്ട് കൂട്ടുകാരിയോട് എന്റെ അമ്മച്ചീട അമ്മച്ചീട അമ്മച്ചിക്ക് അപ്പൂപ്പൻ നൽകിയതാണ് ഈ മാല" എന്നു പറയുന്നത് പോലെ കാലം ഏറെ കഴിയുമ്പോൾ കേരളത്തിലെ ഗ്രാമീണ മേഖലയിലെ പെൺകുട്ടികൾ പറയും എന്റെ അമ്മച്ചീട അമ്മച്ചീട അമ്മച്ചീട കാലത്ത് പാവപ്പെട്ടവരോട് കാരുണ്യം കാണിച്ചിരുന്ന ഒരുഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണൻ പ്രഖ്യാപിച്ച മംഗല്യപദ്ധതിയുടെ പണമുപയോഗിച്ച് വാങ്ങിയതാണ് ഈ മാല എന്ന്. അത് ഏറെക്കാലം ഓർമ്മിക്കപ്പെടും. ഇവിടെ പ്രതിപക്ഷം പറയുന്നത് കബളിപ്പിക്കുന്ന ബഡ്ജറ്റാണെന്നാണ്. കണക്കുകളുടെ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. കണക്കുകൾ അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ നോക്കിയാൽ നേട്ടമെന്നും കോട്ടമെന്നുമൊക്കെ പറയാൻ കഴിയും. ഏതെങ്കിലുമൊരു കണക്കെടുത്ത് ഇത് മോശമാണെന്ന് പറയാൻ കഴിയും. അതുപോലെ ഒരു കണക്കെടുത്ത് അത് നല്ലതാണെന്ന് പറയാനും കഴിയും. പക്ഷെ ഒരു കാര്യം ഓർക്കണം. നിങ്ങൾ തകർത്തിട്ട ഒരു ഇക്കണോമിയെ നിങ്ങൾ തകർത്തിട്ട കേരളത്തിന്റെ സമ്പദ്ഘടനയെ ഞങ്ങൾ വളരെ പ്രയാസങ്ങൾ അതിജീവിച്ച്, ഒരു പാട് നിയന്ത്രണങ്ങൾ വരുത്തി രക്ഷപ്പെടുത്തുവാനാണ് ശ്രമിച്ചത്. റവന്യൂ കമ്മി വർദ്ധിച്ചു എന്നത് ശരിതന്നെ. അതൊക്കെ ഡെവലപ്പ്മെന്റൽ എക്സ്പെന്റിച്ചർ കൂടിയതുകൊണ്ടു തന്നെയാണ്. അത് ആർക്കും നിഷേധിക്കാൻ കഴിയില്ല. ജനങ്ങളോട് ബാദ്ധ്യതയുള്ള ഒരു സർക്കാരാണ് ഇത്. പ്രതിപക്ഷം എന്തൊക്കെയാണ് പറഞ്ഞു പരത്തുന്നത്. എ. ഡി. ബി. യുടെ കാര്യം ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു. ജനങ്ങളെ ദ്രോഹിക്കുന്നു. ജീവനക്കാരെ ദ്രോഹിക്കുന്നു എന്നൊക്കെയാണ് പ്രതിപക്ഷം പറയുന്നത്. ഈ ബഡ്ജറ്റിൽ തന്നെ എന്തുമാത്രം ഉദാരമായ സമീപനങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവരുടെ പ്രയാസമെന്താണെന്നു പറഞ്ഞാൽ ഈ ബഡ്ജറ്റ് കഴിഞ്ഞപ്പോൾ ഇനി ജനങ്ങളെ കബളിപ്പിക്കുവാൻ കഴിയില്ല എന്ന സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാറ്റും വെളിച്ചവും കടത്തി നമ്മുടെ ധനകാര്യ മാനേജുമെന്റ് സുതാര്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്. നമുക്ക് എങ്ങനെയാണ് കാറ്റും വെളിച്ചവും കടത്താൻ കഴിയുക? നട്ടുച്ചപോലും ഇരുട്ടാക്കുന്നവരാണ് ഇവർ. ചുവന്ന സന്ധ്യയ്ക്കു പിന്നിലെ കറുത്ത വാവുകൾ എന്ന വയലാറിന്റെ ഒരു സിനിമാ ഗാനം മാറ്റം വരുത്തി ഇവരെക്കുറിച്ച് പറയട്ടെ.

"ചുവപ്പു ചുറ്റിയ സന്ധ്യക്ക് പിന്നിലെ കറുത്ത വാവുകളെ
നിങ്ങൾ ജനങ്ങളെ ചതിച്ചു, കേരളം മുടിച്ചും നല്ലവരെന്ന് നടിച്ചു"

ഇപ്പോൾ ആ നല്ല നാട്യങ്ങളെല്ലാം പോയ്ക്കൊണ്ടിരിക്കുകയാണ്. ഇനി ആളെ പിടിക്കാൻ കഴിയില്ല. എന്ത് താതാരികമായ മുഖംമൂടി അണിഞ്ഞാലും ഇവരുടെ വൈകൃതങ്ങൾ ജനങ്ങൾ മനസ്സിലാക്കുകയാണ്. ഇനി ആർക്കും മൂടിവയ്ക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

നാട്യങ്ങളൊക്കെ പൊഴിഞ്ഞുവീഴുന്നു. അവരുടെ സാംസ്കാരികമായ പൊങ്ങച്ചങ്ങൾ പൊഴിഞ്ഞുവീഴുന്നു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വിദേശ പണം പറ്റിയതിനെക്കുറിച്ച് വിവാദങ്ങൾ വന്നു. ഇവർ പറയുന്നത് ആശയസംഘട്ടനം എന്നാണ്. ആശയ ദാരിദ്ര്യമാണ്, ആശയങ്ങൾ തമ്മിൽ അടിക്കുമ്പോൾ എനിക്ക് അയ്യപ്പ പണിക്കരുടെ ഒരു കവിതയാണ് ഓർമ്മ വരുന്നത്. "എല്ലാ ശരികളും തമ്മിലടിച്ചപ്പോൾ ഏനന്റെ തെറ്റിനെ കൂട്ടിപ്പിടിച്ചേൻ" അവർ ഇപ്പോഴും അവരുടെ തെറ്റിനെ കൂട്ടിപിടിച്ച് നടക്കുകയാണ്. അവരെ നന്നാക്കാൻ നോക്കിയാൽ നന്നാകുല്ല. അതുകൊണ്ട് ഞാൻ വിടുകയാണ്.

12.00 NOON] സാമ്പത്തിക നിയന്ത്രണങ്ങളേക്കാൾ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഏത് സമ്പദ് വ്യവസ്ഥയേയും രോഗാതുരമാക്കുന്നത് അതിന്റെ വരുമാനത്തിലുള്ള ചോർച്ചയാണ്. നമ്മുടെ ഏറ്റവും വലിയ വരുമാനമെന്നു പറയുന്നത് സെയിൽസ് ടാക്സാണ്. സെയിൽസ് ടാക്സ് ചോർച്ച നമുക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ആ ലീക്കേജ് തടയാനുള്ള ശ്രമങ്ങൾ നമ്മൾ നടത്തേണ്ടതായിട്ടുണ്ട്. നികുതി വെട്ടിപ്പും നികുതി ശരിയായി പിരിക്കാൻ കഴിയാത്തതും കാരണം നമ്മുടെ പണം ചോർന്നു പോകുന്നുണ്ട്. ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ച് ഏതൊക്കെ തലങ്ങളിലാണ് നികുതി വെട്ടിപ്പ് നടക്കുന്നതെന്നും ഏതൊക്കെ സാമ്പത്തിക രംഗങ്ങളെ നികുതി പിരിവിന്റെ മേഖലയിൽ കൊണ്ടുവരണമെന്നും പഠിച്ച് ഉള്ളവനിൽ നിന്നും നികുതി പിരിച്ച് ഇല്ലാത്ത ബഹുഭൂരിപക്ഷത്തിന്റെ ജീവിതം മെച്ചപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കാൻ നമ്മൾ ശ്രമിക്കണം. വിദ്യാഭ്യാസ മേഖലയിൽ 71.5 കോടി രൂപയായി വിഹിതം ഉയർത്തിയിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. അത് പോരായെന്നാണ് എനിക്ക് പറയാനുള്ളത്. വിദ്യാഭ്യാസ മേഖലയ്ക്കല്ലാതെ മറ്റേത് മേഖലയ്ക്കാണ് വിഹിതം ഉയർത്തി കൊടുക്കേണ്ടത്? മാനവ വിഭവശേഷിയുടെ വളർച്ചയ്ക്കുവേണ്ടി കൂടുതൽ സംഖ്യ വിദ്യാഭ്യാസ മേഖലയിൽ നമ്മൾ നിക്ഷേപിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിലെ എക്സ്പെൻഡിച്ചർ, എക്സ്പെൻഡിച്ചറായി കാണരുത്. അത് ഇൻവെസ്റ്റ്മെന്റാണ്. വിദ്യാഭ്യാസ മേഖലയിലെ ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനും ആധുനിക കാലഘട്ടത്തിലെ വൈജ്ഞാനിക വളർച്ചയോടൊപ്പം നമ്മുടെ സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകാനുമുള്ള പദ്ധതികൾ ഉണ്ടാകണം. കൂടുതൽ സംഖ്യ വിദ്യാഭ്യാസത്തിന് വകയിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. പി. ഡബ്ല്യു. ഡി. ക്ക് വളരെ ചെറിയ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഒരുകാര്യം ഞാനിവിടെ ഓർമ്മപ്പെടുത്തുകയാണ്. ഉത്തരേന്ത്യയിൽ നടന്ന ഇലക്ഷനിൽ കോൺഗ്രസിന് മദ്ധ്യപ്രദേശ് പോയതും ഡൽഹി കിട്ടിയതും 'ബി. എസ്. പി.' മുഖേന ആണെന്നാണ് പറയുന്നത് 'ബി. എസ്. പി.' എന്നു പറയുന്നത് 'ബിജലി സഡക് പാനി'. ബിജലി എന്നു പറഞ്ഞാൽ വൈദ്യുതി, സഡക് എന്നു പറഞ്ഞാൽ റോഡ്, പാനി എന്നു പറഞ്ഞാൽ വെള്ളം. ജനങ്ങൾക്ക് വൈദ്യുതിയും റോഡും, വെള്ളവുമാണ് ആവശ്യം. ഇൻഫ്രാസ്ട്രക്ചറില്ലാത്ത സംസ്ഥാനത്തിന് മുന്നോട്ട് പോകാൻ കഴിയുകയില്ല. ഞാൻ യൂനിസെഫിന്റെ റിപ്പോർട്ടിലെ ഒരു കാര്യം ഓർക്കുകയാണ്. ഡെവലപ്പ്മെന്റിന്റെ കാര്യത്തിൽ ഏഴ് പാപങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഏഴ് പാപങ്ങളെയുംക്കുറിച്ച് മുസ്ലീംസിന് അറിയാം. ഒന്ന്, ഡവലപ്പ്മെന്റ് ഇല്ലാതിരിക്കുക, ഇൻഫ്രാസ്ട്രക്ചർ കുറയ്ക്കുക ഇതൊക്കെ പാപമാണ്. പ്ലാനിംഗ് ബോർഡാണ് ഇത് കുറയ്ക്കുന്നതിന് കാരണമെന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം നിഗൂഢവും ദുരൂഹവുമാണ്. പ്ലാനിംഗ് ബോർഡ് കേരളത്തിന്റെ വികസന ത്തിന് വിഘാതമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. വികസനരംഗത്ത് മുന്നോട്ട് പോകണമെങ്കിൽ ഇന്റഗ്രേറ്റ് ചെയ്യണമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. 40% പഞ്ചായ ത്തിന് കൊടുത്തിരിക്കുകയാണ്. അത് വേറെ വഴിക്ക് ചെലവഴിക്കുന്നു. ഏത് വികസന പദ്ധതികൾക്കാണ് കൊടുക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് പ്ലാനിംഗ് ബോർഡിലെ നാലോ അഞ്ചോ ആളുകളല്ല. അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റാണ് അത് തീരുമാനിക്കേണ്ടത്.

ശ്രീ. മത്തായി ചാക്കോ: ബഹുമാനപ്പെട്ട മെമ്പർ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനം നിഗൂഢവും ദുരൂഹവുമാണെന്ന് പറയുകയുണ്ടായി. മുഖ്യമന്ത്രി ചെയർമാ നായും ധനകാര്യമന്ത്രിയും മറ്റ് നിരവധി ക്യാബിനറ്റ് മന്ത്രിമാർ അംഗങ്ങളായുമുള്ള പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനം നിഗൂഢവും ദുരൂഹവുമാണെന്ന് പറഞ്ഞത് ഈ ഗവൺമെന്റിനോടും ഈ മന്ത്രിസഭയോടുമുള്ള അവിശ്വാസമല്ലേ പ്രകടിപ്പിക്കുന്നത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ ഇപ്പോൾ പറഞ്ഞത് ഞങ്ങൾ പണ്ടുതൊട്ടേ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്. 40% ഫണ്ട് സുതാര്യമാക്കുകയും 60% ഫണ്ട് ചെലവഴിക്കുന്നത് ജനങ്ങളിൽ നിന്നോ നിയമസഭാ സാമാജികരിൽ നിന്നോ ഉള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാതെയുമാണ്. ഇവിടെ നടക്കുന്ന ഈ പ്രവണത ശരിയല്ലാ യെന്നാണ് ഞാൻ പറയുന്നത്. നിങ്ങളുടെ കാലത്തും അങ്ങിനെയാണ്. പഴയ പ്ലാനിംഗ് ബോർഡിന്റെ സമീപനവും അതുതന്നെയാണ്. ഇവിടെ വിശ്വാസത്തിന്റേയും അവിശ്വാസ ത്തിന്റേയും കാര്യമില്ല. കാര്യങ്ങൾ പറയുമ്പോൾ അതിൽ പിടിച്ചുതൂങ്ങണ്ട.

ശ്രീ. ബി. വിജയകുമാർ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. തോമസ് ഐസക്കും ശ്രീ. ഇ. എം. ശ്രീധരനും ഉൾപ്പെട്ട ബഹുമാനപ്പെട്ട കുറുപ്പ് സെക്രട്ടറിയുമായിട്ടുള്ള പ്ലാനിംഗ് ബോർഡിനെക്കുറിച്ചല്ലേ ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചത്? അതല്ലേ വാസ്തവം?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അങ്ങനെയൊരു സമീപനമുണ്ടായത് ഇവരുടെ കാലത്താണ്. അത് പൂർണ്ണമായി മാറ്റിയിട്ടില്ല. മാറ്റണമെന്നാണ് ഞാൻ പറയുന്നത്. മാത്ര വുമല്ല കേരളത്തിന്റെ വികസനത്തിന് ഒരു വികസന അജണ്ട ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തുകളേയും വികസന ഏജൻസികളേയും മറ്റ് ഡിപ്പാർട്ടുമെന്റുകളേയുമെല്ലാം സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിന് മൊത്തത്തിലുള്ള ഒരു വികസന പദ്ധതി ഉണ്ടാക്ക ണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ഇത്രയും വലിയ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാ കാൻ കാരണം അന്നത്തെ പ്ലാനിംഗ് ബോർഡിന് നേതൃത്വം നൽകിയ ആളുകളാണ്. അവരാണ് ആ ഗവൺമെന്റിനെ വഴി തെറ്റിച്ചതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പ റുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിദേശ സഹായത്തെക്കുറിച്ച് വളരെ എതിർപ്പ് പ്രകടിപ്പി ക്കുന്ന പ്രതിപക്ഷം ഇപ്പോൾ മിണ്ടുന്നില്ല. മാത്രമല്ല ചരടില്ലാത്ത സഹായമാണെങ്കിൽ സ്വീകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ശ്രീ. എം. പി. പരമേശ്വരന്റെ നാലാം ലോക സിദ്ധാന്തത്തിന്റെ പ്രായോഗിക രൂപമായിരുന്നു ജനകീയാസൂത്രണം. ആ സിദ്ധാന്തത്തെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുകയും അതിന്റെ പ്രായോഗിക രൂപത്തെ അനുകൂലിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാത്രമല്ല, * ** *** ****** ***** ******* ******* ******* *** **** **** *** **** ***** ***** **** ****** ***** ****** ****** ****** ***** ***** *****

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് രേഖയിൽ കാണുകയില്ല. ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കേരളത്തിന് ഒരു വികസന അജണ്ട, വികസന നയം രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. അങ്ങ് വികസനവുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. കേരളത്തിലെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമാക്കി എല്ലാ മേഖലകളേയും സമന്വയിപ്പിച്ചുകൊണ്ട്. നിരന്തരമായ ചർച്ച നടത്തി ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ ഉതകുന്ന രീതിയിൽ നമ്മുടെ വികസനത്തെ കൊണ്ടുപോകണം. അതിന് പത്തുകൊല്ലം കഴിഞ്ഞാൽ കേരളം എങ്ങനെയാകണമെന്നതിനെക്കുറിച്ച് നമ്മൾ ഒരു പരിശോധന നടത്തണം. അതുപോലെ ടെമ്പററി മെഷേഴ്സ് എടുത്തുകൊണ്ടുപോകാൻ പെട്ടെന്ന് എന്തൊക്കെ ചെയ്യണമെന്നുള്ള കാര്യത്തെക്കുറിച്ചും നമ്മൾ പരിശോധിക്കണം. അതിനെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുമുണ്ട്. വിഷൻ 2025 എന്നുപറഞ്ഞാൽ ഒരുപാട് രേഖകൾ ഇറക്കുന്നുണ്ട്. അതുപോരാ പ്രായോഗികമായ രൂപത്തിൽ നടപ്പിലാകുന്ന പദ്ധതികളെക്കുറിച്ച് നമ്മൾ ആലോചിക്കണം. ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് യു. എൻ. ഡി. പി. കൊല്ലാകൊല്ലം പരാമർശിക്കുന്നുണ്ട്. അതുകൊണ്ട് പ്രയോഗത്തിൽ വരുന്നില്ല. ഒരുപാട് വിവരങ്ങൾ കിട്ടിയിട്ട് കാര്യമില്ല. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സാറ്റലൈറ്റ് സർവ്വെയുടെ കാര്യം പറഞ്ഞു. ഇവിടെ സാറ്റലൈറ്റ് സർവ്വെ നടന്ന ഒരു ബ്ലോക്കുണ്ട്. തിരുവങ്ങാടി ബ്ലോക്ക് അതിനനുസൃതമായി വികസന പ്രവർത്തനങ്ങൾ നടത്തണം. ഐ. എസ്. ആർ. ഒ. യുടെ സഹായത്തോടുകൂടി സാറ്റലൈറ്റ് സർവ്വെ നടന്നിട്ടുണ്ട്. അതിന്റെ ബാക്കിയുള്ള കാര്യങ്ങൾകൂടി ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സഹായം ചെയ്യാൻ തയ്യാറാകണം. ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹം ചെയർമാനായിട്ടുള്ള മോയിൻകുട്ടി വൈദ്യർ സ്മാരക മന്ദിരത്തിന് 50,000 ഉറുപ്പികയാണ് തന്നിട്ടുള്ളത്. മറ്റെല്ലാത്തിനും 10 ലക്ഷം രൂപയോളം കൊടുത്തിട്ടുണ്ട്. മോയിൻകുട്ടി വൈദ്യർ സ്മാരക വാർഷിക ഗ്രാന്റായി 5 ലക്ഷം രൂപ കൂടി അനുവദിക്കണം. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. പാർലമെന്ററി വകുപ്പുമന്ത്രി ഇക്കാര്യം ശുപാർശ ചെയ്യണം. ബഡ്ജറ്റിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. ഞാൻ ഊർജ്ജതന്ത്രം ഐച്ഛികവിഷയമായെടുത്ത് പഠിച്ച ഒരു വിദ്യാർത്ഥിയായിരുന്നു. ഊർജ്ജതന്ത്രത്തിന് സാമ്പത്തികവുമായി ബന്ധമുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ച പ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. ഊർജ്ജതന്ത്രത്തിൽ ഒരു സമവാക്യമുണ്ട്. Mass x Acceleration=Velocity. മാസ് എന്ന് ഊർജ്ജതന്ത്രത്തിൽ ഉദ്ദേശിക്കുന്നത് ഒരു പക്ഷേ പിണ്ഡം ആകാം. പക്ഷെ ഇവിടെ ഞാൻ മാസ് എന്ന് ഉദ്ദേശിക്കുന്നത്

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെയാണ്. ജനങ്ങളെ പുരോഗതിയിലേക്ക് ത്വരിതവർക്കരിച്ച, വികസനത്തിന്റെ വെലോസിറ്റി കൈവരിച്ച ഒരു ബഡ്ജറ്റാണ് ഇവിടെ നിയമസഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത് എന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. യു. ഡി.എഫ്. ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ എൽ. ഡി. എഫ്. എതിർക്കുകയാണ്. ബർനാർഡിന്റെ ഒരു തത്വം ഉണ്ട്. When velocity increases pressure decreases. യു. ഡി. എഫ്.-ന്റെ വികസന രഥം അതിവേഗത്തിൽ സഞ്ചരിക്കുമ്പോൾ പ്രതിപക്ഷത്തിന്റെ പ്രഷർ കുറഞ്ഞുകുറഞ്ഞ് നാലാം ലോകത്തിലേക്ക് ചേക്കേറുകയാണ്. മാർക്സിസ്റ്റുപാർട്ടി ഇന്ന് വിവാദത്തിന്റെ ചുഴിയിലാണ്. മൂന്നാം ലോകത്തുനിന്നും അവർ വിവാദത്തിന്റെ രഥത്തിൽ കയറി നാലാം ലോകത്തിലേക്ക് നീങ്ങുകയാണ്. മൂന്നാം ലോകം എന്ന് ഉദ്ദേശിക്കുന്നത് എ. കെ. ജി. സെന്ററിന്റെ മൂന്നാം നിലയാണ്. നാലാം ലോകം എന്ന് ഉദ്ദേശിക്കുന്നത് എ. കെ. ജി. സെന്ററിന്റെ നാലാം നിലയാണ്. മൂന്നാം ലോക മഹായുദ്ധം മാർക്സിസ്റ്റു പാർട്ടി ആരംഭിച്ചിരിക്കുന്നു. അവസാനം എന്തു സംഭവിക്കുമെന്ന് നമുക്ക് കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു. പ്രതിപക്ഷാംഗങ്ങളെല്ലാം ഇവിടെ ഒരു കാര്യം പറഞ്ഞുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. പ്രതിപക്ഷം ഈ ബഡ്ജറ്റിനെ എതിർക്കുന്നത് എന്തിനുവേണ്ടിയാണ്? കേരളത്തിന്റെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകളെ കണ്ടെത്താനുള്ള സർവ്വേ കഴിഞ്ഞു എന്ന് മാത്രമല്ല, ദാരിദ്ര്യ ബാധിത മേഖലയെ ഉദ്ധരിക്കുന്നതിനുവേണ്ടി 3.1 കോടി രൂപ മാറ്റിവച്ചിരിക്കുന്നത് കേരളത്തിന്റേയും ഇൻഡ്യയുടേയും ചരിത്രത്തിലെ ആദ്യത്തെ ചുവടുവെയ്പാണ്. സംസ്ഥാനത്തെ ദാരിദ്ര്യം നിലനിൽക്കണമെന്ന് മാർക്സിസ്റ്റു പാർട്ടി ആഗ്രഹിക്കുന്നു. ദാരിദ്ര്യം നിലനിന്നെങ്കിൽ മാത്രമേ മാർക്സിസ്റ്റു പാർട്ടിക്ക് വേര് ഓടുകയുള്ളൂ. ക്രിസ്തുവിന് മുമ്പ് 322-ൽ അരിസ്റ്റോട്ടിൽ പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്. Poverty is the Mother of Revolution എന്ന ആശയത്തിന് ചുവടുപിടിച്ച് മാർക്സിസ്റ്റു പാർട്ടിക്ക് ഇവിടെ ദാരിദ്ര്യം നിലനിൽക്കണം. അതുകൊണ്ടാണ് ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ശിവദാസമേനോൻ, അദ്ദേഹം ,നമ്മളൊന്നും വിചാരിക്കുന്നത് പോലെ കണക്ക് കൂട്ടാൻ അറിയാത്ത മന്ത്രിയൊന്നുമല്ല. അദ്ദേഹം മാർക്സിസ്റ്റു പാർട്ടി നിയോഗിച്ചതുപോലെ ദാരിദ്ര്യം നിലനിൽക്കുന്നതിനുവേണ്ടി ആഗ്രഹിച്ച ആളാണ്. പാവപ്പെട്ട തൊഴിലാളികളുടെ പട്ടിണി മരണം ഉണ്ടായപ്പോൾപോലും ആ പാവപ്പെട്ട ആളുകൾക്ക് അരി കൊടുക്കാൻവേണ്ടി ഒരു രൂപ പോലും കഴിഞ്ഞ ഗവൺമെന്റിന് ബഡ്ജറ്റിൽ മാറ്റിവയ്ക്കാൻ കഴിഞ്ഞില്ല. ഒരു വിളിപ്പാടകലെ എ. കെ. ജി. സെന്ററിന്റെ ടെറസ്സിൽ നിന്നും നോക്കിയാൽ കാണാൻ കഴിയുന്ന കാട്ടാക്കടയിൽ ആളുകൾ പട്ടിണികൊണ്ട് മരിക്കുമ്പോൾ ഇവിടെ കനകക്കുന്നിന്റെ ഉത്തുംഗസോപാനത്തിൽ ബിസ്മില്ലാഖാന്റെ ഷഹനായി കച്ചേരിയാണ് നടത്തിയത്. അതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മാറ്റിവച്ചത് 10 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: അങ്ങയുടെ നേതാവ് ശ്രീ. കെ. എം. മാണി എട്ട് ബഡ്ജറ്റ് അവതരിപ്പിച്ച് റെക്കാർഡ് സൃഷ്ടിച്ച ഒരു ധനകാര്യ വകുപ്പുമന്ത്രിയായിരുന്നുവെന്നത് മറന്നുകൊണ്ട് സംസാരിക്കരുത്. അതിലും നല്ല ബഡ്ജറ്റാണ് ശ്രീ. ശങ്കരനാരായണൻ അവതരിപ്പിച്ചത് എന്ന അഭിപ്രായം ശ്രീ. സ്റ്റീഫൻ ജോർജിന് ഉണ്ടോ? അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ 44, 45 എന്നീ പേജുകളിൽ, 21-ൽ കാർഷികാദായ നികുതി നിരക്ക് ഇനിപ്പറയുന്ന രീതിയിൽ പരിഷ്കരിക്കാവുന്നതാണ് എന്ന് പറഞ്ഞിട്ട് മൊത്തം കാർഷികാദായം 40,000 രൂപയിൽ കൂടുതലും 60,000 രൂപയിൽ കവിയാതെയും വരുമ്പോൾ 10%, 60,000 രൂപ മുതൽ 1,00,000 വരെ 20%, 1,00,000-ന് മുകളിൽ 30% എന്നു പറഞ്ഞിരിക്കുന്നു. ഒരേക്കർ റബ്ബർതോട്ടമുള്ള പാവപ്പെട്ട കർഷകരുടെ വായിൽ പോലും മണ്ണിട്ട ഒരു ബഡ്ജറ്റ് ശ്രീ. ശങ്കരനാരായണൻ അവതരിപ്പിച്ചപ്പോൾ അത് നല്ല ബഡ്ജറ്റാണ് എന്നു പറയാൻ റബ്ബർ മേഖലയിൽ നിന്നും വന്ന അങ്ങേയ്ക്ക് എങ്ങനെ കഴിയുന്നു എന്നുള്ളത് അത്ഭുതമാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് മാണിസാറിന്റെ എട്ട് ബഡ്ജറ്റും നല്ലതാണെന്ന് അംഗീകരിച്ചല്ലോ. ഞങ്ങൾക്ക് അതിൽ അതിയായ സന്തോഷമുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അതിലേയ്ക്ക് ഞാൻ പിന്നീട് വരാം. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാനവീയത്തിന്റെ പേരിൽ ഷഹനായി കച്ചേരി നടത്താൻ വേണ്ടി മാറ്റി വച്ചത് 10 ലക്ഷം രൂപയാണ്. ഷഹനായി കച്ചേരി മാത്രമല്ല, ശ്രീ. രവിശങ്കർ ഡൽഹിയിൽ നിന്ന് വന്നു. അദ്ദേഹത്തിന്റെ കച്ചേരിക്ക് 15 ലക്ഷം രൂപയാണ് കൊടുത്തത്. അതിന്റെ പിന്നിൽ ഒരു പിന്നാമ്പുറ കഥയുണ്ട്. മാർക്സിസ്റ്റു പാർട്ടിയുടെ നേതാവ് ശ്രീ. എം. എ. ബേബിയുടെ പുത്രൻ ഡൽഹിയിൽ മ്യൂസിക് അക്കാഡമിയിലെ നിത്യസന്ദർശകനാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: ബഹുമാനപ്പെട്ട സ്റ്റീഫൻ ജോർജ്, എ. ഡി. ബി. കച്ചേരി നടത്താൻ ഗുജറാത്തിലേക്ക് നരേന്ദ്രമോഡിയെ കാണാൻ ശ്രീ. ശിവദാസമേനോന്റെ സെക്രട്ടറിയെ അയച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സ്റ്റീഫൻ ജോർജ്: തീർച്ചയായും അത്തരം കാര്യങ്ങൾ ആണല്ലോ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കാണിച്ചിട്ടുള്ളത്. അതു കൊണ്ടാണല്ലോ ഈ സ്ഥിതി ഇന്ന് കേരളത്തിൽ ഉണ്ടായത്. ഇപ്പോൾ ആകമാനം മാറ്റം ഉണ്ടായിരിക്കുന്നു. രവിശങ്കറിന്റെ കച്ചേരി നടത്താൻ ചെലവാക്കിയ 15 ലക്ഷം രൂപയും ഷഹനായി കച്ചേരി നടത്താൻ ചെലവാക്കിയ 10 ലക്ഷം രൂപയും ഉണ്ടായിരുന്നുവെങ്കിൽ പാവപ്പെട്ട തൊഴിലാളികളുടെ പട്ടിണി മരണം ഇല്ലാതാക്കാൻ കഴിയുമായിരുന്നു. ആ ഗവൺമെന്റിന് അതിന് കഴിഞ്ഞില്ല. 2002-2003-ലെ എസ്. ഡി. പി. (State Domestic Product-ന്റെ)വർദ്ധനവ്6.1%ആണ്. $\frac{\text{SDPI}}{\text{Population}}$ = Percapita income. ഒരു രാജ്യത്തിന്റെ Percapita income നിശ്ചയിക്കുന്നത് ഈ ഫോർമുലയുടെ അടിസ്ഥാനത്തിലാണ്. അതു കൊണ്ട് ഒരു വലിയ നേട്ടമാണ് ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് എസ്. ഡി. പി.-യിൽ ഉണ്ടായത് എന്നുള്ള കാര്യം പ്രത്യേകമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ക്രെഡിറ്റ് റേഷ്യോയെക്കുറിച്ച് എല്ലാ കാലഘട്ടങ്ങളിലും പ്രസംഗിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 18 മാസം കഴിഞ്ഞപ്പോഴേക്കും 4% വർദ്ധിച്ച് 52.4% ആയി ഉയർന്നത് നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉദാരവൽക്കരണം, ആഗോളവൽക്കരണം എന്നൊക്കെ പറഞ്ഞ് കേരളത്തിന്റെ എല്ലാ ഗ്രാമങ്ങളിലും പോയി പ്രസംഗിച്ചവർ, ഡബ്ല്യൂ. ടി. ഒ. യിൽ ഇൻഡ്യ ഒപ്പിട്ടാൽ കേരളത്തിന്റെ കാർഷിക മേഖല, ഇൻഡ്യയുടെ കാർഷിക മേഖല തകരുമെന്ന് പ്രസംഗിച്ചവർ, ഇന്ന് റബ്ബറിന്റേയും നാളികേരത്തിന്റേയും വില ഏറെ വർദ്ധിച്ചപ്പോൾ, മറ്റ് കാർഷിക വിളകളുടെ വില, വർദ്ധിച്ചപ്പോൾ ഈ കാർഷിക വിളകളുടെ വില കുറയുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി കൂട്ട പ്രാർത്ഥന നടത്തുകയാണ്. സമരം ചെയ്യാൻ കാരണം വേണമല്ലോ. ഇന്നിപ്പോൾ സമരം ചെയ്യാൻ ഒരു കാര്യവും കേരളത്തിൽ ഇല്ലാതായിരിക്കുന്നു. ആ നിലയിൽ വലിയ ഒരു വികസനം കാർഷിക മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. fiscal reforms-ന് തയ്യാറായത് ഈ ഗവൺമെന്റാണ്. പാവപ്പെട്ട ജനങ്ങളുടെ പണം പിരിച്ച്, ടാക്സ് പിരിച്ച് സുതാര്യമായ രീതിയിൽ ജനക്ഷേമനിധി പ്രയോജനപ്പെടുത്തുന്നു എന്ന് വരുത്തുവാൻ fiscal reforms-ന് തയ്യാറായ ഗവൺമെന്റിനെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുന്നു. ബഡ്ജറ്റിന്റെ 40-ാം ഖണ്ഡികയിൽ 75 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി കാണുന്നു. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടേയും തൊഴിലാളി സംഘടനയുടേയും നിർദ്ദേശം അനുസരിച്ച് ഈ തുക ചെലവഴിക്കുവാൻ വേണ്ടിയാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചത്. നമുക്കറിയാം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കടക്കെണിയിൽപ്പെട്ട്, പ്രളയത്തിൽപ്പെട്ട് മുങ്ങിത്താഴുന്ന കപ്പലാണ്. അതിനെ രക്ഷപ്പെടുത്തുന്നതിനായി 75 കോടി രൂപ മാറ്റിവച്ചിരിക്കുന്നത് നോഹയുടെ പെട്ടകത്തിനു തുല്യമാണ്. ആ മേഖലയിൽ ആശ്വാസജനകമായ ഒരു തീരുമാനം എടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടായതിന്റെ ഫലമായി ഏതാണ്ട് 3,000 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. എന്നിട്ട് 30 പൈസ കേന്ദ്രത്തിൽ നിന്ന് വാങ്ങാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സ്റ്റീഫൻ ജോർജ്:</u> കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പൈസയെങ്കിലും വാങ്ങാൻ കഴിഞ്ഞോ? കഴിഞ്ഞില്ല.

<u>ശ്രീ. എ. എൻ. രാജൻ ബാബു:</u> ഇതിനു മുൻപുള്ള ഗവൺമെന്റ് വരൾച്ചയ്ക്കുവേണ്ടി വാങ്ങിയിട്ടുള്ള ചെലവിന്റെ കണക്ക് കൊടുക്കാതിരുന്നതുകൊണ്ട് ആ പണം ഈ ഗവൺമെന്റിന് ഉണ്ടെന്നുള്ള സങ്കൽപ്പത്തിലാണ് അത് കിട്ടാതിരുന്നത് എന്ന് അറിയാമോ?

<u>ശ്രീ. സ്റ്റീഫൻ ജോർജ്:</u> അതൊന്നും അവർ അംഗീകരിക്കുന്ന കാര്യമല്ലല്ലോ. ഇവിടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, 75 കോടി രൂപ ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ളതിൽ എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളും ഞാനും പ്രത്യാശയർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ നിയോജക മണ്ഡലത്തിൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ വകയായി കോട്ടയം ടെക്സ്റ്റൈൽ മിൽ എന്ന ഒരു സ്ഥാപനമുണ്ട്. ആ സ്ഥാപനം കൂടുതൽ വികസിപ്പിക്കാൻ ഇനിയും കൂടുതൽ തുക മാറ്റി വയ്ക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ സന്ദർഭത്തിൽ ഒരു കാര്യം സൂചിപ്പിക്കട്ടെ, നമ്മുടെ കേരളത്തെ ബാധിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ എച്ച്. എൻ. എൽ.-നെ കുറിച്ച് ബഹുമാന്യനായ എന്റെ സുഹൃത്ത് നാരായണൻ ഇന്നിവിടെ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നു. വെള്ളൂർ എച്ച്. എൻ. എൽ.-ൽ 1140-ഓളം ജീവനക്കാരുള്ള, കോടിക്കണക്കിന് രൂപ കേന്ദ്ര ഗവൺമെന്റിന് ടാക്സ് ഇനത്തിൽ വരുമാനം നൽകിയിട്ടുള്ള കേരളത്തിന്റെ അഭിമാനമായ സ്ഥാപനമാണ്. കേരളത്തിലെ ആളുകൾ ജോലിക്കുവേണ്ടി ഡൽഹിയിലേയ്ക്കും കൽക്കട്ടയിലേയ്ക്കും ബോംബെയിലേയ്ക്കും പോകാൻ ഇടയായ സാഹചര്യം ഉണ്ടായത് ഇവിടെ വ്യവസായ സ്ഥാപനങ്ങൾ ഇല്ല എന്നുള്ളതുകൊണ്ടാണ്. അതിനുകാരണം ഞാൻ പറയേണ്ടതില്ലല്ലോ. കഴിഞ്ഞ നാളുകളിൽ മാർക്സിസ്റ്റുപാർട്ടി എടുത്ത സമീപനം കൊണ്ടാണ് ഇവിടെ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാത്തത് എന്നകാര്യം നമുക്കൊക്കെ അറിയാം. അപ്പോൾ ഇവിടെയുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തെ വിറ്റഴിക്കാൻ കേന്ദ്രമന്ത്രി ശ്രീ. അരുൺഷൂരി ഉൾപ്പെടെയുള്ള ആളുകൾ തീരുമാനിച്ചിരിക്കുമ്പോൾ ആ സ്ഥാപനത്തെ നിലനിർത്താൻ ഗവൺമെന്റ് മുൻകൈയെടുത്ത് ശക്തമായ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഇവിടെ ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ച ഒരു കാര്യം പരാമർശിക്കുകയാണ്. കാർഷിക മേഖലയെ ഏറെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്ന, ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന കാർഷികാദായ നികുതി ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കും എന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. കാർഷിക മേഖലയെ ബുദ്ധിമുട്ടിലാക്കുന്ന, ചെറുകിട കൃഷിക്കാരൻ ആദായ നികുതി ഉദ്യോഗസ്ഥരുടെ മുമ്പിൽ പോയി മുട്ടുകുത്തി നിൽക്കേണ്ട ഗതികേട് ഈ സംസ്ഥാനത്ത് ഉണ്ടാകരുത്. ഈ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥിതിയെ പിടിച്ചുനിർത്തുന്ന, സാമ്പത്തിക വികസനത്തിന്റെ നട്ടെല്ലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ ഈ നികുതി നിർദ്ദേശം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സ്റ്റീഫൻ ജോർജ്: കാർഷിക മേഖലയിലും ക്ഷീര മേഖലയിലുമൊക്കെ ഈ ഗവൺമെന്റ് ബഡ്ജറ്റിലൂടെ ചെയ്ത നല്ല കാര്യങ്ങൾ അവയെല്ലാം പ്രത്യേകമായി അനുമോദിച്ചുകൊണ്ട് എത്രയൊക്കെ നല്ല കാര്യങ്ങൾ ചെയ്താലും

ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം

എന്നതുപോലെ എത്ര നല്ലതു ചെയ്താലും എതിർക്കുക എന്നത് അവരുടെ ജോലിയാണെന്ന് ഈ പ്രതിപക്ഷം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. എനിക്ക് നിങ്ങളോട് സൂചിപ്പിക്കാനുള്ളത് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയെ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മാതൃകയാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. എ. കെ. ആന്റണി, അദ്ദേഹം ഇത്തരം സമരങ്ങൾക്ക് നേതൃത്വം കൊടുത്തില്ല. ക്രിയാത്മകമായ പ്രതിപക്ഷമായിരുന്നു, അങ്ങനെ ക്രിയാത്മകമായ പ്രതിപക്ഷമായി മാറുവാൻ സാധാരണക്കാരെയും പാവപ്പെട്ടവരെയും സഹായിക്കുന്ന ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യാനുള്ള മനസ്സ് നിങ്ങൾക്കുണ്ടാകണം എന്നഭ്യർത്ഥിച്ചു കൊണ്ട് ഈ ബഡ്ജറ്റിനെ പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജെ. പൗലോസ്: സർ, ഞാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ശക്തിയായി പിൻ താങ്ങുകയാണ്. ഇന്നലെ റിപ്പബ്ലിക് ദിനാഘോഷങ്ങളോടനുബന്ധിച്ച് നമ്മുടെ രാഷ്ട്രപതി യുടേയും സംസ്ഥാനത്തെ തലവനായ ഗവർണറുടേയും പ്രസംഗങ്ങൾ അവർ നടത്തിയി ട്ടുള്ളതിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു വാചകം സൂചിപ്പിക്കാൻ ഞാൻ ഈ അവ സരം വിനിയോഗിക്കുകയാണ്. രാഷ്ട്രപതി റിപ്പബ്ലിക് ദിനസന്ദേശം നൽകിയതിലൂടെ പറഞ്ഞത് നമ്മുടെ രാജ്യത്തെ ഓരോ രാഷ്ട്രീയ പാർട്ടിയും വികസിത ഇൻഡ്യയെ സംബന്ധിച്ചിടത്തോളമുള്ള കാഴ്ചപ്പാട് അവർ ഈ തെരഞ്ഞെടുപ്പിലൂടെ വ്യക്തമാക്കണം എന്നുള്ളതാണ്. അതോടൊപ്പം ഭാരതത്തിലെ യുവാക്കളോട് അദ്ദേഹം അഭ്യർത്ഥിച്ചത് രാജ്യത്തുനിന്നും അഴിമതി ഇല്ലാതാക്കാൻ ഒരു സൈലന്റ് റവല്യൂഷൻ നടത്തണമെന്നു ള്ളതാണ്. അതേ സമയം നമ്മുടെ രാഷ്ട്രത്തലവനായ ഗവർണർ, നയപ്രഖ്യാപന പ്രസംഗത്തിലാണെങ്കിൽ ഒരുപക്ഷേ മന്ത്രിസഭ അംഗീകരിച്ച് എഴുതികൊടുത്തതാണ് വായിക്കുക എന്ന് ആക്ഷേപിച്ചേക്കാം. പക്ഷെ ഇത് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന് ഉണ്ടായതാണ്, ഏതാനും മാസങ്ങൾ അദ്ദേഹം കേരളത്തിൽ താമസിച്ചതിലൂടെ കേരളത്തെക്കുറിച്ച് മനസ്സിലാക്കികൊണ്ട് അദ്ദേഹം പറഞ്ഞത് 'അടിസ്ഥാനമില്ലാത്ത കാര്യങ്ങളെ ചൊല്ലി കലഹിച്ച് കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ ഓരോ ദിവസവും പിന്നോട്ടു പിന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ് എന്നാണ്.' ഈ സന്ദർഭത്തിലാണ് നമ്മൾ നമ്മുടെ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച ഇന്ന് ആരംഭിക്കുന്നത്. രാഷ്ട്രപതി യുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ വികസിത ഇൻഡ്യയെ ലക്ഷ്യമാക്കിക്കൊണ്ട് നമ്മുടെ ഒരു വികസന പരിപാടി, അത് മുഖമുദ്രയായി സ്വീകരിച്ചുകൊണ്ടുള്ള പ്രവർത്തന ങ്ങളുമായി മുന്നോട്ടുപോകുകയാണ്. അഴിമതി നമ്മുടെ സംസ്ഥാനത്ത് ഇല്ലാതാക്കുന്ന തിനുവേണ്ടിയുള്ള നടപടികൾ പല നിലയിലും അതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. ഇപ്പോൾ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ഇതുവരെ വന്നിട്ടുള്ള വിലയിരുത്തൽ ആർക്കും ഈ ബഡ്ജറ്റിനെ കുറ്റം പറയാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. നമ്മുടെ പ്രതിപക്ഷനേതാവ് ബഡ്ജറ്റ് അവതരിപ്പിച്ച അന്ന് മാധ്യമ പ്രവർത്തകരോട് ഒറ്റനോട്ടത്തിൽ അദ്ദേഹം പ്രതികരിച്ചത് ഈ ബഡ്ജറ്റ് പാസ്സാക്കാൻ കഴിയുകയാണെങ്കിൽ അത് കൊള്ളാം, എന്നു പറഞ്ഞാൽ ബഡ്ജറ്റിനെക്കുറിച്ച് അദ്ദേഹ ത്തിന് ഒരു കുറ്റവും കാണാൻ കഴിഞ്ഞിട്ടില്ല, പക്ഷെ അത് നടപ്പിലാക്കാൻ കഴിയുമോ എന്നുള്ളത് മാത്രമാണ് അദ്ദേഹത്തിനുള്ള ആശങ്ക. പക്ഷെ ആ ആശങ്ക ഈ ഗവൺമെന്റിന് ദൂരീകരിക്കുവാൻ കഴിയുകയാണെങ്കിൽ ബഡ്ജറ്റും കൊള്ളാം, ബഡ്ജറ്റിനെ തുടർന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും കൊള്ളാം എന്നുള്ളത് അദ്ദേഹത്തിനും സമ്മതിക്കേണ്ടിവരും. പക്ഷെ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്ന് സംസാരിക്കുമ്പോൾ അവർക്ക് കുറ്റം പറഞ്ഞുകൊണ്ടല്ലാതെ സംസാരിക്കാൻ കഴിയില്ല. കാരണം അതാണ് പ്രതിപക്ഷ ധർമ്മം എന്ന് വിശ്വസിക്കുന്നവരാണ് ഇന്ന് പ്രതിപക്ഷത്ത്. അതല്ല പ്രതിപക്ഷ ധർമ്മം എന്നുള്ളത് കഴിഞ്ഞ അഞ്ചുവർഷക്കാലം പ്രതിപക്ഷത്ത് ഞങ്ങൾ ഇരുന്നപ്പോൾ ഞങ്ങളുടെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. എ. കെ. ആന്റണി തെളിയിച്ചുവെങ്കിലും അതംഗീകരിക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടുള്ളതുകൊണ്ട് ഇന്ന് പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ, അനുമോദനയോഗത്തിലും അഭിനന്ദനയോഗത്തിലും, പ്രതിഷേധ യോഗത്തിലും, അനുശോചന യോഗത്തിലുമൊക്കെ പ്രസംഗിക്കുമ്പോൾ എപ്പോഴും പ്രതിഷേധ സ്വരത്തിൽ സംസാരിച്ച് ശീലിച്ചിട്ടുള്ള ആളുകൾ സംസാരിക്കുമ്പോൾ അറിയാതെ ഒരു പ്രതിഷേധസ്വരം കടന്നുവരും എന്നുള്ളത് പോലെ ഇതും സ്വാഭാവികമാണ്. ഇന്ന് ഈ ബഡ്ജറ്റിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗം അങ്ങനെയായതിൽ ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. കാരണം ഇപ്പോൾ അദ്ദേഹം പ്രതിപക്ഷ നേതാവാണ്. പക്ഷെ പ്രതിപക്ഷനേതാവായിരുന്നുകൊണ്ട് അദ്ദേഹം ഈ ബഡ്ജറ്റിനെ വിമർശിച്ചുകൊണ്ട് പ്രസംഗിക്കുമ്പോൾ അപ്പുറത്തുനിന്നും ഓരോ ആളുകളും പ്രസംഗിക്കുമ്പോൾ എനിക്ക് അവരോട് സൂചിപ്പിക്കാനുള്ള ഒരുകാര്യം ഈ ബഡ്ജറ്റ് എന്നു പറഞ്ഞാൽ ഓരോ ബഡ്ജറ്റുകളുടേയും തുടർച്ചയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടേമുക്കാൽ വർഷമേ ആയിട്ടുള്ളൂ. മൂന്നു വർഷം തികയാൻ ഇരിക്കുന്നതേയുള്ളൂ. ഈ മൂന്നു വർഷത്തിനപ്പുറം കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ സംസ്ഥാനം ഭരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ആ മുന്നണി ഭരണം അവസാനിപ്പിച്ച് ഐക്യജനാധിപത്യ മുന്നണിക്ക് ഭരണം ഏൽപ്പിച്ചുകൊടുക്കുന്ന കാലഘട്ടം എങ്ങനെയുള്ളതായിരുന്നു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം നമ്മൾ എത്രയോ പ്രാവശ്യം ചർച്ചചെയ്തിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി കടക്കെണിയിൽ എത്തിച്ച് കൊടുക്കാനുള്ളവർക്ക് പണം കൊടുക്കാതെ എല്ലാ വികസന പ്രവർത്തനങ്ങളും മുടങ്ങി ഒരു വല്ലാത്ത ദുരിതത്തിലേക്ക് ഈ സംസ്ഥാനത്തെ എത്തിച്ചതിനുശേഷം കാലിയായ ഖജനാവും അതിന്റെ താക്കോലും ഏൽപ്പിച്ചുകൊടുത്തത് ഏറ്റുവാങ്ങിക്കൊണ്ട് ആരംഭിച്ച ഭരണം ഈ സംസ്ഥാനത്ത് രണ്ടേമുക്കാൽ വർഷം പിന്നിട്ടപ്പോഴേക്കും ഈ സംസ്ഥാനത്തിന്റെ സ്ഥിതിയിൽ വളരെ ആശാവഹമായ പുരോഗതിയുണ്ടായിട്ടുണ്ട്. നിങ്ങൾ ഉണ്ടാക്കിവച്ച എല്ലാ കടബാദ്ധ്യതകളും കൊടുത്തു തീർത്തു. ഒന്നാമത്തെ വർഷം വേണ്ടത്ര വികസന പ്രവർത്തനം നടത്താൻ കഴിഞ്ഞില്ല. പക്ഷെ രണ്ടാമത്തേയും അതിനുശേഷമുള്ള കാലഘട്ടത്തിലുമൊക്കെ നമ്മുടെ സംസ്ഥാനത്ത് വളരെ ശക്തമായ തോതിലുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയി കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലം കേരളത്തിലെ ജനങ്ങൾ ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്ന കാര്യം നിങ്ങൾക്കും ബോദ്ധ്യമുണ്ട്. ഞാൻ സമയക്കുറവുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. അങ്ങനെ വലിയ ഒരു മാറ്റം ഈ സംസ്ഥാനത്ത് ഇതിനകം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഐക്യജനാധിപത്യ മുന്നണി സർക്കാരിനു വേണ്ടി കൊണ്ടുവന്ന ബഡ്ജറ്റിനകത്ത് ഇപ്പോൾ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം ഒന്ന്, റവന്യു കമ്മി വർദ്ധിച്ചു. രണ്ട്, പൊതുകടം വർദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ കമ്മി കുറച്ചുകൊണ്ടുവരേണ്ടതാണ്. കുറച്ചുകൊണ്ടുവരിക എന്നുള്ളത് ഈ സർക്കാർ ഒരു സമീപനമായി സ്വീകരിക്കും. പക്ഷേ ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം തികയുന്നേയുള്ളൂ. നിങ്ങൾ ഉണ്ടാക്കിയിട്ടുള്ള കടബാദ്ധ്യതകൾ എല്ലാം കൊടുത്തു തീർത്തും അതോടൊപ്പം വികസന പ്രവർത്തനങ്ങൾ മുരടിക്കാത്ത ഒരു സ്ഥിതി വിശേഷം ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃത രായിരിക്കുന്നതുകൊണ്ട് റവന്യൂ കമ്മി കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള സത്യം ഞങ്ങൾ മറച്ചു വയ്ക്കുന്നില്ല. റവന്യൂ വരവ് 2003-2004-ൽ 12,551 കോടി രൂപയായിരുന്നു. ഇത് ഇപ്പോൾ 2004-2005-ൽ 14,261 കോടിയായി വർദ്ധിപ്പിച്ചു. അതുപോലെ റവന്യൂ ചെലവ് 16,227-ൽ നിന്ന് ഈ വർഷം വന്നപ്പോൾ 18,971-ലേയ്ക്ക് അത് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. റവന്യൂ കമ്മി മൈനസ് 3676-ൽ നിന്ന് മൈനസ് 4707 കോടി രൂപയി ലേക്ക് വർദ്ധിച്ചു എന്നുള്ളത് കണക്കുകൾ കൊണ്ട് ഞങ്ങളും അംഗീകരിക്കുകയാണ്. നമുക്ക് ഒരു പക്ഷേ ഇതിനകത്ത് റവന്യൂ കമ്മി കുറച്ച് കാണിക്കാൻ കഴിയുമായിരുന്നു. റവന്യൂ കമ്മി ഈ വർഷം വർദ്ധിച്ചു വരുന്നതിന് പ്രധാനമായ ഒരു കാരണമായിട്ടു ള്ളത് നമ്മുടെ കെ. എസ്. ഇ. ബി. എന്നുപറയുന്ന സ്ഥാപനം ഇൻഡ്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇതിനകം ഓരോ കാലഘട്ടങ്ങളിലായി കൊടുത്തു തീർക്കാനുള്ള 1158 കോടി രൂപയുടെ കടം സർക്കാർ ഏറ്റെടുത്തു. മാത്രമല്ല 556 കോടി രൂപയുടെ ക്യാഷ് സബ്സിഡിയും കൊടുത്തു. കഴിഞ്ഞ വർഷങ്ങളിൽ ഇല്ലാ യിരുന്ന ഒരു പുതിയ ബാദ്ധ്യത 1714 കോടി രൂപയുടെ പുതിയ ബാദ്ധ്യത, ഈ ബഡ്ജറ്റിലൂടെ ധനകാര്യമന്ത്രി ഏറ്റെടുത്തപ്പോൾ നമ്മുടെ റവന്യൂ കമ്മി 4707 കോടി രൂപയിലേക്ക് വർദ്ധിച്ചു. ഒരു പക്ഷെ ഇപ്രകാരം ചെയ്യാതിരുന്നുവെങ്കിൽ അതിൽ നിന്ന് 1714 കോടി രൂപയുടെ കുറവ് നമുക്ക് ഉണ്ടാക്കാമായിരുന്നു. അങ്ങനെ ഉണ്ടാക്കിയി രുന്നുവെങ്കിൽ തീർച്ചയായും ഈ വർഷം മുതൽ റവന്യൂ കമ്മി കുറയുന്ന ഒരു സ്ഥിതിവിശേഷത്തിന്റെ തുടക്കം ഈ സംസ്ഥാനത്ത് കുറിക്കാൻ നമുക്ക് കഴിയുമായിരുന്നു. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥിതി നമുക്ക് അറിയാം. അത് എങ്ങിനെയായി, എന്നുമുതലായി എന്നുള്ളത് എല്ലാപേർക്കും അറിയാം. അതിനിപ്പോൾ ഈ ഗവൺമെന്റ് മാത്രമാണോ ഉത്തരവാദി? അതിനുമുമ്പുണ്ടായിരുന്ന കാലഘട്ടം തൊട്ടേ തുടങ്ങിയിട്ടുള്ള കടബാദ്ധ്യതകൾ വർദ്ധിച്ച് ഒരു തരത്തിലും ഇലക്ട്രിസിറ്റി ബോർഡിന് മുന്നോട്ടു പോകാൻ കഴിയാത്ത ഒരു ദുഃസ്ഥിതിയിൽ എത്തിനിൽക്കുന്ന ഒരു സന്ദർഭത്തിൽ ധനകാര്യമന്ത്രി ഇങ്ങനെ ഒരു അഡ്ജസ്റ്റ്മെന്റിന് തയ്യാറായില്ലായിരുന്നുവെങ്കിൽ വലിയൊരു വൈദ്യുതി ചാർജിന് കേരളത്തിലെ ജനങ്ങൾ സാക്ഷ്യം വഹിക്കേണ്ടി വരുമായിരുന്നു. കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കേണ്ട ഒരു സാഹചര്യ മുണ്ടാകുമായിരുന്നു. അത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇവിടെ നമുക്ക് റവന്യൂ കമ്മി കുറച്ചുകൊണ്ടുവരികയെന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. അൽപ്പം വർദ്ധിച്ചു. പക്ഷെ മഹത്തരമായ ഒരു കാര്യം ആ സന്ദർഭത്തിൽ ഇവിടെ നിർവ്വഹിക്കാൻ കഴിഞ്ഞു എന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഞാൻ ഈ ബഡ്ജറ്റിന്റെ നേട്ടങ്ങൾ, കോട്ടങ്ങൾ ഇല്ലാത്ത ഒരു ബഡ്ജറ്റ് ആയതുകൊണ്ട് നേട്ടങ്ങൾ പറയുക ബുദ്ധിമുട്ടാണ്. കാരണം മുഴുവനും നേട്ടങ്ങളാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ കൈ കടന്നു ചെല്ലാത്ത ഒരു മേഖലയുമില്ല. ഒരു കടും നടപടിയുമില്ല.

പുതിയ ശക്തമായ നികുതി നിർദ്ദേശങ്ങളൊന്നുമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസം കൊടുക്കുന്ന രീതിയിലുള്ള ധാരാളം ക്ഷേമപദ്ധതികൾ ഉൾപ്പെടെയുള്ള, ഓരോ ഡിപ്പാർട്ടുമെന്റിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായമുൾപ്പെടെയുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ തകർന്നുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് 75 കോടി രൂപ അദ്ദേഹം നീക്കിവച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസത്തിനു വേണ്ട തുക 71.5 കോടി രൂപയായി ഉയർത്തി. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് പതിനായിരം രൂപ വീതം നൽകാനുള്ള മംഗല്യ പദ്ധതി, ഭരണ നിർവ്വഹണത്തിന് 600 കോടി രൂപ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1881 കോടി രൂപ, അവരുടെ പദ്ധതി വിഹിതമായിട്ടുള്ള 1350 കോടി രൂപയ്ക്ക് പുറമേ പല രീതിയിലുള്ള ആനുകൂല്യങ്ങൾ ചേർത്തുകൊണ്ട് 1881 കോടി രൂപ, അങ്ങനെ നമ്മുടെ പ്രാദേശിക ഗവൺമെന്റുകൾക്ക് ശക്തമായി പ്രവർത്തിക്കാൻ ആവശ്യമായ നല്ലൊരു ബഡ്ജറ്റ് സപ്പോർട്ട് ഈ ബഡ്ജറ്റിൽ കൊടുത്തിട്ടുണ്ട്. 'അക്ഷയ' പദ്ധതിക്ക് 25 കോടി രൂപ ശുദ്ധജല വിതരണത്തിന് 325 കോടി രൂപ. തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുന്നതിന് വേണ്ടിയിട്ടുള്ള വിഹിതം മാറ്റി വച്ചിട്ടുണ്ട്. അങ്ങനെ എല്ലാ വിഭാഗം ആളുകൾക്കും ഈ ബഡ്ജറ്റുകൊണ്ട് ഈ സാമ്പത്തിക വർഷം പരമാവധി പ്രയോജനം കിട്ടത്തക്ക രീതിയിലുള്ള നല്ല നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള ഒരു ബഡ്ജറ്റ് എന്നുള്ള രീതിയിൽ, ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം എല്ലാ വിഭാഗം ആളുകളുടേയും ഭാഗത്തുനിന്നുള്ള ഒരു നല്ല അംഗീകാരം ഇതിനകം ഉണ്ടായിട്ടുണ്ട് എന്നുള്ളത് കഴിഞ്ഞ രണ്ടു ദിവസത്തെ മാധ്യമങ്ങൾ മറിച്ചു നോക്കിയാൽ നമുക്ക് കാണാൻ കഴിയും. ഇതിനകത്ത് വലിയ നികുതി നിർദ്ദേശങ്ങളും, ജനങ്ങളെ പിഴിഞ്ഞെടുക്കുന്ന നടപടികളും ഇല്ലെങ്കിലും—ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രി അതിനുശേഷം ശ്രദ്ധിച്ചിട്ടുണ്ടാകും. നികുതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നുരണ്ടു കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ഒന്ന് നമ്മുടെ ക്ഷീരോൽപ്പാദന മേഖലയെ വളരെയധികം ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ ക്ഷീരോൽപ്പാദനമെന്നു പറഞ്ഞാൽ അധികവും കാർഷിക മേഖലയിലാണ്. കാർഷിക മേഖലയിലെ തൊഴിലവസരങ്ങളെന്നു പറഞ്ഞാൽ നാമമാത്ര കൃഷിക്കാരായിരുന്നാലും ചെറുകിട കൃഷിക്കാർ ആയിരുന്നാലും കർഷക തൊഴിലാളികൾ ആയിരുന്നാലും, അവരുടെ ജോലിയും വരുമാനവും സീസണൽ ആണ്. ആ സീസണൽ വർക്ക് കഴിഞ്ഞാൽ അവർക്ക് മറ്റെന്തെങ്കിലും വരുമാനമുണ്ടാക്കുന്ന ഒരു തൊഴിൽ എന്നുള്ള രീതിയിൽ വളരെ വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് ക്ഷീരോൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾ പശുവിനെ വളർത്തി ക്ഷീരം ഉൽപ്പാദിപ്പിച്ച് ജീവിക്കുന്നവരായിട്ടുണ്ടായിരുന്നു. ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ട് മാന്യമായ വില ലഭിക്കാത്തതുകൊണ്ട് ഇന്ന് ആ മേഖല വളരെ ചുരുങ്ങിക്കൊണ്ടിരിക്കുയാണ്. എന്നു പറഞ്ഞാൽ ഇന്ന് കൃഷിക്കാർ കാലിവളർത്തൽ ഉപേക്ഷിക്കാൻ നിർബ്ബന്ധിതരാകുകയാണ്. എന്നാലും അവശേഷിക്കുന്ന ഈ ക്ഷീരോൽപ്പാദകരെ സംബന്ധിച്ചിടത്തോളം അവരുടെ പാലിന് മാന്യമായ വില ലഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതോടൊപ്പം തന്നെ ഇപ്പോൾ പാലിന് ഏർപ്പെടുത്തിയിട്ടുള്ള എൻട്രി ടാക്സ് അത് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് ഗുണകരമാണോയെന്നുള്ള കാര്യം അങ്ങ് പരിശോധിക്കണം. അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിച്ച് വിൽക്കുന്ന പാലിന് ടാക്സ് ഇല്ല. എന്നാൽ മറ്റ് സ്ഥാപനങ്ങൾ വിൽക്കുന്ന പാലിന് 4 ശതമാനം ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത് നമ്മുടെ സംസ്ഥാനത്തെ ക്ഷീരോൽപ്പാദന മേഖലയെ പ്രതികൂലമായി ബാധിക്കും, കാരണം സർവ്വീസ് സഹകരണ സംഘങ്ങൾ മാത്രമല്ല ചാരിറ്റബിൾ സൊസൈറ്റികളും ക്ഷീരോൽപ്പാദന രംഗത്ത് വ്യാപകമായി പ്രവർത്തിച്ച് പാലുൽപ്പാദനം വർദ്ധിപ്പിച്ച് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കി കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ആ ചാരിറ്റബിൾ സൊസൈറ്റികൾ വിൽക്കുന്ന പാലിനും സർവ്വീസ് സഹകരണ സംഘങ്ങൾക്ക് ഇളവു കൊടുത്തിട്ടുള്ളതുപോലെ ടാക്സ് എക്സംപ്ഷൻ കൊടുക്കുന്നതിന് ബഹുമാന്യനായ ധനകാര്യമന്ത്രി ശ്രദ്ധിക്കേണ്ടത് ഈ മേഖലയുടെ നിലനിൽപ്പിന് ഏറ്റവും അത്യന്താപേക്ഷിതമാണെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ ശ്രീ. ആര്യാടൻ മുഹമ്മദ് ഒറ്റ വാക്കിൽ സൂചിപ്പിച്ച കാര്യം ഞാൻ ഒരു വാചകത്തിൽ പറഞ്ഞുകൊള്ളട്ടെ, സർ ബിസ്കറ്റിന് 4 ശതമാനം ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്, അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നതിന് 8 ശതമാനം ടാക്സ് ഉണ്ട്. അത് എട്ടോ പത്തോ എത്രയെങ്കിലും ആകട്ടെ, നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ബിസ്ക്കറ്റിനും, ഉൽപ്പാദിപ്പിക്കുന്ന സോപ്പിനും കൊണ്ടുവന്നിട്ടുള്ള 4 ശതമാനം ടാക്സ് നിറുത്തലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള ചെറുകിട വ്യവസായങ്ങൾ അടച്ചു പൂട്ടാൻ നിർബന്ധിതമാകുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് അത് ഉപേക്ഷിക്കണം. അതുകൊണ്ട് വലിയ നഷ്ടമൊന്നും സർക്കാരിന് ഉണ്ടാകുകയില്ല. ഞാൻ ഒരു കൃഷിക്കാരൻ കൂടിയായതുകൊണ്ട് പറയുകയാണ്. സർ കാർഷികാദായ നികുതിയിനത്തിൽ നിന്ന് വളരെ കുറഞ്ഞ ഒരു തുകയേ നമുക്ക് കിട്ടുന്നുള്ളൂ എന്നുള്ളത് കണക്കുകൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. രണ്ടു വർഷം മുൻപ് ഈ കാർഷികാദായ നികുതി പിരിക്കുന്നതിനുവേണ്ടി ചെലവഴിച്ചിരുന്ന തുകയുടെ അടുത്ത് പോലുമെത്തുന്ന തുക നമുക്ക് നികുതിയിനത്തിൽ സ്വരൂപിക്കാൻ കഴിയാത്തതുകൊണ്ട് നമ്മൾ ഉപേക്ഷിച്ചതാണ്. നമ്മുടെ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി അവർക്ക് കണക്കുകളും സ്റ്റേറ്റുമെന്റും കാണിക്കാനുള്ള ബുദ്ധിമുട്ട് അംഗീകരിച്ചുകൊണ്ട്, ഉദ്ദേശിക്കുന്ന ആ കാർഷികാദായ നികുതി വേണമെങ്കിൽ കമ്പനികളിൽ നിന്ന് പിരിക്കാം. കൃഷിക്കാരനിൽ നിന്ന് കാർഷികാദായ നികുതി പിരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് പിൻവലിക്കണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഈ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. സാമ്പത്തിക പ്രതിസന്ധിയിലും ജനങ്ങൾക്ക് ഒരു മികച്ച ജീവിതനിലവാരം പ്രദാനം ചെയ്യുന്ന ബഡ്ജറ്റാണിത്. 'ഉള്ളതുകൊണ്ട് ഓണംപോലെ' കഴിയത്തക്കവണ്ണമുള്ള ഒരു ബഡ്ജറ്റാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ആരോപണങ്ങൾ വലുതായി പറഞ്ഞില്ലായെന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുതന്നെ ഈ ബഡ്ജറ്റ് മെച്ചമാണെന്ന് കാണുന്നതാണ്, എന്നു മാത്രമല്ല 24-ാം തീയതി ദേശാഭിമാനിയിൽ വന്ന ഒരു പ്രസ്താവന തന്നെ ലോകസഭാ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് ക്ഷേമപദ്ധതികൾ വാഗ്ദാനം ചെയ്യുന്നതാണ് ഇത്തവണത്തെ ബഡ്ജറ്റ് എന്നാണ് എന്നു പറയുമ്പോൾ ക്ഷേമപദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണെന്ന് തന്നെയാണ് പ്രതിപക്ഷം അംഗീകരിക്കുന്നത്. മാത്രമല്ല ക്ഷേമപദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണ് ഇതെന്ന് പ്രതിപക്ഷ നേതാവ് അംഗീകരിച്ചിരിക്കുന്നത് ഒരു പക്ഷേ ആദ്യമായിട്ടായിരിക്കാം. വികസനത്തിനും സാമൂഹിക സംരക്ഷണത്തിനും ഭരണ നവീകരണത്തിനും സാമ്പത്തിക പരിഷ്കരണത്തിനുമുള്ള ഊന്നൽ കൊടുത്തു കൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനുശേഷം എടുത്തിട്ടുള്ള നടപടികളുടെ തുടർച്ചയാണ് ഈ ബഡ്ജറ്റ്. ഏതാണ്ട് ആഭ്യന്തരോൽപ്പാദനം 2002-2003-ൽ 6.1 ശതമാനമാണ്. ഇത് ദേശീയ വളർച്ചാ നിരക്കിനെക്കാൾ രണ്ടു ശതമാനം കൂടുതലാണ്. വായ്പാ നിക്ഷേപാനുപാതം 52.4 ശതമാനമായി ഉയർന്നു. പത്തു വർഷക്കാലത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി, ഈ രണ്ടര വർഷം കൊണ്ട് പന്ത്രണ്ടായിരം കോടി രൂപയുടെ പൊതുക്കടം വർദ്ധിപ്പിച്ചിരിക്കുന്നു എന്ന്. നിങ്ങൾ വാങ്ങിയ പണം എങ്ങിനെയാണ് ചെലവഴിച്ചത്? അതിന്റെ കണക്കുകൾ പരിശോധിച്ചാൽ അറിയാം. നിങ്ങൾ ഇവിടെ നിന്നും ഇറങ്ങി പോകുമ്പോൾ 24,000 കോടി രൂപയുടെ പൊതുക്കടം ഉണ്ടായിരുന്നപ്പോൾ തന്നെ, കൊടുക്കാതെ പോയ കുറെ തുകകളുണ്ടായിരുന്നു. കോ-ഓപ്പറേറ്റീവ് ബാങ്കിന്റേത് 642 കോടി രൂപയായിരുന്നു. റീ-ഫൈനാൻസിംഗ് ഇല്ലാതെ നഷ്ടം വരുത്തിയത് 156 കോടി രൂപയായിരുന്നു. കോ-ഓപ്പറേറ്റീവ് അക്കാഡമിക് കൊടുക്കാതെ പോയത് 150 കോടി രൂപയായിരുന്നു. ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റിനു വേണ്ടി കൊടുക്കാതിരുന്നത് 507 കോടി രൂപയായിരുന്നു. അതിന്റെ ഇന്ററസ്റ്റ് 70 കോടി രൂപയായിരുന്നു. പ്ലസ് ടു വിന്റെ ലയബിലിറ്റി 220 കോടി രൂപയായിരുന്നു. മെഡിക്കൽ സപ്ലൈയേഴ്സിന് കൊടുക്കാനുണ്ടായിരുന്നത് 31 കോടി രൂപയായിരുന്നു. കോൺട്രാക്ടേഴ്സിന് കൊടുക്കാനുണ്ടായിരുന്നത് 620 കോടി രൂപയായിരുന്നു. ഉച്ചക്കഞ്ഞിക്ക് കൊടുക്കാനുണ്ടായിരുന്നത് 100 കോടി രൂപയായിരുന്നു. ഇങ്ങനെ 4,000 കോടി രൂപയുടെ ബാദ്ധ്യത കൂടാതെ ഈ ഗവൺമെന്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അടക്കം കേന്ദ്ര പൊതുമേഖലയടക്കം 1158 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്തിട്ടുണ്ട്. 558 കോടി രൂപയുടെ സബ്സിഡി കെ.എസ്.ഇ.ബി.-ക്ക് കൊടുത്തിട്ടുണ്ട്. എന്നിട്ടും വൈദ്യുതി നിരക്കിൽ ഒരു പൈസപോലും കൂട്ടാതെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം, നിങ്ങളുടെ നയം വ്യത്യസ്തമാണ്. മുസ്ലിംലീഗ് ഇടതുപക്ഷത്തിന്റെ കൂടെ നിന്നാൽ സ്വർഗ്ഗീയം. മുസ്ലിംലീഗ് യു. ഡി. എഫ്.-ന്റെ കൂടെ നിന്നാൽ വർഗ്ഗീയം. യു. ഡി. എഫ്. ഗവൺമെന്റ് എ. ഡി. ബി.-യിൽ നിന്നും പണം സ്വീകരിച്ചാൽ അത് സംസ്ഥാനത്തെ പണയംവയ്ക്കൽ. നിങ്ങൾ വാങ്ങിയാൽ അത് സുതാര്യമാണ്, ഏറ്റവും നല്ലതാണ്. ഈ സന്ദർഭത്തിൽ കരടി ഐപ്പിന്റെ കാര്യമാണ് ഞാൻ ഓർക്കുന്നത്. കരടി ഐപ്പിന്റെ മകൻ

LIBRARY ARCHIVES Kerala Legislative Assembly

വൈകിയാണ് ഉറക്കമെഴുന്നേൽക്കുന്നത്. മകൻ വൈകി ഉറക്കമെഴുന്നേൽക്കുമ്പോൾ കരടി ഐപ്പ് പറയും, അവൻ ഉച്ചയാകുമ്പോൾ എഴുന്നേൽക്കുമെന്ന്. അവൻ കുളിച്ചു കഴിഞ്ഞ് വെളിയിലേക്ക് പോകുമ്പോൾ പറയും അവൻ കണ്ണുകീറുംമുമ്പ് വെളിയിലേക്ക് പോകുമെന്ന്. അതുകഴിഞ്ഞ് വൈകുന്നേരം കരടി ഐപ്പിന്റെ മകൻ വരുമ്പോൾ അർദ്ധ രാത്രി കഴിഞ്ഞ് കയറിവരുമെന്ന് പറയും. കിടന്നുറങ്ങാൻ തയ്യാറാകുമ്പോൾ പറയും അവന് സന്ധ്യ ആകുമ്പോൾ ഉറങ്ങണമെന്ന്. ഇവിടെ കരടി ഐപ്പിന്റെ നയമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അത് ഒഴിവാക്കിക്കൊണ്ട് വികസനോൻമുഖവും, സാമൂഹ്യ സംരക്ഷണത്തിന് മുൻതൂക്കം നൽകുന്നതുമായ ഈ ബഡ്ജറ്റിന്റെ അടിസ്ഥാന പ്രവർത്തനങ്ങളെ പിൻതുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: സർ, ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ദേശീയ സാഹചര്യത്തിലും നമ്മുടെ നാടിന്റെ ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിലും കൊണ്ടു വരാവുന്ന മികച്ച ഒരു ബഡ്ജറ്റാണ് ശ്രീ. കെ. ശങ്കരനാരായണൻ ഇവിടെ അവതരിപ്പിച്ചത്. വിവിധ മേഖലകളിൽ നിന്നുള്ള പ്രതികരണങ്ങൾ ബഡ്ജറ്റിനെക്കുറിച്ച് ഉണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ള, ആ ഭാഗത്തുനിന്നുമുള്ളവരുടെ പ്രതികരണങ്ങൾ ശ്രദ്ധിച്ചാൽ, വരികൾക്കിടയിലൂടെ വായിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും, ഒരു മികച്ച ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചതെന്ന്. ലോകസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള കബളിപ്പിക്കൽ ബഡ്ജറ്റ് എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ പറഞ്ഞത്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കൊണ്ടുവരുന്ന ബഡ്ജറ്റ് സ്വാഭാവികമായും മോശമായ ബഡ്ജറ്റായിരിക്കുമെന്ന് പറയാൻ ആർക്കും കഴിയുകയില്ല. സംസ്ഥാന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പല്ല നടക്കാൻ പോകുന്നത്. ലോക്സഭയിലേക്ക് നടക്കാൻപോകുന്ന തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം ഈ ഭാഗത്ത് നിന്നുള്ളവർക്ക് മാത്രമല്ല, പ്രതിപക്ഷത്തുള്ളവർക്കും അതീവ ഗൗരവമുള്ള കാര്യമാണ്. കേന്ദ്ര ഭരണകൂടത്തെ ഇന്ന് നയിക്കുന്ന ബി. ജെ. പി. ക്കെതിരായ മുന്നേറ്റം രാജ്യത്തുണ്ടാകണമെന്ന് അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ആഗ്രഹിക്കുന്നു. അങ്ങനെയുള്ള തെരഞ്ഞെടുപ്പ് ലാക്കാക്കിക്കൊണ്ടുവന്ന ബഡ്ജറ്റാണ് ഈ ബഡ്ജറ്റെന്നു പറയുമ്പോൾ രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ കഴിയാതെ പോകുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എങ്ങനെയാണെന്ന് ഒരു പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. സാമ്പത്തികമായ വളർച്ച ഉണ്ടായിട്ടില്ല എന്ന് പറയാൻ ആർക്കും കഴിയുകയില്ല. വളർച്ചയുടെ പാതയിലൂടെ സംസ്ഥാനം മുന്നോട്ടു പോകുന്നു. അധികാരത്തിൽ നിന്നും ഇറങ്ങിപ്പോയ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അന്ന് വരുത്തിത്തീർത്ത ബാദ്ധ്യതകൾ ഏറ്റെടുക്കേണ്ടി വന്നു എന്നതാണ് ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ പ്രതിബന്ധമായി നിൽക്കുന്നത്. ഇവിടെ പല ബഹുമാനപ്പെട്ട സുഹൃത്തുക്കളും പറയുകയുണ്ടായി. ഞാൻ അത് ആവർത്തിക്കാൻ ശ്രമിക്കുന്നില്ല. നമുക്കറിയാം, നായനാരിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്

ഇറങ്ങപ്പോകുമ്പോൾ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുണ്ടായിരുന്ന ശമ്പള ബാദ്ധ്യത 240 കോടി രൂപയായിരുന്നു. സർക്കാർ ജീവനക്കാർക്ക് 16 ശതമാനം ഡി. എ. കുടിശ്ശിക ഉണ്ടായിരുന്നു. ശ്രീ. എ. എൻ. രാജൻ ബാബു പറഞ്ഞത് പോലെ, കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കേണ്ടതായ 1400 കോടി രൂപയുടെ കടബാദ്ധ്യത നിലനിന്നിരുന്നു. ആയിരം കോടിയിലധികം രൂപ സഹകരണ ബാങ്കുകളിൽ നിന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്തിരുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ ബാദ്ധ്യത 1158.25 കോടി രൂപയായിരുന്നു. ഈ ബാദ്ധ്യതകളെല്ലാം ഏറ്റെടുക്കേണ്ടതായി വന്നു. ഇപ്പോൾ കമ്മി വർദ്ധിക്കുന്നു എന്ന് പറഞ്ഞാണ് ആക്ഷേപം ഉന്നയിക്കുന്നത്. കമ്മി വർദ്ധിക്കാൻ കാരണമായ പല ഘടകങ്ങളിൽ മേൽപ്പറഞ്ഞവയും പെടുന്നു. അന്ന് ഇറങ്ങിപ്പോകുന്ന സന്ദർഭത്തിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പോലും കഴിയാത്ത സ്ഥിതിയായിരുന്നു. ഇതെല്ലാം യാഥാർത്ഥ്യമാണ്. ഗവൺമെന്റ് ഈ ബഡ്ജറ്റിൽ എല്ലാ ഡി. എ. കുടിശ്ശികകളും നൽകാമെന്ന കാര്യം പറഞ്ഞിരിക്കുന്നു. ബാക്കി വരുന്നത് 10 ശതമാനമാണ്. ഇതിന് മുമ്പും നൽകിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജീവനക്കാരുടെ സമരം ഉണ്ടായ സമയത്ത് പറഞ്ഞിരുന്നു, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമായാൽ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്ന്. അദ്ദേഹം നൽകിയ അന്നത്തെ വാഗ്ദാനം ഈ ബഡ്ജറ്റിലൂടെ പാലിച്ചിരിക്കുകയാണ്. 800-ലേറെ കോടി രൂപയുടെ ബാദ്ധ്യത വരുന്ന പ്രശ്നമാണ് ഏറ്റെടുത്തിരിക്കുന്നത്. മുഴുവൻ ഡി. എ. കുടിശ്ശികയും ഈ ഗവൺമെന്റ് നൽകാൻ തീരുമാനിച്ചത് സാമ്പത്തിക സാഹചര്യം മെച്ചപ്പെട്ടു എന്നുള്ളതുകൊണ്ടാണ്. എ. ഡി. ബി. വായ്പയെക്കുറിച്ചും, വേൾഡ്ബാങ്കിനെക്കുറിച്ചുമൊക്കെയാണ് കുറെ നാളുകളായി ഇവിടെ നടക്കുന്ന പ്രചരണം. എനിക്ക് പറയാനുള്ളത്, സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങൾക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുന്ന സ്ഥിതി വിശേഷം സംസ്ഥാനത്തുണ്ടാകണം എന്നുള്ളതു തന്നെയാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. എ. ഡി. ബി. വായ്പയുടെ തുടക്കം കുറിച്ചത് നിങ്ങളാണ്. ഇന്ന് നിങ്ങളതിനെ തള്ളിപ്പറയാൻ ശ്രമിക്കുന്നുണ്ട്. അതിനെ തള്ളിപ്പറയാൻ ശ്രമിക്കുമ്പോൾ നഷ്ടപ്പെടുന്നത് നിങ്ങളുടെ വിശ്വാസ്യത തന്നെയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വേൾഡ് ബാങ്കുമായി റോഡ് പദ്ധതികൾക്ക് ധാരണയുണ്ടാക്കിയത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തു തന്നെയാണ്. അത് ഈ ഗവൺമെന്റ് തുടർന്നുകൊണ്ടു പോകുന്നു എന്ന് മാത്രമേയുള്ളൂ. നിങ്ങൾ ആരംഭിച്ച കാര്യങ്ങൾ ഇന്ന് ഈ ഗവൺമെന്റ് ഒരു തുടർച്ച എന്ന നിലയിൽ ആ പ്രവൃത്തിയുമായി മുന്നോട്ട് പോകുമ്പോൾ, അത് കുറെക്കൂടി പരിഷ്കരിച്ച് മുന്നോട്ട് പോകുമ്പോൾ അതിനെ തള്ളിപ്പറയാൻ ശ്രമിക്കുന്നത് രാഷ്ട്രീയമായ സത്യസന്ധത ഇല്ലായ്മയാണ്. ഇന്ന് വികസന മേഖലയിൽ ഉണർവുണ്ടായിട്ടുണ്ട്. സാമ്പത്തിക രംഗത്തുണ്ടായ ഉണർവ് വികസന രംഗത്ത് പ്രതിഫലിക്കുന്നത് നമുക്കറിയാം. നമ്മൾ എല്ലാപേരും യാത്രചെയ്യുന്ന റോഡുകൾ ഇന്ന് എത്ര മെച്ചപ്പെട്ടവയാണ്. ഇന്ന് കേരളത്തിന്റെ ഒരതിർത്തിയിൽ നിന്നും മറ്റൊരതിർത്തിയിലേക്ക് യാത്ര ചെയ്യുമ്പോൾ നമുക്കറിയാം ഇതിന് മുമ്പ് ഒരിക്കലും കേരളത്തിൽ ഉണ്ടാകാത്ത നിലയിലുള്ള മെച്ചപ്പെട്ട റോഡുകളുണ്ടാക്കാൻ കഴിഞ്ഞുവെന്നത്. അത് വികസനമല്ലേ? എത്ര പാലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. എത്രയേറെ ഓവർ ബ്രിഡ്ജുകളുണ്ടാക്കി. ഇതിന് മുമ്പത്തെക്കാലത്ത് ഉണ്ടായിട്ടുണ്ടോ? ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം ഗോശ്രീ പ്രോജക്ട്, വളരെ പ്രധാനപ്പെട്ട ഒരു പ്രോജക്ടാണ്. ഇപ്പോൾ അത് കമ്മീഷൻ ചെയ്യാൻ പോകുകയാണ്. അത് വികസനമല്ലേ? വികസന പ്രവർത്തനം നടക്കുമ്പോൾ അത് കാണാതിരിക്കാൻ കഴിയുന്ന നിലയിലുള്ള രാഷ്ട്രീയ വിവാദങ്ങൾക്ക് പ്രാധാന്യം നൽകുവാൻ നിങ്ങൾ ശ്രമിക്കുന്നു. അത് സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്ത് പുരോഗതി ഉണ്ടാകുന്നതിന് പല പ്രതിബന്ധങ്ങളും, തടസ്സങ്ങളുമാണ് ഉണ്ടാക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങൾക്ക് ഒരുമിച്ചു നിന്ന് മുന്നോട്ട് പോകാൻ കഴിയുന്നതായ ഒരു സാഹചര്യം ഉണ്ടാകണമെന്ന്. ഇന്ന് സംസ്ഥാനത്തുണ്ടാകുന്ന നിക്ഷേപങ്ങൾ, അത് കേന്ദ്ര നിക്ഷേപമായാലും, അതുപോലെ തന്നെ മറ്റ് മേഖലകളിൽ നിന്നുള്ള നിക്ഷേപമായാലും സംസ്ഥാനത്ത് വരണം. ഇവിടത്തെ വികസനപരമായ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകാൻ അത് അത്യാവശ്യമാണ്. അത് ലക്ഷ്യംവച്ചു കൊണ്ട് എഫ്. എ. സി. ടി.-യുടെ കാര്യത്തിൽ നിങ്ങൾ എടുത്ത താൽപ്പര്യം ഞങ്ങളും എടുക്കുന്നുണ്ട്. നിങ്ങളുടെ പാർലമെന്റ് അംഗങ്ങൾ ഡൽഹിയിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാതിരിക്കുന്നു. സംസ്ഥാന ഗവൺമെന്റും അതുപോലെതന്നെ വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്ക വളരെ താൽപ്പര്യമെടുത്തതുകൊണ്ടാണ് FACT സ്വകാര്യ മേഖലക്ക് കൈമാറുന്ന സാഹചര്യം ഇന്നും ഉണ്ടാകാത്തത്. അത് നിങ്ങൾ ആലോചിക്കണം. നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മുഹമ്മദാലി ഇവിടെ സംസാരിച്ച പ്രശ്നത്തിൽ നമ്മൾ രണ്ടു കൂട്ടരും ഒന്നിച്ചാണ് നിൽക്കുന്നത്. പ്രത്യേകിച്ചും എറണാകുളം ജില്ലയിൽ. പക്ഷേ കേന്ദ്രമന്ത്രി കഴിഞ്ഞ ദിവസം പാർലമെന്റിൽ പറഞ്ഞത് കേരളത്തിൽ നിന്ന് ഇപ്പോഴും ഒരു പ്രൊപ്പോസൽ ഇതുസംബന്ധിച്ച് കൊടുത്തില്ലെന്നാണ്. നമ്മുടെ എം. പി.-മാരും വളരെ ഗൗരവത്തോടു കൂടി പാർലമെന്റിൽ ഉന്നയിച്ചപ്പോൾ കേന്ദ്രമന്ത്രി പറഞ്ഞത്, നമ്മുടെ സഭയിൽ നിന്ന് ഒരു പ്രൊപ്പോസൽ ഇപ്പോഴും കൊടുത്തിട്ടില്ല എന്നാണ്. എച്ച്. എൻ. എൽ.-ന്റെ കാര്യത്തിൽ ഇന്ന് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ശ്രീ. നാരായണന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി പറഞ്ഞതെന്താണ്? എച്ച്. എൻ. എൽ.-ന്റെ കാര്യത്തിൽ ഗവൺമെന്റ് ഇടപെടാൻ ഉദ്ദേശിക്കുന്നില്ല. അപ്പോൾ അങ്ങനെയാണ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സ്റ്റേറ്റ് ഗവൺമെന്റ് സഹായിക്കുന്നത്.

മി. സ്പീക്കർ: No..... No..... നിങ്ങളുടെ സമയമാണ് പോകുന്നത്.

ശ്രീ. കെ. മുഹമ്മദാലി: കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ സമീപിക്കാവുന്ന മാർഗ്ഗങ്ങളുണ്ട്. പ്രൊപ്പോസൽ കൊടുത്തിട്ടില്ല എന്ന് പറയുന്നത് ശരിയല്ല. കേന്ദ്രമന്ത്രി അരുൺഷൂരി പറയുന്നതാണോ യാഥാർത്ഥ്യം അതോ കേരള ഗവൺമെന്റ് പറയുന്നതാണോ യാഥാർത്ഥ്യം എന്നതിനെക്കുറിച്ച് സത്യസന്ധമായ അന്വേഷണമെങ്കിലും ബഹുമാനപ്പെട്ട മെമ്പർ നടത്തിയിരുന്നുവെങ്കിൽ ഇങ്ങനെ പറയേണ്ട ആവശ്യം വരില്ലായിരുന്നു. അത്രയേറെ മൂവ്മെന്റ് അക്കാര്യത്തിൽ ഈ ഗവൺമെന്റും ഈ ഭാഗത്തും ആ ഭാഗത്തുമുള്ളവരും ഒന്നിച്ചു നടത്തിയതുകൊണ്ടാണ്

ഇന്നും FACT കൈമാറാൻ കഴിയാതിരിക്കുന്നതെന്ന് അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇനിയും എഫ്. എ. സി. ടി. നമുക്ക് പൊതുമേഖലയിൽ നിലനിർത്തേണ്ടി വരും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാണ്. ആദായകരമായി പോകുന്നില്ല. അത് കേരളത്തിലെ ഗവൺമെന്റിന്റെ തകരാർ കൊണ്ടാണോ? കേന്ദ്ര ഗവൺമെന്റിന്റെ നയവ്യതിയാനംമൂലമുണ്ടാകുന്ന സാഹചര്യങ്ങളാണ്. ആ നയവ്യതിയാനങ്ങൾക്കെതിരായി, അവരുടെ സാമ്പത്തിക സമീപനങ്ങൾക്കെതിരായി നിങ്ങളോടൊപ്പം നിൽക്കാൻ ഞങ്ങളും തയ്യാറാണ്. പക്ഷെ ആ സമീപനം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളേയും ബാധിച്ചിട്ടുണ്ട്. യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ നമുക്ക് കഴിയില്ല. അപ്പോൾ യാഥാർത്ഥ്യം കണ്ടുകൊണ്ട് പോകാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള അനുകൂലമായ ചില പ്രതികരണങ്ങൾ, സാമ്പത്തിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതികരണങ്ങൾ, അത് പരിപൂർണ്ണമായും സംസ്ഥാനത്തിന്റെ പുരോഗതിയ്ക്ക് വേണ്ടി നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂ. ഓരോ മേഖലയിലും വികസനത്തിനുള്ള സാദ്ധ്യത വർദ്ധിച്ചിരിക്കുന്നു. വലിയ പ്രതീക്ഷയോടുകൂടിയാണ് നമ്മൾ നിക്ഷേപ സംഗമം നടത്തിയത്. നിക്ഷേപ സംഗമം അതിന്റെ പൂർണ്ണമായ വിജയത്തിലേക്ക് എത്തുവാൻ കഴിയാതെ പോയതിന് കാരണമെന്താണ്? ഇവിടെ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി എന്നതിന് പകരം ഇൻവെസ്റ്റ്മെന്റ് അൺഫ്രണ്ട്ലി എന്ന നിലയിലുള്ള സാഹചര്യം വളർത്തിക്കൊണ്ടു വരാനാണ് ശ്രമിക്കുന്നതെങ്കിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. എല്ലാ രംഗത്തും പണം മുടക്കാൻ തയ്യാറുള്ള നിക്ഷേപകർക്ക് പ്രതികൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചാൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. അപ്പോൾ എല്ലാവരും ഒത്തൊരുമിച്ച് ശ്രമിച്ചെങ്കിൽ മാത്രമേ സംസ്ഥാനത്തെ നമുക്ക് രക്ഷപ്പെടുത്താൻ കഴിയൂ എന്ന കാര്യത്തിൽ സംശയമില്ല. ഈ ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളും നമുക്കറിയാം. സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതാണ്. ഇപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പ് പടിമുറ്റത്ത് വന്നു നിൽക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ എങ്ങനെ വോട്ട് വാങ്ങിയെടുക്കാൻ കഴിയുമെന്ന ചിന്തയുമായി ബി. ജെ. പി. മുന്നോട്ടു പോകുന്നു. പാർലമെന്റിനെപോലും വിശ്വാസത്തിലെടുക്കാതെ, പുതിയ പുതിയ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയാണ്. ഈ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിന്റെ പ്രയോജനം ലഭിക്കുന്നത് ആർക്കാണ്? ഈ സമൂഹത്തിലെ 5% വരുന്ന ആളുകൾക്കാണ്. കോർപ്പറേറ്റ് ഭീമൻമാരെയാണ് സഹായിക്കുന്നത്. അതിനെതിരായി ശക്തമായ എതിർപ്പ് സംഘടിപ്പിക്കാൻ കഴിയുന്നില്ല. ഇവിടെയും നിങ്ങൾ കുന്തമുനകൊണ്ടു വരുന്നത് സാധാരണക്കാർക്ക് ആശ്വാസം നൽകാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെതിരായിട്ടാണ്. അവിടെയാണ് നിങ്ങളുടെ ഇരട്ടത്താപ്പ്. നിങ്ങൾ ദേശീയ തലത്തിൽ കേന്ദ്ര ഗവൺമെന്റിനെതിരായി, ബി. ജെ. പി. ക്ക് എതിരായി, അവരുടെ സാമ്പത്തികനയങ്ങൾക്കെതിരായി പറയുമ്പോൾ ഇവിടെ സംസ്ഥാനത്തെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം, ഇവിടെ ഇന്നിപ്പോൾ കൊണ്ടുവന്ന ആശ്വാസ പ്രവർത്തന നടപടികൾ കണ്ടില്ലായെന്ന് നടിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിനെ കബളിപ്പിക്കലാണ് എന്ന് നിങ്ങൾ പറയുന്നു. ഇവിടെ 'മംഗല്യ പദ്ധതി കൊണ്ടുവന്നതും' തൊഴിലവസരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികളുമൊക്കെ കബളിപ്പിക്കലാണെന്ന് നിങ്ങൾ പറയുമ്പോൾ പാർലമെന്റിനെ പോലും വിശ്വാസത്തിലെടുക്കാതെ, കേന്ദ്ര ഗവൺമെന്റ് സമൂഹത്തിലെ 5% ആളുകൾക്ക് പോലും പ്രയോജനം കിട്ടാത്ത ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ അതിനെതിരായി നിശബ്ദത പാലിക്കുന്ന സമീപനം നിങ്ങളുടെ രാഷ്ട്രീയ സത്യസന്ധതയ്ക്ക് യോജിച്ചതല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനങ്ങൾക്ക് ഒരു പ്രയാസവും ബുദ്ധിമുട്ടും ഉണ്ടാക്കാതെയാണ് അധിക വിഭവ സമാഹരണം പ്രഖ്യാപിച്ചിട്ടുള്ളത്. ഏകദേശം 495 കോടി രൂപയുടെ അധിക വിഭവ സമാഹരണത്തിനാണ് ശ്രമിച്ചിട്ടുള്ളത്. അതിൽ വന്നിരിക്കുന്നത് ചില ക്രമീകരണങ്ങൾ മാത്രമാണ്. ഇപ്പോൾ ഇവിടെ ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞതിൽ പാലിന്റെ വിൽപ്പന നികുതിയുടെ കാര്യത്തിൽ എനിക്ക് ശ്രീ. പൗലോസ് പറഞ്ഞതിൽ നിന്നും വ്യത്യസ്ത അഭിപ്രായമാണുള്ളത്. മിൽമ ഉൾപ്പെടെയുള്ള പ്രൈമറി സംഘങ്ങളെല്ലാം വളരെക്കാലമായി ആവശ്യപ്പെടുന്നതാണ് പുറത്തു നിന്ന് വരുന്ന പാലിന് പ്രവേശന നികുതി ഏർപ്പെടുത്തണമെന്ന്. കാരണം മാലിന്യങ്ങൾ കലർന്ന, അതുപോലെതന്നെ വിഷലിപ്തമായിട്ടുള്ള പാൽ ഇങ്ങോട്ട് കൊണ്ടുവന്ന് വിൽപ്പന നടത്തുന്നത് ഇവിടെയുള്ള ക്ഷീര കർഷകരെ ഗുരുതരമായി ബാധിക്കുന്നതുകൊണ്ട് പ്രവേശന നികുതി ഏർപ്പെടുത്തണമെന്ന് മിൽമയും അതുപോലെ മറ്റ് സംഘങ്ങളുമൊക്കെ വളരെക്കാലമായി ആവശ്യപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ ആ പ്രവേശനനികുതി പിൻവലിക്കുന്ന കാര്യത്തെക്കുറിച്ച് രണ്ടാമത് ആലോചിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ മറ്റ് മേഖലകളിൽ, ഇപ്പോൾ കാർഷികാദായ നികുതിയുടെ കാര്യത്തിൽ, കർഷകർക്കും പ്രയോജനകരമാകുമെന്നാണ് പറയുന്നത്. എന്തെങ്കിലും അതിനകത്ത് ബുദ്ധിമുട്ടുണ്ടെങ്കിൽ അത് ഒന്നുകൂടി പരിഷ്കരിക്കാവുന്നതാണ്. സാധാരണ ആളുകൾക്ക് ആശ്വാസം നൽകുന്ന ഒരു ബഡ്ജറ്റ് കൊണ്ടു വന്നതിന് ധനകാര്യമന്ത്രിയെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഈ ധനകാര്യമന്ത്രി അവതരിപ്പിച്ച നാലാമത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. കഴിഞ്ഞമൂന്ന് ബഡ്ജറ്റുകളിലും പ്രഖ്യാപിച്ച പ്രഖ്യാപനങ്ങൾ ജലരേഖകളായി മാറുക മാത്രമാണ് ചെയ്തത്. അതുകൊണ്ട് തന്നെ ഈ ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്ന പ്രഖ്യാപനങ്ങളും കേവലം അധരവ്യായാമം മാത്രമായി മാറാൻ പോവുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിലിരുന്ന കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളുടെയും കാലയളവിനുള്ളിൽ ധനകമ്മിയും റവന്യൂ കമ്മിയും കടവും വർദ്ധിച്ചിരിക്കുകയാണ്. പുതിയതായി ഏതെങ്കിലും ഒരു വികസനം എവിടെയെങ്കിലും നടത്തിയതായി പറയാൻ ഇവർക്ക് കഴിയില്ല. ഏതെങ്കിലും ജനവിഭാഗത്തിന് പുതിയതായി എന്തെങ്കിലും ആനുകൂല്യം കൊടുത്തതായിട്ടും പറയാൻ കഴിയില്ല. ഏതെങ്കിലും ജനവിഭാഗങ്ങളെ ആനുകൂല്യങ്ങളുടെ പരിധിയിൽ പുതിയതായി കൊണ്ടുവന്നതായും പറയാൻ കഴിയില്ല. പിന്നെ എങ്ങനെ ഈ ധനകമ്മിയും റവന്യൂ കമ്മിയും കടവും വർദ്ധിച്ചുവെന്ന് പരിശോധിക്കുമ്പോൾ ധൂർത്തിലൂടെയും അഴിമതിയിലൂടെയും ഖജനാവിലെ പണം ചോർന്നുവെന്ന് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്, മുണ്ട് മുറുക്കിയുടുത്ത് സാമ്പത്തിക നിയന്ത്രണം ഞങ്ങൾ കൊണ്ടുവരാൻ പോകുകയാണെന്നാണ്. പക്ഷേ എവിടെയെങ്കിലും മുണ്ട് മുറുക്കിയുടുത്ത് ധനവ്യയം ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും മിതത്വം പാലിക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കാൻ മുഖ്യമന്ത്രിയോ ധനകാര്യ മന്ത്രിയോ തയ്യാറാകേണ്ടതായിട്ടുണ്ട്. ഒരിടത്തും അതുണ്ടായിട്ടില്ല. ധൂർത്തും അഴിമതിയും നടന്നുകൊണ്ടിരിക്കുകയാണ്. അതു പോലെതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭരണ നവീകരണം, ഭരണ നവീകരണമെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ ഈ ഭരണ നവീകരണമെന്ന് പറഞ്ഞ്, അതിന്റെ മറവിൽ യഥാർത്ഥത്തിൽ സർക്കാർ ഖജനാവിലെ പണം പലരുടെയും പോക്കറ്റുകളിലേയ്ക്ക് പോവുകയാണ്. വികസനത്തിന് ഒന്നും ചെയ്യാൻ ഈ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന ഭരണ നവീകരണം കൊണ്ട് കഴിയുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണ കാലത്ത് കടം വർദ്ധിച്ചു, കടക്കെണിയിൽ സംസ്ഥാനത്തെക്കൊണ്ടെത്തിച്ചു എന്ന ആക്ഷേപമാണ് ഉന്നയിച്ചത്. ഇപ്പോൾ ഗവൺമെന്റിന് വേണ്ടി പ്രചാരണം നടത്തുന്ന മന്ത്രി ശ്രീ. ഹസ്സൻ, കടം വർദ്ധിച്ചത് കൊണ്ട് എന്താണ് കുഴപ്പമെന്നാണ് ഇപ്പോൾ ചോദിക്കുന്നത്. 15 ലക്ഷം ആളുകൾക്ക് പുതുതായി തൊഴിൽ കൊടുക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനവുമായിട്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കഴിഞ്ഞ 32-33 മാസക്കാലത്തെ ഭരണത്തിനിടയിൽ ഒരാൾക്കുപോലും പുതുതായി തൊഴിൽ കൊടുക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല ഉള്ള തൊഴിൽപോലും നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. നിയമനനിരോധനം ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണ്. അങ്ങ് ഓർക്കുന്നുണ്ടാകും ഈ നിയമസഭയിൽ ആദ്യം നിയമനനിരോധനമില്ലായെന്നു പറഞ്ഞ് നിഷേധിച്ച മുഖ്യമന്ത്രിക്കുതന്നെ ഇവിടെ നിയമനനിരോധനമുണ്ടായിരുന്നുവെന്ന് ഈ സഭയിൽ സമ്മതിക്കേണ്ടി വന്നു, ഇതാണ് സ്ഥിതി. അങ്ങനെ എല്ലാ അർത്ഥത്തിലും ജനങ്ങളെ കബളിപ്പിച്ച ഒരു ഗവൺമെന്റ് വീണ്ടും കബളിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ലോക്സഭാ തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ടുള്ള ചില പൊടിക്കൈകൾ മാത്രമാണിത്. അതിലപ്പുറം ഈ ബഡ്ജറ്റിന് ജനങ്ങളുടെ യാഥാർത്ഥ്യജീവിതവുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

[1.00 P.M.]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. ജോണി നെല്ലൂർ:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. നിരവധി ക്ഷേമ പദ്ധതികൾക്കും വികസന കാര്യങ്ങൾക്കും വേണ്ടിയുള്ള തുകയുമൊക്കെ വകയിരുത്തിക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾ പൊതുവെ സ്വാഗതം ചെയ്തിട്ടുണ്ട്. ഈ ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള ആളുകളുടെ സംസാരത്തിൽ നിന്ന് ഒരു കാര്യം വളരെ വ്യക്തമായിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ പൊതുവെ അംഗീകരിക്കുന്ന ഒരു ബഡ്ജറ്റാണെന്ന് കാണാൻ കഴിയും. അങ്ങനെയൊക്കെയാണെങ്കിലും കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ച് ഈ ബഡ്ജറ്റ് വളരെ യധികം നിരാശയുണ്ടാക്കിയ ബഡ്ജറ്റാണെന്നു പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഞാൻ ഇത്

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ ഒരു പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ വരാതിരുന്നതുകൊണ്ടാണോ എന്ന് എനിക്കറിയില്ല. സർ, ഈ ബഡ്ജറ്റ് ബുക്കിൽ 210-ാമത്തെ ഖണ്ഡികയിൽ ഇൻകംടാക്സ് ചട്ടങ്ങളിൽ ഈയിടെ വരുത്തിയ ചട്ടങ്ങൾ പ്രകാരം റബ്ബറിൽനിന്നുള്ള വരുമാനത്തിന്റെ 65 ശതമാനവും കാപ്പിയിൽ നിന്നുള്ള വരുമാനത്തിന്റെ 60 ശതമാനവും മാത്രമാണ് കാർഷികാദായ നികുതിക്കായി കണക്കാക്കുന്നതെന്നൊക്കെ പറഞ്ഞിട്ടുണ്ട്. അതിനുശേഷമുള്ള ടേബിൾ വന്നിരിക്കുന്നു. ഷെഡ്യൂളിൽ വന്നിരിക്കുന്ന കാര്യം മൊത്തം കാർഷികാദായം 40,000 രൂപയിൽ കവിയാത്തപ്പോൾ നികുതിയില്ല. മൊത്തം കാർഷികാദായം 40,000 രൂപയിൽ കൂടുതലും 60,000 രൂപയിൽ കവിയാതെയും വരുമ്പോൾ 40,000 രൂപയിൽ കൂടുന്ന വരുമാനത്തിന് 10 ശതമാനം നികുതി എന്ന് പറഞ്ഞിരിക്കുകയാണ്. കേൾക്കുമ്പോൾ വലിയ ദുഷ്യം ഒന്നും തോന്നില്ല. ഇവിടെ വളരെ അശാസ്ത്രീയമായി നികുതി കണക്കാക്കിയിരിക്കുന്നു. ഉദാഹരണത്തിന് ഒരു ഏക്കർ റബ്ബർ തോട്ടത്തിൽ 230 മരങ്ങളാണുള്ളത് ഇപ്പോഴത്തെ വിലയനുസരിച്ച് അതിൽനിന്ന് കിട്ടുന്ന പരമാവധി വരുമാനം 55,000 രൂപയാണ്. അങ്ങയുടെ കണക്കനുസരിച്ച് 40,000 രൂപയുടെ ബാക്കി 15,000 രൂപയ്ക്ക് 10 ശതമാനം നികുതി കൊടുക്കണം. ഈ 55,000 രൂപ കണക്കാക്കുമ്പോൾ ഒരു വസ്തുത അങ്ങ് മനസ്സിലാക്കിയിട്ടില്ല. 30,000 രൂപ അതിനുവേണ്ടിതന്നെ ചെലവാക്കുന്നുണ്ട്. 55,000 രൂപ ഇങ്ങോട്ട് വരുമാനമുള്ളപ്പോൾ 30,000 രൂപ ചെലവാകുന്നു എന്നുള്ള വസ്തുത അങ്ങും അങ്ങയുടെ ബഡ്ജറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻമാരും വിസ്മരിച്ചു. യഥാർത്ഥത്തിൽ 25,000 രൂപയേയുള്ളൂ. ആ സ്ഥാനത്ത് 55,000 രൂപയുടെ വരുമാനം കണക്കാക്കി നികുതി കൊടുക്കണം. ഇത് എങ്ങനെയാണ് യഥാർത്ഥ കൃഷിക്കാർക്ക് ആശ്വാസകരമാകുന്നത്. അതുകൊണ്ടുതന്നെ കൃഷിക്കാരെ അങ്ങേയറ്റം നിരാശയിലാക്കിയ ഒരു ബഡ്ജറ്റ് നിർദ്ദേശമാണിത്. ഈ നികുതി നിർദ്ദേശം അങ്ങ് പിൻവലിച്ചേ മതിയാകൂ. ഇത് ഞാൻ വളരെ ശക്തമായിട്ട് ആവശ്യപ്പെടുകയാണ്. മറ്റൊരുകാര്യംകൂടി പറയട്ടെ. ഇവിടെ റബ്ബർ കൃഷിക്ക് അൽപ്പം മെച്ചമുണ്ടായി. റബ്ബറിന് അൽപ്പം വില കൂടി. നാളികേരത്തിനും അൽപ്പം വില കൂടി. കഴിഞ്ഞ നാലഞ്ച് വർഷക്കാലം ഈ കേരളത്തിലെ റബ്ബർ കൃഷിക്കാരും തെങ്ങ് കൃഷിക്കാരും നിരാശയുടെ പടുകുഴിയിൽ ആത്മഹത്യ ചെയ്തിരുന്നു. അന്ന് വാരിക്കോരി ഉണ്ടാക്കിയ കടബാദ്ധ്യത ഇപ്പോൾ തിരിച്ചടച്ചു വരികയാണ്. അപ്പോഴേക്കും നികുതി നിർദ്ദേശം. എങ്ങനെ ഇത് താങ്ങാനാകും. ഞാൻ ഒരു കൃഷിക്കാരന്റെ മകനും കൃഷിക്കാരനുമാണ്. അതുകൊണ്ട് എനിക്ക് ഒരിക്കലും ഇതിനോട് യോജിക്കാൻ കഴിയുകയില്ല. കർഷകരെപ്പറ്റി പറയുമ്പോൾ ചില ആളുകൾക്ക് പുച്ഛമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന്റെ മഹത്വം അറിയാത്തതുകൊണ്ടാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, ആട്ടിൻകാട്ടവും കടലയ്ക്കായും തിരിച്ചറിയാൻ കഴിയാത്ത ആളുകൾ ഉണ്ടായാൽ ഞാൻ എന്താണ് ചെയ്യുക. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശങ്കരനാരായണൻ കർഷകരോട് അൽപ്പം കരുണ കാണിക്കുന്ന ആളാണെന്നാണ് എന്റെ ബോധ്യം. അതുകൊണ്ട് ഈ പ്രശ്നം അങ്ങ് തിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ അങ്ങയുടെ ബഡ്ജറ്റിലെ ഖണ്ഡിക 212 സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

പാൽ ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരെ ഉദ്ദേശിച്ചാണ്. അത് നല്ലതാണ്. മൂന്നു ശതമാനം പ്രവേശന നികുതി അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന് ഏർപ്പെടുത്തിയത് നല്ലതാണ്. അത് 4 ശതമാനമാക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷെ അതിനുശേഷം അങ്ങ് ചെയ്തിരിക്കുന്ന കാര്യം, ഈ സംസ്ഥാനത്തെ പാൽ ഉൽപ്പാദിപ്പിക്കുന്ന കർഷകരുടെ എല്ലാ പ്രതീക്ഷകളും അസ്ഥാനത്താക്കിയിരിക്കുകയാണ്. എന്താണ് അത്? പാൽ വിൽപ്പന നികുതി നിയമത്തിന്റെ 3-ാം പട്ടികയിൽനിന്ന് മാറ്റുകയും ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി 3 ശതമാനം നികുതിക്ക് വിധേയമാക്കുകയും ചെയ്തു. ഇന്ത്യയിൽ എവിടെയെങ്കിലും പാലിന് വില്പന നികുതിയുണ്ടോ? ഈ രാജ്യത്ത് ഒരു സ്ഥലത്തുമില്ല. എന്തിനാ കേരളത്തിൽ പാലിന് വിൽപ്പന നികുതി ഏർപ്പെടുത്തുന്നത്? പാലിന് വിൽപ്പന നികുതി ഏർപ്പെടുത്തിയാൽ വരാൻ പോകുന്ന ബുദ്ധിമുട്ട് ഇവിടെയാണ്. എന്നിട്ട് അങ്ങ് പറഞ്ഞിരിക്കുന്നു സഹകരണസംഘങ്ങൾ സംസ്ഥാന ത്തിനുള്ളിൽ വിൽക്കുന്ന പാലിനെ വില്പന നികുതിയിൽ നിന്ന് ഒഴിവാക്കുമെന്ന്. സഹകരണ സംഘങ്ങൾ വളരെ നാമമാത്രമാണ്. കേരളത്തിൽ 8 ലക്ഷം പാൽ കൃഷിക്കാരുണ്ട്. അതിനകത്ത് ഒരു ലക്ഷം ക്ഷീര കർഷകർ വരുന്നത് എവിടെയാണെന്നറിയാമോ? അവർ വരുന്നത് നമ്മുടെ സർക്കാർ തന്നെ കൊടുത്തിരിക്കുന്ന എം. എം. പി. ഒ. ലൈസൻസ് നൽകിയിട്ടുള്ള വനിതാ ഡയറി സംഘങ്ങളിലാണ്. സന്നദ്ധ മേഖലയിലെ സംഘങ്ങൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന മലനാട്, കോതമംഗലത്ത് പ്രവർത്തിക്കുന്ന നിർമ്മൽ, അങ്കമാലിയിൽ പ്രവർത്തിക്കുന്ന പി. ഡി. ഡി. പി. ഇതുപോലെ എത്രയോ സന്നദ്ധ സംഘങ്ങൾ. അവരാണ് ഈ സംസ്ഥാനത്തെ ഒരു ലക്ഷം വരുന്ന ക്ഷീര കൃഷിക്കാരുടെ പ്രതിനിധികളായി പ്രവർത്തി ക്കുന്നത്. അവർക്കൊക്കെ ഈ നികുതിയുണ്ട്. സഹകരണ സംഘങ്ങൾക്കില്ല. അതുകൊണ്ട് ബഹുമാന്യനായ മന്ത്രിയോട് എനിക്കഭ്യർത്ഥിക്കാനുള്ളത് ആ വിൽപ്പന നികുതി ഒഴിവാക്കിയ ഇനത്തിൽ ഈ സംസ്ഥാനത്തെ എം. എം. പി. ഒ. ലൈസൻസുള്ള മുഴുവൻ സന്നദ്ധ സംഘങ്ങളേയും ഉൾപ്പെടുത്തണം. ആ നികുതി അങ്ങ് ഒഴിവാക്കിയാലും വേണ്ടില്ല എന്നാണ് എന്റെ അഭിപ്രായം. മറ്റൊരുകാര്യം ക്ഷീര കർഷകരുമായി ബന്ധപ്പെട്ട് പാലിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ—നെയ്യ്, തൈര്, മോര് അതിനൊക്കെ നികുതി എന്തിനാണ്? അത് ഒഴിവാക്കിയാൽ എന്താണ് കുഴപ്പം? പാലിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ നിന്ന് ഒന്നും കിട്ടാനില്ല. കിട്ടാനുള്ള മേഖലകളുണ്ട്. നികുതി ചോർച്ച തടഞ്ഞ് വലിയ നികുതി അടയ്ക്കാനുള്ള സമ്പന്നൻമാരിൽ നിന്ന് നികുതി പിരിച്ചെടുത്ത് അതൊക്കെ നമുക്ക് മുതൽക്കൂട്ടണം. പാലുൽപ്പന്നങ്ങളായ നെയ്യ്, തൈര്, മോര്, അതിനൊന്നും നികുതി വേണ്ട. അത് ഒഴിവാക്കണം, ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിച്ച് എല്ലാ വിഭാഗം ആളുകളുടേയും കൈയടി വാങ്ങുമ്പോൾ ഈ ചെറിയ ന്യൂനതകൾ കൂടി പരിഹരിച്ചാൽ നമുക്ക് അങ്ങേയറ്റം നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. പൊതുവെ ഈ ബഡ്ജറ്റിനെക്കുറിച്ച് ഒട്ടേറെ നല്ല കാര്യങ്ങൾ പറഞ്ഞു. എല്ലാവരും സ്വാഗതം ചെയ്യുന്ന കാര്യമാണ്. ഇപ്പോൾ റോഡുകളൊക്കെ നല്ലതാണ്. ഈ ബഡ്ജറ്റിൽ റോഡിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക 33 കോടി രൂപയാണ്. ഇക്കൊല്ലം റോഡ് നന്നാകും. അടുത്ത കൊല്ലം റോഡ് നന്നാകണ്ടേ. കഴിഞ്ഞ പ്രാവശ്യം 79 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിവച്ചിരിക്കുന്ന സ്ഥാനത്താണ്, അന്ന് അത് കുറവാണെന്ന് ഞങ്ങളൊക്കെ പറഞ്ഞു. ഇപ്പോൾ 33 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. അങ്ങേക്കും അറിയാം. അങ്ങ് രാവിലെ റോഡിനെക്കുറിച്ച് പറഞ്ഞു. അതുകൊണ്ട് ബഹുമാന്യനായ ധനകാര്യമന്ത്രി നമുക്ക് എല്ലാവർക്കും വേണ്ടതായ റോഡ്, അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ അറിയണം. റോഡു നന്നായിരുന്നാൽ നമുക്ക് എല്ലാവർക്കും യാത്ര ചെയ്യാം. ജനങ്ങൾ നമ്മോടൊപ്പം നിൽക്കും. അതുകൊണ്ട് 33 കോടി രൂപയെന്നുള്ളത് ഒരു 100 കോടി രൂപയെങ്കിലും ആക്കണം. റോഡ് നന്നായില്ലെങ്കിൽ നമുക്കാർക്കും റോഡേ നടക്കാൻ പറ്റില്ല. ജനങ്ങൾ നമ്മെ ചീത്തപറയും. മറ്റൊരു കാര്യം പറയാനുള്ളത് അങ്ങാണ് ഈ ചർച്ച തുടങ്ങി വച്ചത്, കെ. എസ്. ആർ. ടി. സി.-ക്ക് ഇവിടെ പുതിയ വാഹനങ്ങൾ വാങ്ങണ്ടേ? ശ്രീ. ഗണേഷ് കുമാർ മന്ത്രിയായിരുന്നപ്പോൾ വലിയൊരു പരിഷ്കാരം വന്നു. യുവത്വത്തിന്റെ പരിഷ്കാരം. നല്ല മനോഹരമായ വാഹനങ്ങളൊക്കെ നിരത്തിലിറങ്ങിയപ്പോൾ കെ. എസ്. ആർ. ടി. സി.-യെക്കുറിച്ച് ആളുകൾക്കുണ്ടായിരുന്ന സങ്കൽപ്പം മാറി. നമുക്ക് വാഹനങ്ങൾ വാങ്ങണ്ടേ? പൊതുജനങ്ങളുടെ അവശ്യ സർവ്വീസ് എന്നുള്ള നിലയിൽ കണക്കാക്കി കെ. എസ്. ആർ. ടി. സി.-ക്ക് വാഹനങ്ങൾ വാങ്ങാൻ കുറച്ച് പണം കൊടുക്കണമെന്ന് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് കാർഷിക മേഖലയെ തകർക്കുന്ന, കൃഷിക്കാരെ തളർത്തുന്ന, ക്ഷീര കർഷകരെയാണെങ്കിലും മറ്റുള്ള കൃഷിക്കാരെയാണെങ്കിലും അവരെ നിരാശരാക്കുന്ന ഈ നികുതി നിർദ്ദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് അങ്ങ് മറുപടി പ്രസംഗത്തിൽ ഈ കൃഷിക്കാരുടെ വിശ്വാസം ആർജ്ജിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ ബഡ്ജറ്റിനെ പിൻതാങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. വികസന പ്രവർത്തനങ്ങളിൽ 'എൻപിള്ള' നയം പ്രകടമായ ബഡ്ജറ്റാണിത്. ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ചാഞ്ചൊട്ടം നടത്തുന്ന എം. എൽ. എ.-മാരെ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള ബഡ്ജറ്റാണിത്. പ്രതിപക്ഷ എം. എൽ. എ.-മാരെ അവഗണിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. വ്യവസായ വകുപ്പുമന്ത്രിയുടെ മണ്ഡലമായ കുറ്റിപ്പുറത്തെ മാൽകോ ടെക്സിന്റെയും യു. ഡി. എഫ്. കൺവീനറായ ശ്രീ. ഉമ്മൻചാണ്ടിയുടെ മണ്ഡലത്തിലെ പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റേയും നവീകരണ പ്രവർത്തനത്തിനുവേണ്ടി തുക മാറ്റിവച്ചപ്പോൾ ചാത്തന്നൂരിലെ സഹകരണ സ്പിന്നിംഗ് മില്ലിനെ അവഗണിച്ച ഗവൺമെന്റാണിത്. അതുപോലെതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം നന്നേ കുറഞ്ഞുവെന്നാണ് അവകാശവാദം ഉന്നയിച്ചിരിക്കുന്നത്. പിൻവാതിലിൽക്കൂടി നിയമനം നടത്തുന്നതിന്റെ ഫലമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് പുതുക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. അങ്ങനെയുള്ള ഒരു കണക്ക് ശാസ്ത്രം കൊണ്ട് പുതിയതായി തൊഴിലവസരങ്ങൾ നൽകിയതിന്റെ പേരിലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ ഇല്ലാത്തവരുടെ എണ്ണം കുറഞ്ഞതെന്ന അവകാശവാദം ഉന്നയിക്കുന്നത്. ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നുംതന്നെ സ്വകാര്യവൽക്കരിക്കില്ലാ എന്നാണ് നമ്മുടെ ധനകാര്യമന്ത്രി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നത്. ലാഭകരമാകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയാണ്? ലാഭകരമായി നടന്നുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഈ ഗവൺമെന്റിന്റെ നയംമൂലം നഷ്ടത്തിലാവുകയാണ്. കൊല്ലത്തെ മീറ്റർ കമ്പനി 15 കൊല്ലക്കാലമായി ലാഭകരമായി നടന്നുവന്നിരുന്ന സ്ഥാപനമാണ്. ഈ ഗവൺമെന്റിന്റെ നയംമൂലം അത് നഷ്ടത്തിലായി. അടച്ചുപൂട്ടൽ ഭീഷണിയിലാണ്. അവിടെ മെക്കാനിക്കൽ മീറ്ററാണ് ഉല്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ ഇലക്ട്രോണിക് മീറ്റർ ഉല്പാദിപ്പിക്കാൻ തീരുമാനിച്ചു. ആഗോള ടെണ്ടർ വിളിച്ച് ബിനാമികൾക്ക് കൊടുക്കുന്നതിന്റെ ഫലമായി കഴിഞ്ഞ രണ്ട് കൊല്ലക്കാലമായി 350 തൊഴിലാളികൾ പണിയെടുക്കുന്ന കൊല്ലത്തെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മീറ്റർ കമ്പനി നഷ്ടത്തിലാണ്. നഷ്ടത്തിന്റെ പട്ടികയിൽപ്പെടുത്തി ഇനി അത് സ്വകാര്യവൽക്കരിക്കാൻ കഴിയും. അപ്പോൾ ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കില്ല. ഗവൺമെന്റിന്റെ നയംമൂലം നഷ്ടത്തിലായാൽ അത് നഷ്ടത്തിന്റെ പട്ടികയിൽപ്പെടുത്തി സ്വകാര്യവൽക്കരിക്കാം. അതാണ് ഈ ഗവൺമെന്റ്. നയപ്രഖ്യാപനത്തിൽ പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കില്ല എന്നു പറയുന്നതിന്റെ അർത്ഥം. തോട്ടം മേഖലയെ അവഗണിച്ചിരിക്കുകയാണ്. ഗ്രൂപ്പ് പ്രവർത്തനത്തിന്റെ പ്രകടമായ തെളിവാണത്. പീരുമേട് എം. എൽ. എ. എന്റെ സ്നേഹിതനായ ശ്രീമാൻ ഇ. എം. അഗസ്തി ഇവിടെയുണ്ട്. പീരുമേട് മേഖലയിലെ തേയിലത്തോട്ടങ്ങളിൽ യഥാർത്ഥത്തിൽ പട്ടിണി മരണങ്ങളാണ് നടക്കുന്നത്. .....(ബഹളം)..... നന്നായി വായിച്ചിട്ട് തന്നെയാണ്. തോട്ടം മേഖലയിലെ ഏതെങ്കിലും ഒരു തോട്ടം ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ? തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് രണ്ടു ജോടി ഡ്രസ്സ് കൊടുക്കുമെന്നുള്ള ചീപ്പായ പ്രഖ്യാപനമാണ് ഈ ബഡ്ജറ്റിലുള്ളത്. പട്ടിണി കിടക്കുന്ന പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് രണ്ടുജോഡി ഡ്രസ്സ് കൊടുക്കുമെന്നാണ് വലിയ കാര്യമായി ഭരണകക്ഷി എം. എൽ. എ. മാർ ഇവിടെ പ്രതിപാദിക്കുന്നത്. അവിടത്തെ പ്രതിനിധിയായ ശ്രീ. ഇ. എം. അഗസ്തിക്ക് അവിടെ തിരിഞ്ഞുനോക്കാൻ പറ്റില്ല. നാളെ തോട്ടം തൊഴിലാളികൾ ഈ നിയമസഭയുടെ മുന്നിലെത്തുകയാണ്. തോട്ടം മേഖലയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐ. എൻ. ടി. യു. സി. ഉൾപ്പെടെയുള്ള കേന്ദ്ര തൊഴിൽ സംഘടനയുടെ നേതൃത്വത്തിൽ തോട്ടം തൊഴിലാളികൾ നാളെ നിയമസഭയുടെ മുന്നിലെത്തുകയാണ്. ആ മേഖലയെ അപ്പാടെ അവഗണിച്ചിരിക്കുകയാണ്. രണ്ടു ജോഡി ഡ്രസ്സ് കൊടുക്കുമെന്ന് പ്രഖ്യാപിച്ചത് തോട്ടം മേഖലയ്ക്ക് ഏതാണ്ട് വലിയ കാര്യം ചെയ്തതായിട്ടാണ് ഇപ്പോൾ പറയുന്നത്. സർക്കാർ പ്രസ്സുകളുടെ ഇല്ലായ്മയ്ക്ക് പരിഹാരം കാണുമെന്ന് തിരുവനന്തപുരത്തും ഷൊർണൂരിലുമുള്ള ഗവൺമെന്റ് പ്രസ്സുകളെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ തുക വകയിരുത്തിക്കൊണ്ട് ധനകാര്യവകുപ്പു മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ഉമയനെല്ലൂരിൽ ഒരു സർക്കാർ പ്രസ്സുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിച്ചതാണ്. ആ സർക്കാർ പ്രസ്സിന് സ്വന്തമായ ആസ്ഥാന മന്ദിരം നിർമ്മിക്കാൻ പണ്ട് പ്രിന്റിംഗ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീമതി എം. കമലം മന്ത്രിയായിരുന്ന കാലത്ത് തറക്കല്ലിട്ടതാണ്. കല്ല് കിടന്ന് കിളിർക്കുകയാണ്. ..... (ബഹളം) ..... അത് വാടകക്കെട്ടിടത്തിലാണ് നടക്കുന്നത്. ആ വാടക

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടത്തിൽ നടക്കുന്ന പ്രിന്റിംഗ് പ്രസ്സിന് ഒരു കട്ടിംഗ് മെഷീൻ ഇല്ല. പുറത്തു കൊണ്ടുപോയി സ്വകാര്യ വ്യക്തികൾക്ക് അധിക കൂലി കൊടുത്തുകൊണ്ട് ജോലി ചെയ്യിക്കുകയാണ്. ആ പ്രിന്റിംഗ് പ്രസ്സിന്റെ നവീകരണ പ്രവർത്തനത്തിനുവേണ്ടിയും ആസ്ഥാനമന്ദിരം പണിയുന്നതിനും തുക വകകൊള്ളിക്കണമെന്ന് പ്രിന്റിംഗ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കും മറ്റ് ബന്ധപ്പെട്ട ആളുകൾക്കും നിവേദനം നൽകിയ താണ്. കാൽകാശ് അതിനുവേണ്ടി വകയിരുത്തിയിട്ടില്ല. കഴിഞ്ഞ 21 കൊല്ലക്കാലമായി പ്രവർത്തനമാരംഭിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പകുതി പണി പൂർത്തിയാക്കി നിർത്തിയിരിക്കുന്ന മയ്യനാട്-താന്നി പാലത്തിന്റെ പണി പുനരാരംഭിക്കാൻ കാൽ കാശില്ല. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് ഭരണപക്ഷ എം.എൽ.എ.-മാരെ തൃപ്തിപ്പെടുത്തി ഗ്രൂപ്പ് പ്രവർത്തനത്തിൽ ഏർപ്പെടുന്ന എം. എൽ. എ.-മാരുടെ കാലുറപ്പിക്കാൻ വേണ്ടിയും അവരെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയും അവർക്ക് കോഴ കൊടുത്ത് അവരെ ഉറപ്പിക്കാൻ വേണ്ടിയുമുള്ള ഒരു ബഡ്ജറ്റാണിതെന്ന്. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. സംസ്ഥാന ത്തിന്റെ വളർച്ചാ നിരക്ക് രണ്ട് ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് സി. ആന്റ് എ. ജി. റിപ്പോർട്ടിലും അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക റിപ്പോർട്ടിലും വ്യക്ത മാക്കുന്നുണ്ട്. കഴിഞ്ഞകാല റെക്കാർഡ് ഭേദിച്ചുകൊണ്ട് ടാക്സ് പിരിവിനത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഫിനാൻസ് വകുപ്പ് റെക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. 12-ാം ധനകാര്യ കമ്മീഷനിലെ പ്രതിനിധികൾ ഇവിടെ വന്നപ്പോൾ നമ്മുടെ സംസ്ഥാന ത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വളരെ നന്നായി പ്രസന്റ് ചെയ്യാൻ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും അതുപോലെ ഉദ്യോഗസ്ഥൻമാർക്കും സാധിച്ചു. അവരെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ധനമന്ത്രിമാർ എപ്പോഴും പ്രതിപക്ഷങ്ങളുടെ വിമർശനങ്ങൾക്ക് വിധേയരാകുന്നു. ഞാൻ അതിലേ ക്കൊന്നും വരണമെന്ന് ആഗ്രഹിക്കുന്നില്ല. എനിക്കു മുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ അസീസ് സാഹിബ് പലതും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഗ്രൂപ്പിനേയും മറ്റും കുറിച്ച് രാഷ്ട്രീയം പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മളിൽ അർപ്പി തമായ ഉത്തരവാദിത്വം നാം നിറവേറ്റണം. നമ്മൾ ഇവിടെ വരുന്നത് രാഷ്ട്രീയം പറയാനല്ല. രാഷ്ട്രീയം ഒരു സൈഡ് മാത്രമാണ്. നമ്മൾ ജനങ്ങളോട് ചെയ്യേണ്ട കടമകളേയും ഉത്തരവാദിത്വങ്ങളേയും കുറിച്ച് എപ്പോഴും ബോധവാൻമാരായിരിക്കണം. നമ്മളെ ജയിപ്പി ച്ചയച്ച ജനങ്ങളോട് ചെയ്യേണ്ട ബാദ്ധ്യതയും കടപ്പാടും നമ്മൾ ഒരിക്കലും വിസ്മരിച്ചു കൂടാ. എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. 'അക്ഷയ' പരിപാടി നടപ്പാ ക്കുന്നത് നമ്മുടെ സംസ്ഥാനത്തിന് വളരെയധികം ഉപകരിക്കും. പ്രത്യേകിച്ച് എന്റെ ജില്ലയായ മലപ്പുറം ജില്ലയിൽ. സാക്ഷരതാ രംഗത്തും ജനകീയാസൂത്രണ രംഗത്തും അത് ആര് കൊണ്ടുവന്നു എന്ന് ഞങ്ങൾ നോക്കിയിട്ടില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബും ഈയുള്ളവനും സാക്ഷരതാ പദ്ധതി കൊണ്ടുവന്നപ്പോൾ അത് നടപ്പാക്കാൻ രാവും പകലും പ്രയത്നിച്ചവരാണ്. ജനകീയാസൂത്രണം, അത്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ കൊണ്ടുവന്നതാണോ എന്ന് ഞങ്ങൾ നോക്കിയിട്ടില്ല. അത് വിജയിപ്പിക്കാൻ പരിശ്രമിച്ചവരാണ്. എന്റെ പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ രാജ്യം 19-ാം നൂറ്റാണ്ടിൽ അല്ല, 21-ാം നൂറ്റാണ്ട് തുടങ്ങിയിട്ടുണ്ട്. അതിലേക്കാണ് വരേണ്ടത്. അതുകൊണ്ട് അക്ഷയ പദ്ധതി കേരളത്തിൽ എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെന്നാൽ മലയാളികൾക്ക് ജോലി ചെയ്യാൻ ഐ. ടി. വിദ്യാഭ്യാസം അനിവാര്യമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രാഷ്ട്രീയം മറന്നുകൊണ്ട് അക്ഷയ പദ്ധതി വിജയിപ്പിക്കാൻ നിങ്ങൾ സഹകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇല്ലായെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞിരിക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ബഹുമാനപ്പെട്ട ഐസക്കിനോട് ഞാൻ ഒന്നും പറയുന്നില്ല. അദ്ദേഹം പ്ലാനിംഗ് ബോർഡിൽ മെമ്പറായിരുന്നു. സാമ്പത്തിക നിലവാരം കുറഞ്ഞ ആളാണ്. ഞാൻ വരണമെന്ന് ആഗ്രഹിക്കുന്നില്ല. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ട്രഷറി ബാൻ, അങ്ങയുടെ കാലത്ത് വന്നിരുന്നു. അത് പരിപൂർണ്ണമായി പിൻവലിച്ചു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. ട്രഷറി ബാൻ ഒരു പരിധിവരെ കഴിയുന്നവിധത്തിൽ പിൻവലിക്കാൻ നമ്മുടെ ധനകാര്യവകുപ്പുമന്ത്രിക്കും, ഗവൺമെന്റിനും സാധിച്ചിട്ടുണ്ട്. ഞാൻ കൂടുതൽ പ്രസംഗിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ഒരു ചെക്ക് കൊടുത്തിട്ട് ട്രഷറിയിൽ നിന്ന് പണം കിട്ടും എന്ന് വിചാരിച്ച് ട്രഷറിയിൽ പോയാൽ പണം കിട്ടാതെ വിഷമിക്കുന്ന കാലഘട്ടം നിങ്ങളുടെ കാലത്തും ഈ കാലത്തും ഉണ്ടായിരുന്നു. അതിന് അവസാനം കുറിച്ചുകൊണ്ട് വളരെയധികം ട്രഷറി ബാൻ ഒഴിവാക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രവർത്തിച്ചിട്ടുണ്ട് എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. എല്ലാത്തിനും ഉപരിയായി ഈ നിയമസഭയിൽ ആരുംതന്നെ ബഡ്ജറ്റ് പ്രസംഗത്തിൽ അഗതികളുടേയും അതുപോലെ തന്നെ അനാഥകളുടേയും കാര്യം പറഞ്ഞതായി കേട്ടില്ല. ആരുണ്ട് അനാഥകൾക്ക് അവരുടെ ഗ്രാന്റ് 110 രൂപയിൽ നിന്ന് 150 രൂപയാക്കി ഉയർത്തിയ ഗവൺമെന്റിനേയും പ്രത്യേകിച്ച് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. അനാഥ കുട്ടികളെ സംരക്ഷിക്കുവാൻ, അവർ ഒരു കാലത്ത് തീവ്രവാദികളും കുറ്റവാളികളുമായി അധഃപതിക്കാതിരിക്കാൻ ഈ രാജ്യത്തിന്റെ സാമൂഹ്യ വ്യവസ്ഥയിൽ അവർക്ക് ആശ്വാസം നൽകിക്കൊണ്ട് അവർക്ക് 150 ഉറുപ്പിക ഗ്രാന്റ് നൽകാൻ തീരുമാനിച്ച ഈ ഗവൺമെന്റിനേയും അതുപോലെ ധനകാര്യ വകുപ്പുമന്ത്രിയേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. അതുപോലെ തന്നെ വികലാംഗ പെൻഷൻ വർദ്ധിപ്പിച്ചു. ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും നമ്മുടെ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. സുന്ദരമായ വാഗ്ദാനങ്ങൾ നൽകി ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിതരാക്കുന്നതിനു പകരം ക്രിയാത്മകമായ, ചലനാത്മകമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോയി എന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്. ഇവിടെ നികുതി നിർദ്ദേശങ്ങൾ കൊണ്ടു വരുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് എന്തുകൊണ്ട് നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നുകൂടാ? അതുപോലെ കൂപ്പൺ വിതരണം ചെയ്യുന്നവർക്ക് എന്തുകൊണ്ട് നികുതി കൊണ്ടുവന്നുകൂടാ? അതുപോലെ ഹൗസ് ബോട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്ത് ലക്ഷ്മിയായിക്കൊണ്ട് ഉണ്ട്. എന്തുകൊണ്ട് അവർക്ക് നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നുകൂടാ? പാവങ്ങളുടെമേലുള്ള നികുതി നിർദ്ദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് പണക്കാരുടെ കയ്യിൽനിന്ന് നികുതി പിരിക്കുന്ന ഒരു സംവിധാനമാണ് ഈ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ ഭാവി പുരോഗതിക്ക് ആവശ്യമായ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിക്കുകയാണ്.

ശ്രീ. ജോർജ് ജെ. മാത്യു: സർ, ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം അനുസരിച്ച് 2007 ആകുമ്പോൾ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ രണ്ടു ശതമാനമായി ഫിസ്ക്കൽ ഡെഫിസിറ്റ് കൊണ്ടുവരണ്ട ഒരു നിയമമാണ് നമ്മൾ പാസ്സാക്കിയിരിക്കുന്നത്. ഇന്നത്തെ നമ്മുടെ സാമ്പത്തിക സ്ഥിതി വീക്ഷിക്കുകയാണെങ്കിൽ റവന്യു ഡെഫിസിറ്റ് ഈ ബഡ്ജറ്റിൽ ഏതാണ്ട് 12 ശതമാനം, 4707 കോടി രൂപയാണ്. ശരിക്കുള്ള ഡെഫിസിറ്റിന്റെ കണക്ക് എടുക്കുകയാണെങ്കിൽ 17.35 ശതമാനം, Cumulative deficit—അതിനകത്ത് വന്നിരിക്കുന്നത് 751 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനത്തെ വളർച്ച പല ആളുകളും ഇവിടെ ചൂണ്ടക്കാണിച്ചുകഴിഞ്ഞു. ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് രണ്ടു ശതമാനം കൂടുതലാണ്. അതായത് 6.1 ശതമാനം. നമ്മുടെ ധനകാര്യ മന്ത്രി ഈ സാഹചര്യത്തിൽ ചെയ്യാനാവുന്ന, അല്ലെങ്കിൽ സാധിക്കുന്ന ഗുണങ്ങൾ, നമ്മുടെ ജനങ്ങൾക്ക് ചെയ്യാവുന്ന രീതിയിലുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പല മേഖലയിലും അദ്ദേഹം വളരെയധികം പ്രയോജനകരമായ കാര്യങ്ങൾ ചെയ്യുകയുണ്ടായി. ഉദാഹരണം പറയുകയാണെങ്കിൽ, ഇവിടെ ആരും പറഞ്ഞുകേട്ടില്ല. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഏതാണ്ട് കഴിഞ്ഞകൊല്ലം 186 കോടി രൂപ അലോട്ട്മെന്റ് ഉണ്ടായിരുന്നത് 325 കോടി രൂപയായിട്ട് ഉയർത്തിയിരിക്കുകയാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് പ്രതിപക്ഷം ഇവിടെ ആക്ഷേപിക്കുന്നത് ഈ ബഡ്ജറ്റ് ഗ്രൂപ്പ് പ്രവർത്തനത്തിന് വേണ്ടിയുള്ള ബഡ്ജറ്റ് ആണെന്നാണ്. നിങ്ങൾ ഈ ബഡ്ജറ്റിൽ ഒന്ന് കടന്നുനോക്കുകയാണെങ്കിൽ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മണ്ഡലമായ നിലമ്പൂരിലുള്ള മിനി സിവിൽ സ്റ്റേഷന് ഒരു കോടി രൂപ കൊടുത്തിട്ടുണ്ട്. എന്തു ഗ്രൂപ്പ് പ്രവർത്തനമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. നിങ്ങൾ ചിന്തിക്കണം. കഹാറിന് കൊടുത്തത് എനിക്കറിയില്ല. പക്ഷേ ഒരു കാര്യംകൂടി പറയട്ടെ. അത് വർക്കലയുടെ പ്രാധാന്യം കൊണ്ടാണ് കൊടുത്തത്. ചുമ്മാ ഗ്രൂപ്പ് പ്രവർത്തനം എന്നുപറഞ്ഞ് അടച്ച് ആക്ഷേപിക്കുക എന്നുള്ളത് ശരിയാണെന്ന് തോന്നുന്നില്ല. വർക്കല പോലെതന്നെ വളരെ പ്രാധാന്യമുള്ള സ്ഥലമാണ് എരുമേലി. അത് എന്റെ നിയോജകമണ്ഡലമാണ്. മതമൈത്രിയുടെ ഈറ്റില്ലമാണ് എരുമേലി. അവിടെ ഒരു ഡെവലപ്പ്മെന്റ് പ്രോജക്ട് വളരെക്കാലമായി ഞാൻ ചോദിക്കുകയാണ്. അങ്ങനെയെങ്കിൽ ഞങ്ങൾക്കെല്ലാം തന്നുകൂടെ. തീർച്ചയായിട്ടും ധനമന്ത്രി ഇനിയെങ്കിലും അതിനെപ്പറ്റി പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഡ്ജറ്റിന്റെ പ്രഖ്യാപനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് 1350 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. തീർച്ചയായിട്ടും സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യമാണ്. അതുപോലെ തന്നെ കാർഷിക-വ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വേണ്ടി 127 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. അത് പറയുമ്പോൾ ഒരു കാര്യം പറയാനുണ്ട്. നമ്മുടെ സർക്കാർ കഴിഞ്ഞ കാലത്ത് കൃഷിക്കാരെ സഹായിക്കാൻ വേണ്ടി റബ്ബർ തടി നമ്മുടെ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകാമെന്ന് ഒരു ഓർഡർ ക്യാബിനറ്റ് തീരുമാനപ്രകാരം ഇറക്കുകയുണ്ടായി, ഈ ഓർഡറിനെതിരായിട്ട് ചില തടിമില്ലുകൾ ചില നിവേദനങ്ങൾ കൊടുക്കുകയും ആ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അവർ ഹൈക്കോടതിയിൽ കേസിന് പോകുകയും ചെയ്തിട്ടുണ്ട്. ആ കേസിൽ അവർ യഥാർത്ഥത്തിൽ ചീഫ് സെക്രട്ടറിക്ക് എതിരായിട്ട് വേണം റിട്ട് കൊടുക്കാൻ. കാരണം ക്യാബിനറ്റിന്റെ തീരുമാനമാണ്. വളരെ തന്ത്രപരമായിട്ടുള്ള നീക്കമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. വകുപ്പു സെക്രട്ടറിമാരോട് കോടതി റിപ്പോർട്ട് ചോദിക്കുകയാണെങ്കിൽ, ഇൻഡസ്ട്രീസ് സെക്രട്ടറി പറയും, വ്യവസായങ്ങൾ നടക്കാൻവേണ്ടി പാവപ്പെട്ട കർഷകന്റെ റബ്ബർ ഇവിടെ പിടിച്ചു വയ്ക്കണമെന്ന്. അവർക്ക് പറയാനുള്ള സാഹചര്യമുണ്ട് എന്ന് ന്യായീകരിക്കും. അങ്ങനെ കോടതിയിൽ പോയി മറുവശത്തുകൂടെ ഉത്തരവ് വാങ്ങിക്കാനുള്ള ചില കുൽസിത ശ്രമങ്ങൾ പലരുടേയും അറിവോടുകൂടി നടക്കുന്നുണ്ട്. ഈ സഭയിൽ ഇത് പറഞ്ഞതിന്റെ കാര്യം—നാളെ ഇങ്ങനെ ഓർഡർ വരികയാണെങ്കിൽ ആരും അറിയാതെ പോയി എന്ന് വരരുത്. ഞാൻ ബന്ധപ്പെട്ട എല്ലാവരോടും ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള പരിപാടി നടക്കുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. തീർച്ചയായിട്ടും ആ പരിപാടി നടക്കാനായിട്ട് പ്രത്യേകിച്ച് പെരുമ്പാവൂർ എം. എൽ. എ. ഇവിടെ ഇരിപ്പുണ്ട്. നടക്കാൻ പോകുന്നില്ല ശ്രീ. സാജു പോൾ. ഇതാണ് ഞാൻ വോട്ടിന്റെ കാര്യം പറഞ്ഞത്. ഇതിനെതിരെ ഹൈക്കോടതി ഓർഡർ വന്നുകഴിഞ്ഞാൽ ഒരൊറ്റ റബ്ബർ മരമുള്ളയാളിന്റെയും ഒറ്റ വോട്ടുപോലും നിങ്ങൾക്ക് കിട്ടുകയില്ല. ഇതിന് പുറകിൽ നിൽക്കുന്നത് ഞങ്ങൾ അല്ല, ശ്രീ. സാജു പോൾ ആണ്. വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരു കാര്യം കാർഷിക മേഖലയിൽ വന്നിട്ടുണ്ട് എന്നുപറയുമ്പോൾ, അത് കാർഷികാദായ നികുതിയെക്കുറിച്ചുള്ള ചില സ്റ്റേറ്റുമെന്റുകളാണ്. അതിനുണ്ടായ പ്രധാന കാര്യം ഇന്ന് പല ആൾക്കാരും പറഞ്ഞു കർഷകരെ ദ്രോഹിച്ചു എന്ന്. അത് വായിച്ചു മനസ്സിലാക്കാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. വളരെ വ്യക്തമാണ്, ധനകാര്യമന്ത്രി യഥാർത്ഥത്തിൽ ചെയ്തിരിക്കുന്ന കാര്യം .....

<u>ശ്രീ. ജോണി നെല്ലൂർ:</u> അങ്ങ് പറഞ്ഞല്ലോ അത് വായിച്ച് മനസ്സിലാക്കത്തതു കൊണ്ടാണെന്ന്. അങ്ങുകൂടി ഗവേണിംഗ് ബോഡിയിലുള്ള, ഡയറക്ടർ ബോർഡിലുള്ള ദീപിക ദിനപ്പത്രം നികുതി നിർദ്ദേശത്തെ സംബന്ധിച്ച് എഴുതിയ എഡിറ്റോറിയലും ലേഖനവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മലയാള മനോരമ പോലെയുള്ള പത്രങ്ങൾ, അവരൊക്കെ ഇത് വായിക്കാതെയാണോ ഈ അഭിപ്രായങ്ങൾ എഴുതിയത് എന്നാണോ അങ്ങ് ഇപ്പോൾ പറയുന്നത്.

<u>ശ്രീ. ജോർജ് ജെ. മാത്യു:</u> ശ്രീ. ജോണി നെല്ലൂരിന്റെ അറിവിനുവേണ്ടി പറയുകയാണ്. ഞാനിപ്പോൾ അഞ്ചാറുമാസമായിട്ട് ദീപികയുടെ ഡയറക്ടറല്ല. അതുകൊണ്ടാണ് ഈ ഗതികേട് ദീപികയ്ക്കു പറ്റിയത്. ഞാൻ ഡയറക്ടർ ആണെങ്കിൽ ഒരിക്കലും അങ്ങനെ സംഭവിക്കില്ലായിരുന്നു. കാര്യം പറഞ്ഞുകൊടുത്തേനെ. സംഭവിച്ചതെന്തെന്നു വച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ, വേണ്ട രീതിയിൽ ആ കാര്യം വ്യക്തമായി അച്ചടിച്ച് വന്നിട്ടില്ല. ഉദ്യോഗസ്ഥൻമാർ വേണ്ടരീതിയിൽ, കോമ്പൗണ്ടിംഗ് ഉൾപ്പെടെ മറ്റ് കാര്യങ്ങളെല്ലാം നിലനിൽക്കും എന്നും, പുതുതായിട്ട് കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കാത്ത ആളുകൾക്കുള്ള നികുതി നിർദ്ദേശങ്ങളാണ് വരുന്നതെന്നും, അദ്ദേഹം വളരെ വ്യക്തമാക്കുകയായിരുന്നുവെങ്കിൽ, ഈ തെറ്റിദ്ധാരണ വരികയില്ലായിരുന്നു. യഥാർത്ഥം പറയുകയാണെങ്കിൽ രണ്ടുകോടി രൂപ സർക്കാരിന് നഷ്ടം വന്നിരിക്കുകയാണ്. കോമ്പൗണ്ടിംഗ് അല്ലാത്തവർക്ക് നികുതി നിർദ്ദേശങ്ങൾ കുറച്ചിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: ശ്രീ. ജോർജ് ജെ. മാത്യുവിന് ഒരേക്കറോ രണ്ടേക്കറോ ഉള്ള ചെറുകിട കൃഷിക്കാരന്റെ പ്രശ്നം വളരെ വലുതല്ല. ആയിരം ഏക്കർ റബ്ബർ തോട്ടവും അതിലേറെ ഏലത്തോട്ടവും വാനില കൃഷിയുമുള്ള ജോർജ് ജെ. മാത്യുവിന് പാവപ്പെട്ട ഒന്നോ രണ്ടോ ഏക്കർ മുമിയുള്ള കൃഷിക്കാരന്റെ വേദന മനസ്സിലാകില്ല.

ശ്രീ. ജോർജ് ജെ. മാത്യു: മുന്ന് ഹെക്ടർ വരെയുള്ളവർക്ക് നികുതിയില്ല. ആദ്യം അത് മനസ്സിലാക്കണം. 5 ഹെക്ടർ മുതൽ 500 ഹെക്ടർ വരെയുള്ളവർക്ക് കോമ്പൗണ്ട് ചെയ്യുകയും ചെയ്യാം. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് ശ്രീ. ശിവദാസമേനോനാണ് 500 ഹെക്ടർ വരെയുള്ളവർക്ക് കോമ്പൗണ്ട് ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുത്തത്. ശ്രീ. അച്ചുതാനന്ദൻ പറഞ്ഞു. ഒരേക്കറുകാരന്റെ കാര്യം മാത്രമേ നോക്കേണ്ടതുള്ളൂ. മറ്റുള്ളവരുടെ കാര്യം നോക്കേണ്ടെന്ന്. യഥാർത്ഥത്തിൽ പറഞ്ഞാൽ, ശ്രീ. ശിവദാസമേനോന്റെ കാലത്താണ് 500 ഹെക്ടർ വരെയുള്ളവർക്ക് കോമ്പൗണ്ട് ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുത്തത്. കാര്യങ്ങളൊക്കെ പരിശോധിച്ചു നോക്കുമ്പോൾ മനസ്സിലാകും. ജോർജ് ഒരേക്കറുകാരനുവേണ്ടി മാത്രം പ്രസംഗിക്കരുത്. ജോർജിന് എത്ര ഏക്കറുണ്ട്. എനിക്കറിയാമല്ലോ എത്ര ഏക്കറുണ്ടെന്ന്. എന്റെ ആയിരം ഏക്കറിൽ 950 ഏക്കർ വേണമെങ്കിൽ ജോർജിന് വെറുതെ എഴുതിത്തരാം. റബ്ബർ തടിയുള്ളവരെല്ലാം വൻകിടക്കാരാണെന്ന് നിങ്ങൾ പറയരുത്. ഏതാനും ചില മില്ലുകാർക്കു വേണ്ടിയാണ് നിങ്ങൾ ഇങ്ങനെ പറയുന്നത്. ഇത് തെറ്റാണ്. ഒരു കാരണവശാലും ഇങ്ങനെ പറയരുത്.

ശ്രീ. സാജു പോൾ: റബ്ബർ തടി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആലോചിച്ചുള്ളതും 20 കോടി രൂപ ഗവൺമെന്റിന് നികുതി വരുമാനം ലഭിക്കുന്നതുമാണ്. മറ്റൊന്ന് ഇന്ന് പെരുമ്പാവൂരും സംസ്ഥാനത്തിന്റെ കണ്ണൂർ അടക്കമുള്ള മര വ്യവസായ യൂണിറ്റുകൾ നിലച്ചുപോയാൽ ഈ കൃഷിക്കാർക്ക് ഇത് വിൽക്കുന്നതിനുള്ള മാർഗ്ഗം ഉണ്ടാവുകയില്ല. പിന്നീട് കെട്ടവിലയ്ക്ക് കൊടുക്കേണ്ടിവരും എന്ന അഭിപ്രായം മാത്രമേ എനിക്കുള്ളൂ. എനിക്ക് റബ്ബറുണ്ട്. ഞാനൊരു റബ്ബർ കർഷകനാണ്.

ശ്രീ. ജോർജ് ജെ. മാത്യു: 500 രൂപ വിലയുള്ള റബ്ബർ തടി പുറത്തേക്ക് കൊണ്ടു പോയാൽ 800 രൂപ വിലയായി. കേരളത്തിൽ എത്ര ലക്ഷം റബ്ബർ തടികളുണ്ട്. അത്രയും ലക്ഷം റബ്ബർ തടിക്ക് ഇത്രയും വില കൊള്ളിക്കുകയാണെങ്കിൽ 20 കോടിയല്ല കിട്ടുന്നത്. ഇവിടുത്തെ പ്രശ്നം എന്നുപറയുന്നത് ചക്കാത്തിൽ കൃഷിക്കാരെ പറ്റിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നല്ല വില കൊടുക്കുമെങ്കിൽ സ്വാഭാവികമായും ഇവിടെയുള്ള തടി മില്ലുകൾക്ക് തടി കിട്ടും. അല്ലാതെ ഉദാരവൽക്കരണത്തിന്റെ ഈ കാലത്ത് മലേഷ്യയിൽ നിന്ന് തടിപോലും ഇറക്കുമതി ചെയ്യുകയാണ്. പാവപ്പെട്ട കേരളത്തിലെ കർഷകന്റെ തടി പെരുമ്പാവൂരിലുള്ള കുറെ മില്ലുകൾക്ക് വേണ്ടി പുറത്തുകൊണ്ടുപോകരുതെന്നാണ് നിങ്ങൾ പറയുന്നത്. തെറ്റായ നിലപാടാണ്, കൃഷിക്കാരനെ ബലിയാടാക്കിക്കൊണ്ട് ഈ കാര്യം നടത്താൻ നിർവ്വാഹമില്ല. ഞങ്ങൾക്ക് അതിനെതിരെ പ്രതികരിക്കാതിരിക്കാൻ തരമില്ല. അതുപോലെ ബഡ്ജറ്റിൽ പ്രധാനപ്പെട്ട ഒരു കാര്യം അവതരിപ്പിച്ചിരിക്കുന്നത് തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബില്ലാണ്. ഈ വർഷം അവതരിപ്പിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. പരിഷ്കൃത സമൂഹത്തിൽ തൊഴിലവസരങ്ങൾ എല്ലാവർക്കും ലഭിക്കത്തക്ക വിധത്തിൽ ഇങ്ങനെയുള്ള ബിൽ പാസ്സാക്കേണ്ടത് ആവശ്യമാണ്. എല്ലാ സമൂഹങ്ങളിലും അൺ എംപ്ലോയ്മെന്റ് വേജസ് കൊടുക്കുമ്പോൾതന്നെ ഒരാൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളത് ഏത് സർക്കാരിന്റേയും കടമയാണ്. തീർച്ചയായും അങ്ങനെയുള്ള കാര്യം ഏറ്റവും ശ്ലാഘനീയമായ കാര്യമാണ്. പാട്ടഭൂമിയെക്കുറിച്ച് ഇവിടെ പലർക്കും ആശയക്കുഴപ്പം ഉണ്ടായതായി ഞാൻ മനസ്സിലാക്കുന്നു. പല ആളുകളും പാട്ടഭൂമി കൊടുക്കുന്നത് ശരിയല്ല എന്നുപറഞ്ഞു. കൃഷിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ കൃഷിയുടെ ഭാവി എന്നുപറയുന്നത്. മുന്നോട്ട് ഹൈടെക് കൃഷി മാത്രമേ ഇവിടെ നിലനിൽക്കാൻ പോകുന്നുള്ളൂ. അതായത് ധാരാളം ക്യാപിറ്റൽ ഇറക്കിക്കൊണ്ടുള്ള കൃഷി സാധാരണഗതിയിൽ, കുറച്ച് ചാണകം ഇട്ട്, ചവറും വെച്ച് വെള്ളവും കോരിയൊഴിച്ചുള്ള കൃഷിയൊന്നും നിലനിൽക്കാൻ പോകുന്നില്ല. വലിയ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൃഷിക്ക് ആവശ്യമാണ്. ക്യാപിറ്റൽ ഇൻവെസ്റ്റുമെന്റുള്ള കൃഷിക്ക് സ്വാഭാവികമായിട്ടും ഇവിടെ ക്യാപിറ്റൽ കിട്ടുകയില്ല. ബാങ്കുകൾ കൃഷിക്ക് ഉദാരമായ വായ്പകൾ കൊടുക്കുന്നുണ്ട് എന്നു പറയും. നമ്മൾ വായ്പ എടുക്കാൻ ചെന്നാൽ 25,000 രൂപ കിട്ടണമെങ്കിൽ ചിലപ്പോൾ 9% പലിശയ്ക്ക് കിട്ടും. 25,000 രൂപയ്ക്ക് മുകളിൽ 12%, 13%, ചില അവസരങ്ങളിൽ 14% വരെ കൊടുക്കണം. എത്ര കൃഷിക്കാർക്കാണ് 14% കൊടുത്ത് രക്ഷപ്പെടാൻ സാധിക്കുന്നത്? ഒരു കൃഷിക്കാരനും 14% കൊടുത്ത് രക്ഷപ്പെടാൻ സാധിക്കില്ല. പക്ഷേ മറ്റ് രാജ്യങ്ങളിലെല്ലാം നടക്കുന്നത്, ഒരു ഹെക്ടർ സ്ഥലത്തുനിന്ന്, ഉദാഹരണത്തിന് ഇസ്രായേലിൽ ടൊമാറ്റോയാണ് വിളയിക്കുന്നതെങ്കിൽ, 180 ടൺ ടൊമാറ്റോ ഒരു ഹെക്ടർ സ്ഥലത്തു നിന്ന് വിളയിക്കാൻ കഴിയും. അങ്ങനെയുള്ള കൃഷി രീതിയാണ് അവർ അവലംബിക്കുന്നത്. നമുക്ക് പഴയരീതിയിലുള്ള കൃഷി രീതികളാണ്. അത് മാറണമെങ്കിൽ ഒരുപാട് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് വേണം. ഈ ക്യാപിറ്റൽ ഇൻവെസ്റ്റ് വേണമെങ്കിൽ പുറത്തുനിന്ന് ആൾ വരണം. ഇവിടെ ഭൂമി വെറുതെ കിടക്കുകയാണ്. ഭൂമി വെറുതെ ഇടുക എന്നത് ഏറ്റവും വലിയ കുറ്റമാണ്. ഭൂമി വെറുതെ ഇടാൻ പാടില്ല. അതിന് എല്ലാത്തരത്തിലും നിയമം ഉണ്ടാക്കണമെന്ന് ഞാൻ പറഞ്ഞില്ല. വിദേശികൾ ഇവിടെ വരുന്നത് മതിയായി എന്നു പറയുന്നില്ല. തീർച്ചയായും മാറ്റങ്ങൾ ഉണ്ടായില്ലെങ്കിൽ കേരളത്തിലെ കാർഷിക രംഗത്ത് ഒരിക്കലും അഭിവൃദ്ധി ഉണ്ടാക്കാൻ സാധിക്കില്ല. ഏതാണ്ട് 4 കോടി രൂപ ഇന്ന് പുതിയ രീതിയിലുള്ള കൃഷിക്കായുള്ള ലബോറട്ടറികൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ആഗ്രോവിഷൻ ജില്ലാ സഹായ സംവിധാനത്തിന്റെ ഭാഗമായിട്ടാണ് ഈ ലബോറട്ടറികൾ വരാൻപോകുന്നത് എന്നു പറയുന്നു. പക്ഷേ ഈ ലബോറട്ടറികൾ എങ്ങനെ പ്രവർത്തിക്കണം, എന്താണ് കൃഷിക്ക് വേണ്ടത് എന്നൊക്കെ കൃഷിയുമായി ബന്ധപ്പെട്ട ആരൊടെങ്കിലും സംസാരിച്ചാൽ തരക്കേടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ലബോറട്ടറികൾ ഉണ്ടാകും. അതിന് ടെക്നീഷ്യൻമാർ വരും, അവർ വെറുതെ കുത്തിയിരിക്കും. യാതൊരു കാര്യവും ചെയ്യുകയില്ല. ആദ്യമായി കൃഷിക്ക് വേണ്ടത് മറ്റ് രാജ്യങ്ങളിലുള്ളതുപോലെ വളപ്രയോഗം എങ്ങനെ വേണം എന്ന് ചിന്തിക്കുകയാണ്. പല ആളുകൾക്കും വളം എന്നു പറയുമ്പോൾ എഫ്. എ. സി. ടി.-ൽ നിന്ന് കുറെ വളം, എൻ. പി. കെ. വാരിയിട്ടാൽ ശരിയാകും എന്നാണ് വിചാരം. ഒരിക്കലും ശരിയല്ല. നമ്മുടെ ഭക്ഷണ സാധനങ്ങളിൽ കുറച്ച് ഉപ്പു കൂടിയാൽ കൊള്ളില്ല, കുറച്ച് എരിവ് കൂടിയാൽ കൊള്ളില്ല, പുളി കൂടിപ്പോയാൽ കൊള്ളില്ല. അതുപോലെ തന്നെയാണ് എൻ. പി. കെ. അനുപാതവും. മണ്ണ് മാത്രം ടെസ്റ്റ് ചെയ്താൽ ചെടിക്ക് എന്ത് ആവശ്യമുണ്ടെന്ന് പറയാൻ പറ്റില്ല. ഈ മണ്ണിൽ എന്തൊക്കെയുണ്ടെന്ന് മനസ്സിലാകില്ല. ഒരു ചെടിയുടെ ഇലകൾ കൂടി പരിശോധിച്ചു കഴിഞ്ഞാൽ ചെടിക്ക് എന്താണ് അവയിലബിൾ എന്ന് മനസ്സിലാക്കാം. അങ്ങനെ ചെടിക്ക് ആവശ്യമായിട്ടുള്ളത് മാത്രമേ കൊടുക്കാൻ പാടുള്ളൂ. അല്ലെങ്കിൽ ആ ചെടിക്ക് ഒരിക്കലും അകത്തേക്ക് എടുക്കാൻ സാധിക്കില്ല. അങ്ങനെയുള്ള ലബോറട്ടറികൾ വേണം. മുമ്പ് ഞാൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു, നമുക്ക് ആധുനിക ലബോറട്ടറികൾ വേണമെന്ന്. പക്ഷെ ലബോറട്ടറികൾ ഉണ്ടാകും, കുറെ ടെക്നീഷ്യൻമാർ വരും, അവർക്ക് എന്തു ചെയ്യണമെന്ന് അറിയില്ല. അങ്ങനെയുള്ള ഗതികേടാണ് വരാൻ പോകുന്നത്. ആ ഗതികേട് വരാതെ അതുമായി ബന്ധപ്പെട്ട, അറിയാവുന്ന ആളുകളോട് ചോദിച്ചിട്ട് വേണം ഇങ്ങനെയുള്ള ലബോറട്ടറികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ. കൃഷിക്കാർക്ക് മറ്റു രാജ്യങ്ങളിലുള്ളതുപോലെ ആധുനികമായ കാര്യങ്ങൾ, കാർഷിക യൂണിവേഴ്സിറ്റിയിൽ എന്തെങ്കിലും പരിഷ്കാരം വന്നു കഴിഞ്ഞാൽ ആ പരിഷ്കാരം ഇന്നതാണെന്ന് അവരെ അറിയിക്കേണ്ട സംവിധാനം ഉണ്ടായാൽ മാത്രമേ അവർക്ക് പ്രയോജനം ഉണ്ടാവുകയുള്ളൂ. അല്ലെങ്കിൽ ഈ ആളുകൾക്ക് അതിന്റെ പുറകെ നടക്കാൻ ബുദ്ധിമുട്ടാകും. ഞാൻ ദീർഘിപ്പിക്കുന്നില്ല. രണ്ട് കാര്യങ്ങൾ മാത്രമേയുള്ളൂ. ഒന്ന് നമ്മുടെ റോഡുകളുടെ കാര്യമാണ്. റോഡുകൾക്കു വേണ്ടി അലോട്ട് ചെയ്തിരിക്കുന്ന 200 കോടി രൂപ നമ്മുടെ പൊതുവായ കെ.എസ്.ടി.പി. റോഡുകൾക്ക് കൊടുത്തിട്ടുണ്ട്. അത് കഴിഞ്ഞ് ബാക്കിയുള്ള റോഡുകൾക്ക് 39 കോടി രൂപയേ ഉള്ളൂ. ആ 39 കോടി രൂപകൊണ്ട് എന്തുചെയ്യാനാണ്? ഈ സംസ്ഥാനത്ത് എല്ലാവർക്കും വേണ്ടതാണ് റോഡുകൾ. 150 കോടി രൂപ ഉണ്ടെങ്കിൽ കേരളത്തിലെ റോഡുകൾ ഭംഗിയാകും. ഇങ്ങനെയുള്ള കാര്യങ്ങൾ കണക്കിലെടുത്ത്, ധനകാര്യമന്ത്രി നല്ല കാര്യങ്ങൾ ചെയ്യണം. അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരുടെ അടുത്ത് പറയണം, എഴുതുന്ന ആൾക്കാർക്ക് വിവരം ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള കാര്യങ്ങൾ എഴുതി വയ്ക്കുന്നത്. യഥാർത്ഥത്തിൽ അതു ശരിയായിട്ടു വായിക്കുകയാണെങ്കിൽ യാതൊരു കുഴപ്പവും ഇല്ല. പക്ഷെ അതേപ്പറ്റിയുള്ള പത്രക്കുറിപ്പുവരെ ഇറക്കേണ്ട ഗതികേടുണ്ടായി. ഈ കാര്യങ്ങൾ പരിഗണിച്ച് മുന്നോട്ട് ഭംഗിയായി കാര്യങ്ങൾ നടത്തണം. ഞാൻ ഈ ബഡ്ജറ്റ് പ്രൊപ്പോസലിനെ പിന്താങ്ങുന്നു.

<u>ശ്രീ. ബിനോയ് വിശ്വം:</u> സർ, ഈ ബഡ്ജറ്റിനെപ്പറ്റി ആർക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടായിരുന്നുവെങ്കിൽ ആ സംശയങ്ങൾ മുഴുവൻ മാറിപ്പോകുമാറ് തൊട്ടുമുമ്പ് ശ്രീ. ജോർജ് ജെ. മാത്യു സംസാരിച്ചു. വളരെ, ഇന്നസെന്റായിട്ട് ധനകാര്യമന്ത്രി പറഞ്ഞു, 50,000 പേർക്ക് പണി കിട്ടാൻ വേണ്ടി 5,000 വനിതാ സ്വയം സഹായ സഹകരണസംഘങ്ങൾ ഉപയോഗപ്പെടുത്തുമെന്ന്. പാട്ട കൃഷി ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി ഒരു പ്രത്യേക നിയമത്തെപ്പറ്റി ഇതിൽ പറയുന്നുണ്ടായിരുന്നു. പക്ഷെ ഈ

LIBRARY ARCHIVES Kerala Legislative Assembly

വനിതാ സഹായസംഘങ്ങളും 50,000 തൊഴിലവസരങ്ങളും എല്ലാം എന്തിനു വേണ്ടിയാണെന്ന് ഇവിടെ ശ്രീ. ജോർജ് ജെ. മാത്യു പറഞ്ഞു; അദ്ദേഹം പറഞ്ഞു: "ചെറിയ ഏർപ്പാടൊന്നും പാടില്ല, ഒരു പാട് പണം വേണ്ടി വരും, വിദേശ പണം വേണ്ടി വരും, നിക്ഷേപകർ ഏറെ വേണ്ടി വരും" എന്നൊക്കെ പാട്ട കൃഷിയുടെ മറവിൽ ഇവിടെ കരാർ കൃഷി വരാൻ പോകുകയാണ്. അതിന്റെ മറവിൽ ഇവിടെ കോർപ്പറേറ്റ് മേഖല കടന്നുവന്നുകൊണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ കൈകടത്താൻ പോകുകയാണ്. കേരളത്തിലെ ഏറ്റവും വലിയ നേട്ടമായ ഭൂപരിഷ്കരണ നിയമങ്ങളെയെല്ലാം അട്ടിമറിക്കാനുള്ള നിഗൂഢമായ നീക്കത്തിന്റെ ഒരു ഒളിയമ്പ് ഇതിനകത്തുണ്ട്. ഈ ബഡ്ജറ്റ് ശരിക്കു പറഞ്ഞാൽ യു. ഡി. എഫ്. ഗവൺമെന്റിന്റെ വഞ്ചനയുടെയും കർഷക ദ്രോഹത്തിന്റേയും എല്ലാം ഒന്നാന്തരം സാക്ഷ്യപത്രമാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ തൊട്ടപ്പുറത്ത് തെരഞ്ഞെടുപ്പ് കാത്തിരിക്കുമ്പോൾ ജനങ്ങളെ പോയി കാണാൻ ഏതാനും ആഴ്ചകൾ മാത്രം ബാക്കിയുള്ളപ്പോൾ അവശ്യം വേണ്ടിടത്തോളമുള്ള ഒട്ടേറെ പൊടിക്കൈകൾ നാട്ടുകാരുടെയെല്ലാം കണ്ണിൽ പൊടിയിടാൻ വേണ്ടി ഇതിനകത്ത് ഇഷ്ടംപോലെ വാരിക്കോരി നിറയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനഭാഗത്ത് നോക്കിയാൽ കാണാം മംഗല്യ, കാരുണ്യ തുടങ്ങിയ എന്തെല്ലാം വാഗ്ദാനങ്ങൾ, വാഗ്ദാനങ്ങളുടെ നീണ്ട നീണ്ട ലിസ്റ്റുകൾ. പക്ഷേ ഈ പെരുമഴയെല്ലാം തെരഞ്ഞെടുപ്പു കഴിയുന്നതുവരേയെ കാണൂ. പാലം കടക്കുവോളം 'നാരായണാ' പാലം കടന്നാൽ പിന്നെ യു. ഡി. എഫ്.-ന് 'കൂരായണാ' എന്നുപറയാൻ യാതൊരു മടിയുമില്ല. ഇതേ മന്ത്രിയല്ലേ കഴിഞ്ഞ ബഡ്ജറ്റിൽ ഇവിടെ പറഞ്ഞത്, കാർഷിക വില സ്ഥിരതാ ഫണ്ട്, കയറ്റുമതി മേഖലാ രൂപീകരണം, ജൈവ ഔഷധ താഴ്വര, കാർഷിക വായ്പയ്ക്ക് വിവരം നൽകാൻവേണ്ടി വെർച്വൽ യൂണിവേഴ്സിറ്റി കിൻഫ്രായ്ക്ക് 113 കോടി രൂപ. കെ. എസ്. ഐ. ഡി. സി.-ക്ക് 25 കോടി രൂപ. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണ നടപടിക്ക് 500 കോടി രൂപ, കയർ, കൈത്തറി, കശുവണ്ടി മേഖലയ്ക്ക് സഹായ വാഗ്ദാനങ്ങൾ, പൊതുവിപണിയിലെ കടം വീട്ടാൻ വേണ്ടി സിങ്കിംഗ് ഫണ്ട്. വികസന പദ്ധതികൾക്കുവേണ്ടി മാറ്റി വച്ചത് 453.21 കോടി രൂപ. പട്ടിക വർഗ്ഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ഇതിന്റെയെല്ലാം മുകളിലായിരുന്നു ഒരു കപ്പു പാലും ഒരു ഷേക്ക് ഹാൻഡും. ഇതെല്ലാം കേട്ടു ഈ സഭ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ സംസാരിക്കുമ്പോൾ പറയണം ഇതെല്ലാം എവിടെപ്പോയി എന്ന്. നിങ്ങൾ ഈ പറഞ്ഞ വാഗ്ദാനങ്ങൾ എവിടെപ്പോയി? ഈ വാഗ്ദാനങ്ങളെല്ലാം നാട്ടുകാരെ കബളിപ്പിക്കുന്നതിനുമാത്രം എഴുതിവയ്ക്കുന്നു. ഈ തട്ടിപ്പിന്റെ പേരിൽ യു. ഡി. എഫ്.-നെ അംഗീകരിക്കണമെന്നാണെങ്കിൽ ഈ രാജ്യം അംഗീകരിക്കാൻ പോകുന്നില്ല. ഈ സഭയ്ക്ക് അതിനോട് യോജിക്കാൻ പ്രയാസമാണ്. ജനങ്ങളേയും നാട്ടുകാരേയും സഭയേയും അവഹേളിക്കാൻ വേണ്ടി മാത്രമുള്ള ഈ ബഡ്ജറ്റിനെപ്പറ്റി ഒരു പക്ഷേ ശ്രീ. ആര്യാടനും കൂട്ടർക്കും മാത്രം നല്ലത് പറയാൻ പറ്റുമായിരിക്കാം. "എന്തു രസമാണീ ബഡ്ജറ്റ്" എന്ന്! പക്ഷേ ശ്രീ. ആര്യാടൻ ഇങ്ങനെ പറഞ്ഞ കണക്കുകൾ, കണക്കിൻമീതേ കണക്കുകളെല്ലാം വന്നപ്പോൾ ആർക്കും തോന്നിപ്പോകും. ഈ ബഡ്ജറ്റ് എന്തോ ഗംഭീര മറിമായം ഉണ്ടാക്കാൻ പോകുന്നു എന്ന്. ഈ ബഡ്ജറ്റിൽ കേരളത്തിന്റെ വികസനത്തെപ്പറ്റിയുള്ള യാതൊരു കാഴ്ചപ്പാടും ഇല്ല. ഇത് അടിസ്ഥാനരംഗത്ത് കേരളത്തെ പൂർണ്ണമായിട്ടും അവഹേളിക്കുന്നു. കാർഷിക മേഖലയെ ഗവൺമെന്റ് അവഹേളിക്കുകയാണ്. വ്യവസായ മേഖലയെ അവഹേളിക്കുകയാണ്. ഊന്നൽ മുഴുവൻ നോക്കിയാൽ കാണാൻ കഴിയും, എം. ജി. പി.-ക്ക് 600 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ. ഐ. ടി.-ക്ക് 93.73 കോടി രൂപ. 700 കോടി രൂപയോളം ഇതിനുവേണ്ടി മാത്രം മാറ്റി വയ്ക്കുന്നു. ഈ ഗവൺമെന്റ് കാർഷികമേഖലയ്ക്ക്, വ്യവസായ മേഖലയ്ക്ക്, തോട്ടം മേഖലയ്ക്ക്, ഭക്ഷ്യ മേഖലയ്ക്ക് മാറ്റി വച്ചിരിക്കുന്നത് എത്രയാണ്? അവിടെയെല്ലാം മാറ്റി വച്ച പണം ദയനീയമാണ്. അടിസ്ഥാന സൗകര്യത്തിന്റെയെല്ലാം വികസനത്തെപ്പറ്റി എപ്പോഴും പറയുന്ന മന്ത്രി ശ്രീ. എം. കെ. മുനീറും അങ്ങും മുഖ്യമന്ത്രിയും എല്ലാം ഈ ബഡ്ജറ്റിൽ റോഡിനുവേണ്ടി മാറ്റിവയ്ക്കുന്നത് 33 കോടി രൂപയാണ്. ഈ ഗവൺമെന്റ് കേരളത്തിന്റെ വളർച്ചയെപ്പറ്റിയുള്ള എല്ലാ സങ്കൽപ്പങ്ങളെയും തലകീഴായി കെട്ടിത്തൂക്കിക്കൊണ്ട് നാട്ടുകാരോട് കാണിക്കുന്ന വഞ്ചനയ്ക്ക് തീർച്ചയായിട്ടും ഉത്തരം പറഞ്ഞേ മതിയാകൂ. കെ. പി. സി. സി.-യുടെ ഇപ്പോഴത്തെ പ്രസിഡന്റ് പറയുകയാണ് ഈ ബഡ്ജറ്റ് ഒരു ഗ്രൂപ്പ് ബഡ്ജറ്റാണെന്ന്. ഞങ്ങൾ പറയുകയല്ല. ഈ നിമിഷം വരെയും കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി (ഐ)-യുടെ പ്രസിഡന്റായ മാന്യദേഹം പറയുകയാണ്. കുറ്റിപ്പുറം നമുക്ക് മാറ്റിവയ്ക്കാം. മൂന്നാറിന്, നിലമ്പൂരിന്, വെള്ളറടയ്ക്ക്, കഴക്കൂട്ടത്തിന്, കോട്ടയത്തിന്, ചമ്രവട്ടത്തിന് എന്നുവേണ്ട ആരെല്ലാമാണോ ധനകാര്യ മന്ത്രിക്ക് വേണ്ടപ്പെട്ട ഗ്രൂപ്പിലുള്ളത് അവർക്കെല്ലാം വാരിക്കോരി കൊടുത്തിരിക്കുന്നു. പ്രതിപക്ഷത്തെ മാത്രമല്ല, സ്വന്തം പാർട്ടിയിലെ മറ്റു ഗ്രൂപ്പിനെപ്പോലും അവഗണിക്കുക എന്നുള്ളത് മുഖമുദ്രയാക്കിയ ബഡ്ജറ്റ് എങ്ങനെയാണ് വികസനം ഉണ്ടാക്കുന്നത്? കഴിഞ്ഞ കൊല്ലം ഇവിടെത്തന്നെ പറയുകയുണ്ടായി. 2003-04 വികസന വർഷമായിരിക്കും, യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ പൂർത്തിയാക്കും എന്ന്. ഇത് അങ്ങയുടെ വാഗ്ദാനമാണ്. പ്രഖ്യാപനമാണ് പക്ഷേ ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇവിടെ യുദ്ധങ്ങൾ എല്ലാം അടക്കി വാഴുകയായിരുന്നു. ഗ്രൂപ്പുയുദ്ധം, ആഭ്യന്തരയുദ്ധം, യു. ഡി. എഫ്. യുദ്ധം. ആ യുദ്ധങ്ങളെല്ലാം അടക്കി വാണപ്പോൾ വികസനം മാത്രം ഇവിടെ ചോദ്യചിഹ്നമായി മാറിയ കാര്യവും നമ്മളെല്ലാം കണ്ടു. ഇവിടെ എല്ലാ പദ്ധതികളും കടലാസിൽ ഒതുങ്ങി, വികസനം വഴിമുട്ടി നിന്നു. ആ വഴി തുറക്കാനുള്ള യാതൊരു മാർഗ്ഗവും ഈ ബഡ്ജറ്റിനകത്തില്ല. ഈ ബഡ്ജറ്റിനകത്ത് ആകപ്പാടെയുള്ളത് ഒരു പ്രതീക്ഷയാണ്. 12-ാം ധനകാര്യ കമ്മീഷൻ മെച്ചപ്പെട്ട പണം നമുക്ക് തരും എന്ന ഒരു പ്രതീക്ഷ. രണ്ടാമത്തെ വാഗ്ദാനം എന്താണ്? എ. ഡി. ബി. തമ്പുരാൻ നമ്മളെ കനിയും. ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചോദിച്ചു നിങ്ങൾ എന്തുകൊണ്ട് എ. ഡി. ബി.-യെപ്പറ്റി മിണ്ടിയില്ല എന്ന്. വേറൊന്നും പറയണ്ടേ? എ. ഡി. ബി. വായ്പയെ ആശ്രയിക്കുന്ന, 12-ാം ധനകാര്യ കമ്മീഷനെ പ്രതീക്ഷയോടെ നോക്കുന്ന ആ ധനകാര്യകമ്മീഷന്റെ റിപ്പോർട്ട് വരും. വരാതിരിക്കില്ല. അത് വരുമ്പോൾ നമുക്കൊരുപാട് പണം വാരിക്കോരി തരും. കിട്ടാതിരിക്കില്ല. ഈ പ്രതീക്ഷയെമാത്രം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ബഡ്ജറ്റ് മുന്നോട്ടു പോയാൽ തീർച്ചയായിട്ടും ഈ ഗവൺമെന്റിന്റെ പ്ലാനിംഗിനെയെല്ലാം, തന്ത്രങ്ങളെയെല്ലാം മാറ്റി പദ്ധതി വെട്ടിച്ചുരുക്കേണ്ടി വരും. ഈ ഗവൺമെന്റിന് വീണ്ടും അടുത്ത കൊല്ലം ഇതിലെ പല വാഗ്ദാനങ്ങളെയും എടുത്തിട്ട് അതിന്റെ വേരും തണ്ടും പൂവും കായും എല്ലാം കൂടി ഇടിച്ചു പിഴിഞ്ഞിട്ട് ഇപ്പോൾ കാണുന്നതുപോലെ അടുത്ത ബഡ്ജറ്റും തയ്യാറാക്കേണ്ടി വരും. വാഗ്ദാനങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കുകയാണ്. അതിന് ഭാഷ മാറ്റിപ്പറയുക, വാക്ക് മാറ്റിപ്പറയുക, ഒന്നും പാലിക്കാതിരിക്കുക. അങ്ങനെയുള്ള ഈ ബഡ്ജറ്റിന്റെ സമീപനത്തോട് ആർക്കാണ് യോജിക്കാൻ കഴിയുന്നത്? നമുക്കാർക്കും അതിനോട് യോജിക്കാൻ കഴിയില്ലല്ലോ. ഗവൺമെന്റിന്റെ പ്രതീക്ഷ എന്താണ്? ഗവൺമെന്റിന്റെ പ്രതീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

14,263.96 കോടി രൂപ റവന്യൂ വരുമാനമായിട്ട് കിട്ടാൻ പോകുന്നു എന്നാണ്. പക്ഷെ തൊട്ടുമുമ്പുള്ള കൊല്ലം 12,699 കോടി രൂപ പ്രതീക്ഷിച്ച സ്ഥാനത്ത് കിട്ടിയത് 12,551.25 കോടി ആണല്ലോ. 148.36 കോടി രൂപ മുൻവർഷം കമ്മിയുണ്ടായ ഗവൺമെന്റിന് ഈ വർഷം കിട്ടാൻ പോകുന്നത് തീർച്ചയായിട്ടും പ്രതീക്ഷിച്ചതിനേക്കാൾ താണ സംഖ്യയായിരിക്കും. അപ്പോൾ ഈ താണ സംഖ്യയെ മാത്രം അടിസ്ഥാനപ്പെടുത്തി എ. ഡി. ബി.-യേയും കാത്തിരുന്നാൽ, അല്ലെങ്കിൽ 12-ാം കമ്മീഷനെ കാത്തിരുന്നാൽ, എവിടെയെങ്കിലും പാളിച്ച പറ്റി പോയാൽ എന്താണ് കേരളത്തിലെ സ്ഥിതി എന്ന കാര്യത്തെപ്പറ്റി ഒരുവാക്ക് പറയണം. 50,000 പേർക്ക് പണി, 5,000 പേർക്ക് പണി എന്നൊക്കെ തരാതരം അനുസരിച്ച് പറയുമ്പോൾ ഞാൻ ചോദിക്കട്ടെ, നിങ്ങൾക്കറിയാമോ നരേന്ദ്രൻ കമ്മീഷനെപ്പറ്റി. 18,000 പേർക്ക് ലഭിക്കേണ്ട പണി, കിട്ടാൻ വേണ്ടി ശുപാർശ ചെയ്ത് നടപ്പിലാക്കും എന്ന് ആണയിട്ട് പറഞ്ഞിട്ട് ആ റിപ്പോർട്ട് എവിടെപ്പോയി? ആ റിപ്പോർട്ടിനെ യു. ഡി. എഫ്. അലമാരയിൽ വച്ച് ഭംഗിയായി പൂട്ടിയിരിക്കുകയാണ്. മുസ്ലിംലീഗാണെങ്കിൽ സമരം ചെയ്യുന്നു. ആ ശുപാർശ നടപ്പിലാക്കിയാൽ 7300-ൽപരം മുസ്ലീങ്ങൾക്ക് പണി ലഭിക്കുംപോലും! ആ തൊഴിലവസരം അടക്കം 18,356 പേർക്ക് പണി ലഭിക്കാനുള്ള നരേന്ദ്രൻ കമ്മീഷൻ ശുപാർശ നടപ്പിലാക്കാൻ മനസ്സുണ്ടോ എന്ന കാര്യമെങ്കിലും ഇവിടെ പറയണം. ഏതായാലും വോട്ടു ചോദിക്കാൻ പോകുകയാണല്ലോ. അതുകൊണ്ട് വോട്ടുമാത്രം ലക്ഷ്യമാക്കിയ ഈ ഗവൺമെന്റ് മറുപടി പറയുമ്പോൾ നരേന്ദ്രൻ കമ്മീഷൻ ശുപാർശയെ മാനിക്കുമോ, അതോ കുഴിച്ചുമൂടുമോ എന്ന് മുസ്ലിംലീഗിന്റെ ആത്മശാന്തിക്കുവേണ്ടിയാണെങ്കിൽപ്പോലും ഒന്നു പറഞ്ഞാൽ കൊള്ളാം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, എ. ഡി. ബി. നിർദ്ദേശപ്രകാരവും ചൗധരി കമ്മീഷൻ റിപ്പോർട്ട് പ്രകാരവും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ തീരുമാനിച്ചു കഴിഞ്ഞാൽ റിസർവേഷൻ പിന്നോക്ക വിഭാഗക്കാർക്കോ മതന്യൂനപക്ഷക്കാർക്കോ ലഭിക്കയില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ബിനോയ് വിശ്വം: ഒരു അടിസ്ഥാന പ്രശ്നമാണ് ശ്രീ. എ. കെ. ബാലൻ പറഞ്ഞത്. സംവരണത്തിന്റെ ഭാവി എന്തായിരിക്കും? ഈ സഭയിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു കോൺഗ്രസ് (ഐ) അംഗം പറഞ്ഞു. സംവരണത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു എന്ന്. കൽപ്പാന്തകാലം വരെ സംവരണം പാടില്ല എന്ന്. കോൺഗ്രസ് (ഐ)-യുടെ ഒരംഗം രണ്ട് ദിവസം മുമ്പ് സഭയിൽ പറഞ്ഞ ആ നയം, അതാണോ യു. ഡി. എഫ്. നയം? നിങ്ങൾ സംവരണത്തെ അംഗീകരിക്കുമോ? അതോ സംവരണത്തെ തള്ളിപ്പറയുമോ എന്ന കാര്യം അറിയാൻ ഈ സഭയ്ക്ക് ആകാംക്ഷയുണ്ട്. അതുകൊണ്ട് മറുപടിയിൽ അങ്ങ് ഈ കാര്യം കൂടി പറയണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഡ്ജറ്റിനോടുള്ള എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. ഡെ. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജനുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.50-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly